
ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി



വണ്ടാഴി ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട് –1996

109-7

ഒമ്പതാം പദ്ധതി


ജനകീയ പദ്ധതി

വികസന റിപ്പോർട്ട്

വണ്ടാഴി ഗ്രാമപഞ്ചായത്ത്

1996

സമർപ്പണം



രാജ്യത്തിന്റെ സമ്പൂർണ്ണ വികസനം ലക്ഷ്യമിട്ട് ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ എട്ടുപഞ്ചവത്സര പദ്ധതികൾ പൂർത്തീകരിക്കുകയാണ്. ഇവയൊന്നും ലക്ഷ്യം കൈവരിച്ചില്ല. വികസനം ചില പ്രത്യേക മേഖലകളിൽ മാത്രം കേന്ദ്രീകരിച്ചതുമൂലം ഗ്രാമീണ ജനതയ്ക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര കിട്ടിയിട്ടില്ല. കേരളം വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണം തുടങ്ങിയ മേഖലകളിൽ ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും സമ്പത്തുൽപാദന മേഖലയിൽ ഈ നേട്ടം കൈവരിക്കാനായില്ല. പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത് ഉദ്യോഗസ്ഥതലങ്ങളിലായതുമൂലം വികസനം ജനങ്ങൾക്ക് അന്യമായി. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പദ്ധതികളായി ഇവ നടപ്പാക്കാൻ ശ്രമിച്ചത് മൂലം, പ്രാദേശികമായ ആവശ്യങ്ങളുമായി താദാത്മ്യം പ്രാപിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഭരണഘടനാപരമായ നടപടിക്രമങ്ങളുടെ കെട്ടുപാടുകൾ നിമിത്തം പല പദ്ധതികളും തുടക്കത്തിൽ അവസാനിപ്പിക്കേണ്ടതായും വന്നു. ചെറിയ പദ്ധതികൾക്കുപോലും വമ്പിച്ച സാമ്പത്തികബാദ്ധ്യത ഉണ്ടായി. അനാവശ്യമായുണ്ടാകുന്ന കാലദൈർഘ്യം മൂലം പദ്ധതികൾക്കൊണ്ടുള്ള ഗുണം ജനങ്ങൾക്ക് വേണ്ടസമയത്ത് ലഭ്യമായില്ല. ചെറിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ്, സ്വയം സമ്പൂർണ്ണ ഗ്രാമങ്ങൾ, ഗ്രാമസ്വരാജ് എന്നീ സ്വപ്നങ്ങൾ പൂവണിയാതെ പോയി. സ്വയം പര്യാപ്തമാകേണ്ട നമ്മുടെ ഗ്രാമങ്ങൾ അന്യസംസ്ഥാനങ്ങളേയും അന്യനാടുകളേയും ആശ്രയിക്കേണ്ടതായും വന്നു.

നമ്മുടെ സമ്പദ്ഘടനയാകെ തകർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നാടിന്റെ വികസന പരിപ്രേക്ഷ്യം ലക്ഷ്യംവെച്ച് നമ്മുടെ സംസ്ഥാന ഗവൺമെന്റും ആസൂത്രണ കമ്മീഷനും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി അംഗീകരിക്കുകയും ത്രിതല പഞ്ചായത്ത്രാജ് സംവിധാനങ്ങളിലൂടെ ജനപങ്കാളിത്തത്തോടെ ഗ്രാമസഭകളിൽ വെച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുകയാണല്ലോ. ഈ ജനമുന്നേറ്റത്തിലും, നാടിന്റെ വികസന പ്രക്രിയയിലും പൂർണ്ണമനസ്സോടെ പങ്കാളികളായ വണ്ടാഴി ഗ്രാമപഞ്ചായത്തിലെ പ്രബുദ്ധരായ ജനങ്ങൾക്ക് അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ട് ജനങ്ങൾ നിർദ്ദേശിച്ച വികസന രൂപരേഖ സവിനയം സമർപ്പിക്കുന്നു.

ജോസഫ്മാത്യു
പ്രസിഡന്റ്
വണ്ടാഴി ഗ്രാമപഞ്ചായത്ത്

വണ്ടാഴി ഗ്രാമപഞ്ചായത്ത് മാപ്പ്

കോർഗ്രൂപ്പ്

പ്രഥമ ദ്വിതീയ-തൃതീയ മേഖലകൾ

1. ശ്രീ. പ്രസാദ് മാത്യു (കൃഷി ഓഫീസർ)
2. ശ്രീ. വി.എൻ. ഗോപിനാഥൻ
3. ശ്രീമതി. വത്സലാ സഹദേവൻ
4. ശ്രീ. പി.സി. മണി
5. ശ്രീ. സി.ടി. ശിവൻപിള്ള.
6. ഡോ. ജെറിതോമസ് (വെറ്റിനറി സർജൻ)
7. ശ്രീ. ഗോപിനാഥൻ (ഫിഷറീസ് ഇൻസ്പെക്ടർ)
8. ശ്രീമതി. കാശുമണി
9. ശ്രീ. രാധാകൃഷ്ണമേനോൻ. വി.എൻ.
10. ശ്രീ. ചന്ദ്രൻ. സി.വി.
11. ശ്രീ. കേശവൻ മാസ്റ്റർ
12. ശ്രീമതി കുഞ്ഞമ്മ. പി.വി. (ഹെഡ്മിസ്ട്രസ്)
13. ഡോ. ടി.കെ. ശോഭ
14. ഡോ. ഇ.കെ. വനജം
15. ശ്രീ. എം.എസ്. സിദ്ധാർത്ഥൻ
16. ശ്രീ. എം. പ്രഭാകരൻ
17. ശ്രീ. വി.ആർ. ഉണ്ണി (മെമ്പർ)
18. ശ്രീ. കെ.വി. വേണുഗോപാൽ
19. ശ്രീ. കെ.കെ. മുകുന്ദൻ
20. ശ്രീ. വി. കണ്ണൻ
21. ശ്രീ. ശ്രീ. വി. രാമകൃഷ്ണൻ
22. ശ്രീ. മുരളീധരൻ പി. (എച്ച്.ഐ)
23. ശ്രീമതി. ടി.എം. മേരി (എൽ.എച്ച്.ഐ)
24. ശ്രീമതി. സുശീല എം.ആർ. (അംഗൻവാടി)
25. ശ്രീമതി. ജമീല (അംഗൻവാടി)
26. ശ്രീമതി. വത്സലാദേവി (ജെ.പി.എച്ച്.എൻ)
27. ശ്രീമതി. രമ ടി. "
28. ശ്രീമതി. ഇന്ദിര കെ. "
29. ശ്രീമതി. പി.എസ്. നളിനി "
30. ശ്രീമതി. എ. ലീലാമ്മ "
31. ശ്രീ. കെ. വിശ്വനാഥൻ (എൽ.എസ്.എ)
32. ശ്രീമതി. ടി.ജെ. ഫിലോമിന (എസ്.എൻ)
33. ശ്രീ. എൻ.കെ. ഗോപാലകൃഷ്ണൻ
34. ശ്രീ. ഗംഗാധരൻ മാസ്റ്റർ
35. ശ്രീ. കെ.ബി. വിജയൻ
36. ശ്രീ. കെ.കെ. ചാത്തേലൻ
37. ശ്രീ. അരവിന്ദാക്ഷൻ മാസ്റ്റർ
38. ശ്രീമതി. രമണീജോയി (മെമ്പർ)
39. ശ്രീ. പി.ജി. നാരായണൻ നായർ
40. ശ്രീമതി. കെ.കെ. ഗിരിജ
41. ശ്രീമതി. ഷീല
42. ശ്രീ. പി.എം. വർഗീസ് മാസ്റ്റർ
43. ശ്രീ. ഇ.യു. സുകേഷ്
44. ശ്രീമതി. അമ്മാളുക്കുട്ടി (മെമ്പർ)
45. ശ്രീ. മാണിക്യൻ മാസ്റ്റർ
46. ശ്രീമതി. ഓമനാ വാസുദേവൻ
47. ശ്രീമതി. രാജരാജേശ്വരി (മെമ്പർ)
48. ശ്രീമതി. ശ്രീദേവികൃഷ്ണൻ (ബ്ലോക്ക് മെമ്പർ)
49. ശ്രീമതി. മല്ലിക
50. ശ്രീ. കെ.ജി. രാധാകൃഷ്ണൻ
51. ശ്രീ. എ.കെ. സുന്ദരൻ (മെമ്പർ)
52. ശ്രീ. കുര്യൻതോമസ്
53. ശ്രീ. എൻ.കെ. മുകുന്ദൻ
54. ശ്രീ. മാണിക്യൻ (റിട്ട.)
55. ശ്രീ. വാസു. എം.ആർ. (വില്ലേജ് അസിസ്റ്റന്റ്)
56. സുമംഗലിമോഹൻ (ബ്ലോക്ക് മെമ്പർ)
57. ശ്രീ. സി.പി. ശിവരാമൻ (ബാങ്ക്)
58. ശ്രീ. സി.എം. അബ്ദുൾ ഖാദർ
59. ശ്രീ. വി. രാജൻ മാസ്റ്റർ
60. ശ്രീ. കെ.വി. രാമകൃഷ്ണൻ മാസ്റ്റർ
61. ശ്രീ. എം. ജോസഫ്മാത്യു (പ്രസിഡന്റ്)
62. ശ്രീ. ടി.സി. കേശവൻകുട്ടി (സ്റ്റാന്റിംഗ് കമ്മറ്റി)
63. ശ്രീ. എ. കണ്ണൻ (മെമ്പർ)
64. ശ്രീ. എം. മോഹനൻ (വൈസ് പ്രസിഡന്റ്)
65. ശ്രീ. പി.എച്ച്. ഹസ്സൻ (മെമ്പർ)
66. ശ്രീ. എം.സി. കൃഷ്ണൻ "
67. ശ്രീ. കെ. രാമചന്ദ്രൻനായർ
68. ശ്രീ. കെ. സുന്ദരൻ (എൽ.ആർ.പി)
69. ശ്രീ. ഉണ്ണികൃഷ്ണൻ "
70. ശ്രീ. വി. വിഷ്ണുദാസ് "

C.K. RAJENDRAN
(ALATHUR)
MEMBER
KERALA LEGISLATIVE ASSEMBLY
KARUMANASSERY
KIZHAKKENCHERY P.O.
PALAKKAD

PHONE :
VADAKKENCHERY - 255494
THIRUVANTHAPURAM - 443970/230

CAMP :.....
DATE :.....




ആശംസാ സന്ദേശം

ഭരണഘടനയുടെ 73-74 ഭേഗഗതികളിലൂടെ നിലവിൽ വന്ന പഞ്ചായത്തീരാജ് സംവിധാനം അതിന്റെ ഉദ്ദ്യേശലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തന പഥത്തിലാണല്ലോ. ജനാധിപത്യവ്യവസ്ഥയിൽ ഭരണസംവിധാനങ്ങളുടെ, ഭരണപരിഷ്ക്കാരങ്ങളുടെ ഗുണഫലം എത്തേണ്ട കൈകളിൽ എത്തണമെങ്കിൽ ആ വിഭാഗത്തിൽപ്പെട്ട അശരണരും പാവപ്പെട്ടവരുമായവരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. ഈ ലക്ഷ്യംവെച്ചുകൊണ്ട് 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കുന്നതിനും ആസൂത്രണ പ്രക്രിയയിൽ മുൻപ് പറഞ്ഞ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും തുടങ്ങിയിട്ടുള്ള പ്രവർത്തന പരിപാടി സമാപന ഘട്ടത്തിലേക്ക് കടക്കുകയാണല്ലോ. രാഷ്ട്രീയത്തിനും സങ്കുചിത ബോധങ്ങൾക്കും അതീതമായി വൻതോതിൽ ജനപങ്കാളത്തം തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന ഇതിന്റെ ഒരു ഘട്ടം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ ചർച്ചക്ക് വിധേയമാക്കാൻ ചേരുന്ന സെമിനാറിനും അതിനു തയ്യാറാക്കുന്ന ചരിത്രരേഖയ്ക്കും എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

സി.കെ. രാജേന്ദ്രൻ

പഞ്ചായത്ത് ഓഫീസ് കെട്ടിട ചിത്രം






സുമംഗലി മോഹൻ
ബ്ലോക്ക് മെമ്പർ



ശ്രീദേവി കൃഷ്ണൻ
ബ്ലോക്ക് മെമ്പർ

മുഖവുര

കെ. രാമചന്ദ്രൻനായർ
(DRP കൺവീനർ)



ഇന്ന് നമ്മുടെ നാട് വലിയൊരു പ്രതിസന്ധിയിൽ എത്തിനിൽക്കുന്നു. കാർഷികരംഗത്തെ മുരടിപ്പ്, വ്യവസായ രംഗത്തെ നിഷ്ക്രിയത്വം സേവനമേഖലയിലെ ഗുണനിലവാര ത്തകർച്ച- ഈ വെല്ലുവിളികളെ നേരിടാതെ നമുക്ക് മുന്നേറാൻ കഴിയില്ല. വികസനത്തെപ്പറ്റി നമ്മുടെ തെറ്റായ സങ്കൽപ്പവും സർക്കാറുകൾ അനുവദിച്ചുവന്ന വികലമായ നയവും മൂലം രാജ്യത്തിന്റെ നട്ടെല്ല് ഗ്രാമങ്ങളാണെന്നും ഗ്രാമങ്ങളുടെ വികസനമാണ് രാജ്യത്തിന്റെ പുരോഗതിക്ക് നിദാനം എന്നുമുള്ള മഹാത്മജിയുടെ കാഴ്ചപ്പാട് പിൻതള്ളപ്പെട്ടു. വികസനത്തെപ്പറ്റി അബദ്ധജടിലമായ സങ്കൽപ്പത്തിൽ ഭരണാധികാരികൾ ജനങ്ങളെക്കൊ ണ്ടെത്തിച്ചു. ഗ്രാമീണരുടെ പുരോഗതിയെന്നുള്ളത് റോഡുകളും പാടങ്ങളുമാണെന്ന ധാരണ പരത്തി. എന്നാൽ അതുപോലും ഫലപ്രാപ്തിയിലെത്തിക്കാനും കഴിഞ്ഞില്ല. ഇതിന്റെ എല്ലാ ദോഷഫലങ്ങളും നാമിന്ന് അനുഭവിക്കുകയാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവയ്ക്ക് ശാശ്വതമായ പരിഹാരം കാണാതെ ഒരടിപോലും നമുക്ക് മുന്നേറാൻ കഴിയില്ല. ഇവിടെയാണ് അധികാര വികേന്ദ്രീകരണത്തിന്റെ പ്രസക്തി.

രാജ്യത്തിന്റെ വികസനത്തിന്വേണ്ടി ചിലവഴിച്ച സമ്പത്ത് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപകരിച്ചില്ല. ജനസേവകരായി മാറേണ്ട ഭരണാധികാരികളും ഉദ്യോഗസ്ഥരും തങ്ങളുടെ കടമ മറന്നു. ഗ്രാമീണ പദ്ധതികൾ ഓരോന്നും അപ്രത്യക്ഷമായി. പലതും ലക്ഷ്യത്തിലെത്തിയതുമില്ല. ഭരണാധികാരികളുടേയും ബ്യൂറോക്രസിയുടേയും കരാളഹസ്തങ്ങളിൽ പദ്ധതികൾ വഴിമുട്ടി ജനാധിപത്യത്തിന്റെ പാവനതയ്ക്കുതന്നെ ഈ അവസ്ഥ ചോദ്യചിഹ്നമായി. നീണ്ട 40 വർഷങ്ങൾക്കുശേഷവും നാം ആവശ്യങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. സമ്പത്തെന്നത് കേവലം നാണയങ്ങളെല്ലെന്ന യഥാർത്ഥ്യവും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതായി വന്നിരിക്കുകയാണിന്ന്.

ഏകദേശം 40 ലക്ഷത്തോളം വരുന്ന അഭ്യസ്ഥവിദ്യരായ യുവതീ-യുവാക്കൾ തൊഴിലില്ലാതെ നട്ടംതിരിയുന്ന അവസ്ഥ നിസ്സാരമായി കണ്ടുകൂടാ. ഭാവിയുടെ വാഗ്ദാനങ്ങളായ അവരുടെ പ്രശ്നങ്ങൾക്ക് ഒരു ശാശ്വതപരിഹാരം തന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ കാർഷിക സമ്പത്ത് 3 കോടിയോളം വരുന്ന കേരളീയന് ആണ്ടിൽ ഒരുനേരത്തെ ആവശ്യത്തിനുപോലും തികയാത്ത ദുരവസ്ഥയിൽ കാർഷികമേഖല എത്തിനിൽക്കുന്നു. പരമ്പരാഗത വ്യവസായങ്ങളും മറ്റ് ചെറുകിട ഉൽപാദന മേഖലയും നിഷ്ക്രിയവും നിശ്ചലവുമായി. ജനങ്ങൾക്ക് ആവശ്യമുള്ളതെല്ലാം കടത്തിക്കൊണ്ടുവന്നു അനുഭവിക്കുന്ന ഒരു കമ്പോളമായി കേരളം മാറി. അതേ അവസരത്തിൽ നമ്മുടെ ഏറ്റവും വലിയ സമ്പത്തായ മാനവവിഭവശേഷി മറ്റുള്ള നാടുകളിലേക്ക് കയറ്റി അയക്കുകയും ചെയ്യുന്നു. നാട്ടിൽ നിന്ന് ശാരീരികമായി അദ്ധ്വാനിക്കുന്നത് ഒരു കുറച്ചിലാണെന്ന ബോധം വ്യാപകമായി. ജോലിയെന്നാൽ "വൈറ്റ്കോളർ ജോബ്" എന്ന ധാരണ ചെറുപ്പക്കാരിൽ വളർന്നുവന്നു. ഈ ബോധം അടിമുടി മാറ്റുകയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രാഥമികമായ കടമ. കൂടാതെ വൈദ്യുത രംഗത്തെ പ്രതിസന്ധി പണ്ടെങ്ങും ഇല്ലാത്ത രീതിയിൽ ഇന്ന് അങ്ങേയറ്റം മൂർച്ചിച്ചിരിക്കുന്നു. ഇത് നമ്മുടെ സമസ്ത മേഖലകളേയും തളർത്തിയിരിക്കുന്നു. അന്ധകാരപൂർണ്ണമായ കേരളീയന്റെ ജീവിതത്തിന് അൽപമെങ്കിലും വെളിച്ചം പകർന്നിരുന്നത് സേവന തുറകളായ വിദ്യാഭ്യാസ നിലവാരവും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ആയിരുന്നു. അതും ഇന്ന് ഗുണനിലവാര ത്തകർച്ച നേരിടുകയാണ്. നാം അനുഭവിക്കുന്ന ഇത്തരം പ്രശ്നങ്ങളെ അതിന്റെ ഗൗരവത്തിൽ കണ്ട് പരിഹാരം നേടിയാൽ മാത്രമേ സംസ്ഥാനം ഇന്നനുഭവിക്കുന്ന തകർച്ചയുടെ കടമ്പ തരണം ചെയ്ത മുന്നോട്ട് പോവാൻ കഴിയും. വളരെ വൈകിയാണെങ്കിലും സർക്കാരും സംസ്ഥാന പ്ലാനിംഗ് ബോർഡും ഈ വൈതരണികളെ തരണം ചെയ്ത് മുന്നോട്ട്പോകാൻ തയ്യാറായി എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ പ്രസക്തി.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പരിപാടികളെ അഞ്ച് ഘട്ടങ്ങളായാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഒന്നാം ഘട്ടം വികസന സെമിനാറുകൾക്ക് രൂപം നൽകുന്ന ഗ്രാമസഭകളുടേയും പഠനസംഘങ്ങളുടേയും പ്രവർത്തനമാണ്. പഞ്ചായത്തിന്റെ വികസന സെമിനാറാണ് രണ്ടാം ഘട്ടം. വികസന സെമിനാറുകൾ രൂപം നൽകുന്ന കർമ്മസേനയുടെ പ്രവർത്തനമാണ് മൂന്നാം ഘട്ടം. പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപം നൽകുന്ന പദ്ധതികളെ ബ്ലോക്കടിസ്ഥാനത്തിലും ബ്ലോക്കുകളിൽ രൂപപ്പെടുന്ന പദ്ധതികളെ ജില്ലാ അടിസ്ഥാനത്തിൽ സംയോജിപ്പിക്കുകയാണ് നാലാം ഘട്ടം. ഇപ്രകാരം രൂപം കൊള്ളുന്ന ജില്ലാ പദ്ധതികളെ സംസ്ഥാന സർക്കാരിന്റെ വകുപ്പുകളും വിദഗ്ധ സമിതികളുമായി സഹകരിപ്പിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് സംസ്ഥാനതലത്തിൽ രൂപം നൽകുന്ന നിർദ്ദേശങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട് ഒൻപതാം പദ്ധതിയുടെ കരട് രൂപപ്പെടുത്തുകയെന്നതാണ് അഞ്ചാമത്തെ ഘട്ടം.

ഇവിടെ ഈ ജനകീയ പ്രസ്ഥാനത്തെ ജനങ്ങൾ നോക്കിക്കണ്ടത് വളരെ സംശയത്തോടെയായിരുന്നു. ഇതിന്റെ പ്രാധാന്യത്തെപ്പറ്റി കൂടുതലായി ബോദ്ധ്യം വന്നപ്പോൾ ഗ്രാമസഭകളിൽ അത് പ്രതിഫലിച്ചു. തുടർന്നുള്ള പ്രവർത്തനങ്ങളിൽ ജനകീയാസൂത്രണം വിജയപ്രദമാക്കുന്നതിന് ജനങ്ങൾ വഹിച്ച പങ്ക് വലുതാണ്. അതുവരെയുണ്ടായിരുന്ന മാന്ദ്യം ഉദ്യോഗസ്ഥ തലങ്ങളിൽ നിന്ന് മാറി. ഈ പരിപാടി അവരുടെയും ഒരു പരിപാടിയാണെന്ന ബോധത്തിലേക്ക് അവർ എത്തുകയും അത് അനുസിരച്ച് പ്രവർത്തിക്കാൻ തുടങ്ങിയത് വലിയൊരു ആശ്വാസമായി. ദ്വിദീയ മേഖലയിലെ കണക്കുകൾ ശേഖരിക്കുന്നതിന് ഉദ്യോഗസ്ഥാനുദ്യോഗസ്ഥ മേഖലകളിൽ നിന്ന് കിട്ടിയ സഹകരണം ശ്രദ്ധേയമാണ്. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ വകുപ്പദ്ധ്യക്ഷൻമാരുടെ മേൽനോട്ടത്തിൽ വികസന പ്രശ്നങ്ങളാക്കി മാറ്റിത്തന്ന അവരുടെ സേവനങ്ങൾ വളരെ കൃതജ്ഞതയോടുകൂടി മാത്രമേ ഓർമ്മിക്കാൻ കഴിയൂ. വകുപ്പ് അദ്ധ്യക്ഷൻമാർ ക്രോഡീകരിച്ചുതന്ന വികസന പ്രശ്നങ്ങളെ വികസന സെമിനാറിൽ അവതരിപ്പിക്കുന്നതിനുവേണ്ടി ചിട്ടപ്പെടുത്തിത്തന്നവർ അനവധിയാണ്. രാവും പകലും കഷ്ടപ്പെട്ട് വികസന റിപ്പോർട്ടിന് രൂപവും ഭാവവും വളർത്തിയ എല്ലാവരേയും ഈ അവസരത്തിൽ നന്ദിപൂർവ്വം ഓർമ്മിക്കുന്നു.

കേരളം ദേശീയരംഗത്ത് പലതിലും മാതൃക കാട്ടിയ ഒരു സംസ്ഥാനമാണ്. കേരളീയർ പൊതുവേ പ്രബുദ്ധരും വിവേകശാലികളുമാണ്. കേരളത്തിലെ പഞ്ചായത്തുകളെ മറ്റുള്ള സംസ്ഥാനങ്ങളിലെ പഞ്ചായത്തുമായി തട്ടിച്ചുനോക്കുമ്പോൾ കഴിവിലും പ്രയോഗരീതിയിലും മുൻപന്തിയിലാണ് എന്നാൽ നമ്മുടെ പഞ്ചായത്തുകൾക്ക് ഇന്നേവരെ അധികാരമോ പണമോ ഉണ്ടായിരുന്നില്ല. ഗവൺമെന്റ് ചിലവാക്കിയതാകട്ടെ, ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയായിരുന്നില്ല. എന്നാൽ ഒൻപതാം പദ്ധതിയിൽ ഈ രീതിക്ക് മാറ്റം വന്നിരിക്കുന്നു. പഞ്ചായത്തിനെ നയിക്കുന്ന ജനകീയ സമിതികൾക്ക് അധികാരം നൽകിയിരിക്കുന്നു. ആ അധികാരം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ അവരുമായി ഒരുമിച്ച് നിന്ന് ഈ പഞ്ചായത്തിലെ ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാം.

□□□

വണ്ടാഴി ഗ്രാമപഞ്ചായത്ത്

ചരിത്രപശ്ചാത്തലം

അനന്തമായ ആകാശത്തോട് കുശലം പറഞ്ഞ് പ്രൗഢഗംഭീരമായി നിലകൊള്ളുന്ന സഹ്യപർവ്വതത്തിന്റെ ഒരു ഭാഗമായ തെൻമലയുടെ അരുമക്കിടാവാണ് സസ്യശ്യാമള കോമളമായ ഈ ഗ്രാമം. ചരിത്രമുറങ്ങുന്ന വീഴുമലയുടെ സാമീപ്യം കൊണ്ട് അനുഗ്രഹീതമാണ് ഇവിടം. 1916-ൽ ഒരു വെള്ളപ്പൊക്കം ഇവിടെ ഉണ്ടായി എന്നും, സർവ്വനാശം വിതച്ച ആ വെള്ളപ്പൊക്കത്തിൽ നിരവധി ആളുകൾ മരിച്ചിട്ടുണ്ടെന്നും ഇന്നും പഴമക്കാർ വേദനയോടെ ഓർമ്മിക്കുന്നു. മാനം കറുത്താൽ മഴ പെയ്തിരുന്ന ഈ പ്രദേശം പണ്ട് ജല സമൃദ്ധമായിരുന്നു. പണ്ട് ഈ പ്രദേശത്ത് മതാനുഷ്ഠാനത്തിന്റെ ഭാഗമായി വൻ "ആഴി" കൂട്ടി ത്രീക്കൂഴിച്ചാട്ടം അതിൽ കൂടി നടന്നിരുന്നു. പണ്ട് ഇങ്ങനെ ആഴിയിൽ കൂടി നടന്ന സ്ഥലമായതിനാൽ "വൻ ആഴി" ലോപിച്ച് "വണ്ടാഴി" ആയി എന്ന് ഒരുകൂട്ടർ പറയുമ്പോൾ, മറ്റൊരു കൂട്ടർ പണ്ട് ഈ പ്രദേശം "ആഴി" ആയിരുന്നു എന്നും (വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം) ആ വാക്ക് പരിഷ്കരിച്ച് "പണ്ട് ആഴി" എന്നത് "വണ്ടാഴി" ആയിഎന്നും പറയപ്പെടുന്നു. ഇതിന് തെളിവായി അടിസ്ഥാന രേഖകൾ ഒന്നും ലഭ്യമല്ല.

ഘോരവനങ്ങളും, മലനിരകളും കൂലംകുത്തിയൊഴുകുന്ന കാട്ടാറുകളും ഈ നാടിനെ, പ്രകൃതിയുടെ, ഒരു കളിത്തൊട്ടിലാക്കി. വെള്ളാട്ടിരി, കുഞ്ചാർപതി മലനിരകളെ രണ്ടായി പകുത്ത് മലമുകളിൽനിന്ന് ഉത്ഭവിച്ച് താഴോട്ട് ഒഴുകുന്ന ചെറുകുന്നം പുഴ ഈ ഗ്രാമത്തെ കിഴക്കഞ്ചേരിയിൽനിന്നും വേർതിരിക്കുന്നു. മലഞ്ചെരുവുകളും മലമടക്കുകളും കഴിഞ്ഞാൽ ഏകദേശം 15 കിമീ നീളത്തിൽ പരന്നുകിടക്കുന്ന ഒരു സമതല പ്രദേശമാകുന്നു. നെൽപ്പാടങ്ങളെക്കൊണ്ടും തെങ്ങിൻതോട്ടങ്ങളെക്കൊണ്ടും കവുങ്ങുംതോട്ടങ്ങളെക്കൊണ്ടും ഹരിതാഭമായിരുന്നു ഈ പ്രദേശം.

കാട്ടാന, കടുവ, പുലി, കരടി, കാട്ടുപോത്ത്, കടമാൻ. പന്നി, ഉഗ്രവിഷമുള്ള പാമ്പുകളും നിറഞ്ഞ ഈ ഘോരവനത്തിൽ ആദിവാസികൾ ഹിംസ്രജന്തുക്കളോട് പോരാടി വനവിഭവങ്ങളായ തേൻ, ചീനിക്ക, കുന്തിരിക്കം, മട്ടിപ്പാൽ, പത്തിരിപ്പൂവ്, ഒറ്റമൂലി സസ്യങ്ങൾ എന്നിവ ശേഖരിച്ച് വിറ്റ് ഉപജീവനം നടത്തിയിരുന്നു. ഇന്നും "കൊച്ചിക്കാടർ" എന്നറിയപ്പെടുന്ന അവരുടെ വംശം 'തളികക്കല്ല്' പ്രദേശത്ത് താമസിച്ചുവരുന്നു. തമിഴ് ഭാഷയോട് ബന്ധമുള്ള ഒരു ഭാഷയാണ് അവർ സംസാരിക്കുന്നത്. പഴയകാലത്ത് മൃഗങ്ങളെ വേട്ടയാടാൻവരുന്ന നായാട്ടുകാരുമായി ഇടപഴകാൻ അവർ വിസമ്മതിച്ചിരുന്നു. പ്രായേണ ആയുധ ധാരികളായ നായാട്ടുകാർ അവരെ ഭയപ്പെടുത്തി മൃഗവേട്ടക്ക് വനങ്ങളിലെ വഴി കാണിക്കുവാൻ ഉപയോഗപ്പെടുത്തി യിരുന്നു. സ്വന്തമായി ഭാഷയില്ലാത്തതുകൊണ്ടും എഴുത്തും വായനയും അറിയാത്തതുകൊണ്ടും നായാട്ടുകാർ പറഞ്ഞുകൊടുത്ത പേരുകളിലായിരുന്നു അവർ അറിയപ്പെടുന്നത്. പ്രത്യേകതരം ആചാരാനുഷ്ഠാദികൾ അവരിൽ നിലനിന്നിരുന്നു. പ്രത്യേക ആരാധനാകേന്ദ്രങ്ങൾ ഒന്നും ഇല്ലായിരുന്നില്ലെങ്കിലും "മലമുത്തൻ" എന്ന ദൈവത്തെ അവർ ആരാധിച്ചിരുന്നു. ഗർഭിണികളായ ആദിവാസി സ്ത്രീകളെ പ്രസവകാലത്ത് ഫർലോങ്ങുകൾ അകലെ മാറ്റി താമസിപ്പിച്ചിരുന്നു. സസ്യഭുക്കുകളായ അവർ നായാട്ടുകാരായിട്ടുള്ള ആളുകളുടെ വാസത്തിന്റെ ഫലമായി മിശ്രഭുക്കുകളായി.

മലകളുടേയും കൃഷിഭൂമികളുടേയും ഉടമകൾ പാലക്കാട് രാജവംശത്തിന്റെ തായ്വഴിയിൽപ്പെട്ട നെല്ലിക്കല്ലിടം രാജവംശമായിരുന്നു നൂറ്റാണ്ടുകൾക്ക് മുൻപ് വള്ളുവനാട് രാജാവിന്റെ പടത്തലവൻമാരായി പ്രവർത്തിച്ചിരുന്ന വെളുത്താക്കൽ വീട്ടുകാർ നാടുവാഴികൾ തമ്മിലുള്ള യുദ്ധസമയത്ത് നാടുവിടുകയും ധർമ്മദൈവമായി മണ്ണൂർ ഭഗവതിയേയും കുലദൈവമായ അയ്യപ്പനേയും ആവാഹിച്ചുകൊണ്ട് വരികയും മണ്ണൂർ ഭഗവതിയെ ചിറ്റടി എന്ന സ്ഥലത്ത് പ്രതിഷ്ഠിക്കുകയും നാലുകെട്ട് ഭവനവും പത്തായപ്പുരയും വണ്ടാഴിയിൽ നിർമ്മിച്ച് അയ്യപ്പനെ നാലുകെട്ടിൽ കുടിയിരുത്തുകയും ചെയ്തു എന്നാകുന്നു ഐതിഹ്യം. ഈ കുടുംബവും ജൻമി കുടുംബമായി മാറി.

നെല്ലിക്കൽഇടം ഈ കാലയളവിൽ കുറുമാലിക്കാവും ഒടുകൂർ ശിവൻകോവിലും പണികഴിപ്പിച്ചു. മുടപ്പല്ലൂർ കേന്ദ്രമായി ഇല്ലങ്ങൾ പണിത് താമസിച്ചിരുന്ന നമ്പൂതിരിമാർ തിരുത്തോട് ക്ഷേത്രവും മേത്താൻകോട് ശിവക്ഷേത്രവും പണികഴിപ്പിച്ചതായി പറയപ്പെടുന്നു.

മുടപ്പല്ലൂർ പ്രദേശത്തെ ഭൂമികൾ ഭൂരിപക്ഷവും നമ്പൂതിരി ബ്രാഹ്മണ കുടുംബങ്ങളുടെ ആയിരുന്നു എന്നാണ് പറയുന്നത്.

പാലക്കാട് രാജാവിന്റെ വിശ്വസ്ത മന്ത്രതന്ത്ര വിദഗ്ദനായിരുന്ന ചാത്തുനായർ എന്ന കാരക്കാട്ടച്ചൻ രാജാവുമായി തെറ്റിപ്പിരിഞ്ഞ് പാലായനം ചെയ്ത് മുടപ്പല്ലൂരിൽ എത്തി. അവിടെ പാതവക്കിൽ കണ്ട കുളത്തിൽ കുളിച്ചു. കുളത്തിന്റെ കരയിൽ വെച്ചിരുന്ന കുട എടുക്കാൻ ശ്രമിച്ചപ്പോൾ എടുക്കാൻ കിട്ടാതെ വരികയും ചെയ്തപ്പോൾ താനാവാഹിച്ചുവെച്ചിരുന്ന ഭഗവതി തന്നോടൊപ്പം വന്നതായി

മനസ്സിലാക്കി അവിടെയുള്ള ദേശക്കാരെ വിളിച്ചുകൂട്ടി അവിടെ ദേവിയെ കുടിയിരുത്തി. അവിടെയുണ്ടായിരുന്ന നമ്പൂതിരി കുടുംബം ദേശക്കാരുമായി ആലോചിച്ച് ഇന്നുള്ള അഴിക്കുളങ്ങര ഭഗവതി ക്ഷേത്രം നിർമ്മിച്ചു എന്നാകുന്നു ഐതിഹ്യം.

നാടുവാഴികൾ തുണിവ്യാപാരത്തിനും എണ്ണ വ്യാപാരത്തിനും വേണ്ടി തമിഴ് കച്ചവടക്കാരെ ക്ഷണിച്ചുവരുത്തി താമസിപ്പിച്ചു. നമ്മുടെ പ്രദേശത്തെ കാർഷികസമ്പത്തിൽ ആകർഷരായ അവർ കുടുംബസമേതം കുടിയേറിപ്പാർത്തു എന്നും ഇവിടെ ഭൂമിയും മറ്റും സമ്പാദിച്ച് ജീവിച്ചുപോന്നതായും പറയപ്പെടുന്നു. ഇന്നത്തെ വെള്ളാളംപിള്ളമാർ, ചെട്ടിയാർമാർ എന്നീ സമുദായക്കാർ ഈ വിഭാഗത്തിന്റെ പിൻഗാമിക്കാരാകുന്നു. കുടിയേറ്റക്കാരായി വന്ന ഈ ജനവിഭാഗക്കാർക്ക് സന്താനഭാഗ്യം കുറഞ്ഞതിനാൽ ദൈവകോപം ഒഴിവാക്കാൻ വേണ്ടി അവരുടെ കുലദൈവമായിരുന്ന മാരിയമ്മയെ സ്വന്തം നാട്ടിൽ നിന്ന് ആവാഹിച്ച് കൊണ്ടുവന്ന് കിഴക്കേത്തറയിൽ കുടിയിരുത്തി എന്നാണ് ഐതിഹ്യം.

ഇതേ കാലയളവിൽത്തന്നെ വ്യാപാരത്തിനും കൃഷിക്കുമായി തമിഴ്നാട്ടിൽ നിന്നും ഇങ്ങോട്ട് കുടിയേറി വന്ന ഒരു വിഭാഗം തമിഴ് ക്രൈസ്തവാനികൾ പാളയത്ത് പള്ളി സ്ഥാപിച്ച് പരിസരപ്രദേശങ്ങളിൽ താമസക്കാരാക്കി.

ആന്ധ്രാപ്രദേശത്തിൽ നിന്നും തൊഴിൽ തേടിയെത്തിയ കുംഭാരൻമാരും നായ്ക്കൻമാരും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ച് കുലത്തൊഴിൽ ആരംഭിച്ചു.

കർണ്ണാടക പ്രദേശത്തിൽനിന്നും കുടിയേറിവന്നതായി പറയപ്പെടുന്ന കവറ സമുദായക്കാർ അവരുടെ കുലത്തൊഴിലായ പരമ്പ്, കൊട്ടനെയ്ത്ത് മുതലായവ ചെയ്തിരുന്നു.

തമിഴ്നാട്ടിൽ നിന്നും വന്ന മുസ്ലീങ്ങളും ഇവിടെ ആദ്യകാലം മുതൽ താമസിച്ചുവന്നിരുന്ന മുസ്ലീങ്ങളും മതപരിവർത്തനം നടത്തിയ മുസ്ലിങ്ങളും ചേർന്നുള്ള സങ്കര വിഭാഗമാണ് ഇവിടത്തെ മുസ്ലിം വിഭാഗക്കാർ.

അയൽദേശങ്ങളായ കുനിശ്ശേരി, മാത്തൂർ, പെരിങ്ങോട്ടുകുറുശ്ശി, കണ്ണമ്പ്ര, തരൂർ പ്രദേശങ്ങളിൽ നിന്നും വന്ന് ഈ പ്രദേശത്ത് കുടിയേറിപ്പാർത്ത ഈഴവജനവിഭാഗം ഈ പ്രദേശങ്ങളിൽ താമസക്കാരായി ജൻമിമാരുടെ കുടിയാൻമാരായി മാറി.

ഭൂപരിഷ്കരണത്തിന് മുൻപ് തന്നെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ക്രൈസ്തുമതവിഭാഗക്കാർ നമ്മുടെ പഞ്ചായത്തിൽ കുടിയേറിപ്പാർത്തിരുന്നു.

ഹരിജനങ്ങൾ ഒരു വിഭാഗം സമീപ പഞ്ചായത്തുകളിൽനിന്നും ഈ പഞ്ചായത്തിലേക്ക് കുടിയേറിപ്പാർത്തിരുന്നു.

മുസ്ലിം-ക്രൈസ്തവൻ ആചാരങ്ങൾ നിലനിർത്താൻ വേണ്ടി പള്ളികളും മോസ്ക്കുകളും നിർമ്മിച്ച് ആരാധന തുടങ്ങി. എല്ലാ വിഭാഗങ്ങളും കൂടിച്ചേർന്ന് മത സൗഹാർദ്ദത്തോടെ ജീവിച്ചിരുന്നു.

ഭൂപരിഷ്ക്കാര നടപടികളും ദേശവൽക്കരണവും ജൻമിമാരുടെ ആധിപത്യം ഇല്ലാതാക്കി. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവവും വിജ്ഞാനത്തിന്റെ വെളിച്ചവും എല്ലാ ജനവിഭാഗങ്ങൾക്കും ഉണ്ടായി. വിദ്യാഭ്യാസം സാർവ്വത്രികമായതോട് കൂടി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചു. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ചുറ്റിത്തിരിഞ്ഞ ജനവിഭാഗം ഇതോടെ പന്തിഭോജനം നടത്തുവാനും, വിവിധ മതക്കാരുടെ ഉത്സവങ്ങളിൽ പങ്കെടുക്കുവാനും തുടങ്ങി. നവോദ്ധാന പ്രസ്ഥാനം വന്നതോടെ ക്ഷേത്രപ്രവേശനത്തിന്റെ സ്വാതന്ത്ര്യവും, ആരാധനാ സ്വാതന്ത്ര്യവും കരഗതമായി. സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളിലും നവോദ്ധാന പ്രസ്ഥാനങ്ങളിലും ആകൃഷ്ടരായ പുരോഗമനക്കാരായ ആളുകൾ കർഷകപ്രസ്ഥാനങ്ങളിലേക്കും ആകൃഷ്ടരായി. എണ്ണമറ്റ അനവധി പോരാട്ടങ്ങളുടെ മൂർദ്ധന്യഘട്ടങ്ങളിൽ കലാപങ്ങളെ അമർച്ച ചെയ്യുവാൻ വണ്ടാഴിയിൽ ബ്രിട്ടീഷ് പട്ടാളക്കാർ ഇറങ്ങി. എണ്ണമറ്റ പീഡനങ്ങൾക്കും മർദ്ദനങ്ങൽക്കും വണ്ടാഴിയിലെ ജനങ്ങൾ ഇരയായി. ജാതി മേധാവിത്വത്തിന്റെയും ജൻമിത്വത്തിന്റെയും ബ്രിട്ടീഷ് ഭരണകൂടത്തിന്റെയും മർദ്ദനങ്ങളെ വെല്ലുവിളിച്ച ജനവിഭാഗം മോസ്ക്കോവിലെ ചുവന്ന പോരാളികളെപ്പോലെ പ്രതിരോധം നടത്തിയതുകൊണ്ട് ബ്രിട്ടീഷ് പട്ടാളം വണ്ടാഴിക്ക് നൽകിയ പേരാകുന്നു "മോസ്ക്കോ".

മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു നമ്മുടെ പ്രദേശം ഉൾക്കൊള്ളുന്ന മലബാർ പ്രദേശം. 1946-ൽ നടന്ന അസ്സംബ്ലി തിരഞ്ഞെടുപ്പിൽ മദ്രാസ് അസ്സംബ്ലിയിലേക്ക് കർഷകപ്രസ്ഥാനത്തിന്റെ സമാരാദ്ധ്യനായ നേതാവ് ആർ. കൃഷ്ണനാണ് തെരഞ്ഞെടുക്കപ്പെട്ടത് എന്നത് അന്നത്തെ ജനമുന്നേറ്റത്തിന്റെ ചരിത്രമാണ് സൂചിപ്പിക്കുന്നത്.

1952-ൽ മംഗലം ഡാമിന്റെ നിർമ്മാണം ആരംഭിച്ചതോട്കൂടി നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ മാറ്റങ്ങൾ ദൃശ്യമായി. ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ പ്രദേശത്ത്നിന്ന് എത്തിയ ജനങ്ങൾ ഇവിടെയുള്ള എല്ലാവിധക്കാരുമായും ബന്ധം സ്ഥാപിച്ചു. അതോടുകൂടി സാംസ്കാരിക തലങ്ങളിലും മാറ്റങ്ങളുണ്ടായി. വിദ്യാലയങ്ങൾക്കും വില്ലേജ് ഓഫീസിനും പുറമേ മറ്റ് സർക്കാർ ഓഫീസുകൾ കൂടി സ്ഥാപിച്ചു.

ഭൂപരിഷ്ക്കാര നടപടികൾ ആരംഭിച്ചതോട് കൂടി മലംപ്രദേശങ്ങൾ ലേലത്തിൽ വിറ്റു. വനങ്ങൾ മുഴുവൻ വെട്ടിമാറ്റിയതിന്റെ ഫലമായി ഫലഭൂയിഷ്ടമായ മലമണ്ണ് തരിശായി മാറി. അതിൽ താല്ക്കാലിക വിളയായി. മരച്ചീനികൃഷി വ്യാപകമായപ്പോൾ തൊഴിലിനും കൃഷിക്കുമായി വൻതോതിൽ തൃശൂർ ജില്ലയിൽ നിന്നും കുടിയേറ്റമുണ്ടായി. നമ്മുടെ ഫലഭൂയിഷ്ടമായ മണ്ണിന്റെ മഹത്വം മനസ്സിലാക്കി പാലാ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ


പ്രദേശങ്ങളിലെ ജനവിഭാഗങ്ങൾ റബ്ബർ കൃഷിക്കുവേണ്ടി മലകൾ വിലക്കുവാങ്ങി വൻതോതിൽ റബ്ബർ കൃഷി ആരംഭിച്ചു. ഇതോടെ നമ്മുടെ പഞ്ചായത്തിൽ വാണിജ്യകൃഷിക്കുകൂടി പ്രാമുഖ്യം ഉണ്ടായി. വാണിജ്യ ഉൽപ്പന്നങ്ങളുടെ വൻതോതിലുള്ള വിളവെടുപ്പോടുകൂടി വാണിജ്യ സ്ഥാപനങ്ങളും വാണിജ്യകേന്ദ്രങ്ങളും ഉണ്ടായി. ചെറുകിട-ഇടത്തരം കച്ചവടസ്ഥാപനങ്ങൾ വന്നതോടുകൂടി ക്രയവിക്രയവും വ്യാപകമായി. മംഗലാംഡാം, വണ്ടാഴി, മുടപ്പല്ലൂർ എന്നീ കേന്ദ്രങ്ങൾ ചെറുകിട പട്ടണപ്രദേശങ്ങളായി മാറി. മംഗലംഡാമിന്റെ മനോഹരമായ പ്രകൃതിതീരങ്ങൾ തേടി ടൂറിസ്റ്റുകളും വന്നുതുടങ്ങി.

കാർഷികവളർച്ചയോടുകൂടി കൃഷിക്കാർക്കും തൊഴിലാളികൾക്കും വരുമാനം വർദ്ധിച്ചു. ഇതോടെ ആധുനിക രീതിയിലുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്വന്തമായി മുതൽമുടക്കി ചെറുകിട വ്യവസായങ്ങളും, റൈസ്മില്ലുകളും തടിമില്ലുകളും ആരംഭിച്ചുതുടങ്ങി. ഇതോടെ നമ്മുടെ പഞ്ചായത്തിന് വ്യാവസായിക പ്രാധാന്യം ഉണ്ടായി. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ പുറംനാടുകളിലും വിദേശത്തും പോയി ജോലി സമ്പാദിച്ചു പണം അയക്കാൻ തുടങ്ങിയതോടുകൂടെ നമ്മുടെ പഞ്ചായത്ത് ഘടനയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായി. എന്നാൽ കാർഷിക മേഖലയിലെ മുന്നേറ്റം തുടർന്ന് നിലനിർത്താനായില്ല. കാർഷിക മേഖലയ്ക്ക് സർക്കാർ നൽകിയിരുന്ന മുൻഗണന ഇല്ലാതായതോടുകൂടി കാർഷിക മേഖല മുരടിച്ചു. സമ്പത്ത് കുറഞ്ഞതോടുകൂടി ചെറുകിട വ്യവസായത്തിന്റെ വളർച്ചയും ഇല്ലാതായി. വ്യാപാരമേഖലയിൽ ഗുരുതരമായ മാന്ദ്യം ഉണ്ടായി. ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുവാൻവേണ്ടി ഗവർമെന്റ് സബ്സിഡി ഏർപ്പെടുത്തിയെങ്കിലും അത് വേണ്ടത്ര ഗുണം നൽകിയില്ല. തൊഴിൽമേഖലയിലുണ്ടായ പ്രതിസന്ധി മുറിച്ചുകടക്കാൻ വിദേശ തൊഴിൽ മേഖലയെ ആശ്രയിച്ചുവെങ്കിലും അതും വേണ്ടത്ര ഗുണം ചെയ്തില്ല. ഇന്നത്തെ വിദ്യാഭ്യാസ രീതിയുടെ വൈകല്യം, അഭ്യസ്തവിദ്യരിൽ കടന്നുകൂടിയ "വൈറ്റ്-കോളർ" മനോഭാവം, നമ്മുടെ നാട്ടിലെ സാദ്ധ്യതയുള്ള തൊഴിൽ ചെയ്യുന്നതിൽ നിന്നും അവരെ പിന്തിരിപ്പിച്ചു.


ജനനൻമയ്ക്ക്വേണ്ടി ഉപയോഗപ്പെടുത്തേണ്ട സർക്കാർധനവും സ്വകാര്യധനവും ആഡംബരമേഖലകളിൽ ചിലവാക്കിയതുമൂലം ഉൽപാദന മേഖല അവഗണിക്കപ്പെട്ടു. തൻമൂലം എല്ലാ മേഖലകളിലും നാം തകർച്ചയെ നേരിടുകയാകുന്നു. ഇവിടെ വികസനം വഴിമുട്ടിനിന്നു. ഈ പ്രതിസന്ധിയെ മുറിച്ചുകടക്കാൻ ജനങ്ങളുടെ കൂട്ടായ യത്നം അനിവാര്യമാണ്. ഈ സാഹചര്യത്തിലാണ് ജനകീയാസൂത്രണത്തിന്റെ പ്രസ്കതി.

❐❐❐


വികസന റിപ്പോർട്ട് തയ്യാറാക്കിയവർ




കെ. രാമചന്ദ്രൻനായർ
D.R.P. കൺവീനർ



വി. രാജൻമാസ്റ്റർ
D.R.P.



കെ.വി. രാമകൃഷ്ണൻ മാസ്റ്റർ
D.R.P.




കെ.ജി. രാധാകൃഷ്ണൻ
L.R.P. കൺവീനർ

പഞ്ചായത്തിന്റെ പൊതുവിവരക്കുറിപ്പ് -1996

പഞ്ചായത്തിന്റെ പേർ	-	വണ്ടാഴി
ആസ്ഥാനം	-	മുടപ്പല്ലൂർ
ഉൾപ്പെട്ട വില്ലേജുകൾ	-	മംഗലംഡാം, വണ്ടാഴി, മുടപ്പല്ലൂർ
ബ്ലോക്ക്	-	ആലത്തൂർ
ജില്ലാപഞ്ചായത്ത് ഡിവിഷൻ	-	വടക്കഞ്ചേരി
താലൂക്ക്	-	ആലത്തൂർ
ജില്ല	-	പാലക്കാട്
നിയമസഭാമണ്ഡലം	-	ആലത്തൂർ
ലോകസഭാമണ്ഡലം	-	പാലക്കാട്
വിസ്തീർണ്ണം	-	56 ച.കി.മീ.
പഞ്ചായത്ത്	-	കിഴക്ക് : മേലാർക്കോട്, അയിലൂർ
അതിരുകൾ		പടിഞ്ഞാറ് : വടക്കഞ്ചേരി, കിഴക്കഞ്ചേരി
		തെക്ക് : വെള്ളാട്ടിരി മലംപ്രദേശം
		വടക്ക് : ആലത്തൂർ, വടക്കഞ്ചേരി
ജനസംഖ്യ	-	35287
സാക്ഷരതാനിരക്ക്	-	91%
വാർഡുകളുടെ എണ്ണം	-	12
സ്ത്രീസംവരണ വാർഡ്	-	3
പട്ടികജാതി സ്ത്രീസംവരണ വാർഡ്	-	1
പട്ടികജാതി പുരുഷൻ "	-	1
ജനറൽ വാർഡ്	-	7
ജില്ലാ പഞ്ചായത്ത് മെമ്പർ	-	ശ്രീമതി. ആലീസ് മാത്യു
ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ	-	ശ്രീമതി. ശ്രീദേവീകൃഷ്ണൻ
		ശ്രീമതി. സുമംഗലി മോഹൻ
പ്രസിഡന്റ്	-	ശ്രീ. ജോസഫ്മാത്യു
വൈസ്. പ്രസിഡന്റ്	-	ശ്രീ. എം. മോഹനൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	-	ശ്രീ. കേശവൻകുട്ടി ടി.സി


വികസന റിപ്പോർട്ട് തയ്യാറാക്കിയവർ




ഇ.യു. സുകേഷ്



പി.എം. വർഗീസ് മാസ്റ്റർ



ഇ.കെ. മാണിക്കൻ



കെ. ഉണ്ണികൃഷ്ണൻ
(ലേഔട്ട്)

ജനകീയാസൂത്രണം നാളിതുവരെ

1996 സെപ്തംബർ 19-ാം തീയതി വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ ഒന്നാംഘട്ടം ഏകദിന ശിൽപശാല നടക്കുകയുണ്ടായി. ശിൽപശാലയിൽ 6 ജില്ലാതല പരിശീലകരും 87 പഞ്ചായത്ത്തല പരിശീലകരും ജില്ല, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും പഞ്ചായത്ത് ജീവനക്കാരും പങ്കെടുത്തു. പഞ്ചായത്തിലെ 12 വാർഡുകളിലും ഗ്രാമസഭകൾ സമ്മേളിച്ചു.

ഗ്രാമസഭകളിൽ ജനങ്ങൾ സജീവമായി പങ്കെടുത്ത് വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു. നവംബർ 2-ാം തീയതി നടന്ന രണ്ടാംഘട്ട ശിൽപശാലയിൽ വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികളും പങ്കെടുത്തിരുന്നു. ശിൽപശാലയിൽ മൊത്തം 115 പേർ പങ്കെടുത്തു നവംബർ 1-ാം തീയിതിയിലെ കേരളപ്പിറവിദിനം പുനരർപ്പണ ദിനമായി ആചരിക്കുകയും ഗ്രാമപഞ്ചായത്തിലെ 12 വാർഡുകളിലും ജനപങ്കാളിത്തത്തോടെ റോഡുകൾ ഓരോന്ന് വീതം ഏറ്റെടുത്ത് പൂർത്തീകരിക്കുകയുണ്ടായി. ജനകീയാസൂത്രണ സന്ദേശം ജനങ്ങളിൽ എത്തിക്കുവാൻ വേണ്ടി നടത്തിയ കലാജാഥ പഞ്ചായത്തിൽ 5 കേന്ദ്രങ്ങളിൽ പരിപാടി അവതരിപ്പിച്ചു. സ്ഥിതിവിവരക്കണക്കുകൾ ശേഖരി ക്കുന്നതിനുവേണ്ടി ജില്ലാതല പരിശീലകരുടെ നേതൃത്വത്തിൽ 5 ഗ്രൂപ്പുകളിലായി പഞ്ചായത്തിൽ വിവിധ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തി വസ്തുസ്ഥിതികൾ ശേഖരിക്കുകയുണ്ടായി. 12 വികസന വിഷയങ്ങളെ ആസ്പദമാക്കി കോർ ഗ്രൂപ്പുകൾ രൂപീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പഠനപര്യടനം നടത്തി. സ്ഥിതിവിവരങ്ങൾ ശേഖരിച്ചു. കോർ ഗ്രൂപ്പിന്റേയും ഡി.ആർ.പി മാരുടേയും നേതൃത്വത്തിലാണ് വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വിവിധ വിഷയങ്ങളിൽ പ്രാഗത്ഭ്യം നേടിയ പ്രമുഖ വ്യക്തികളുടെ അറിവും സേവനവും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.


ഗ്രാമസഭകൾ സംബന്ധിച്ച പട്ടിക

വാർഡ്	തീയതി	സ്വാഗതം	അദ്ധ്യക്ഷൻ	ഉദ്ഘാടനം	അവതരണം	പുരു.	സ്ത്രീ.	ആകെ.
1.	29.9.96	രമണിജോയ്	പ്രസിഡന്റ്	സുമംഗലിമോഹൻ ബ്ലോക്ക് മെമ്പർ	രാമകൃഷ്ണൻമാസ്റ്റർ	54	15	69
2.	29.9.96	ജോസഫ്മാത്യു	വൈസ് പ്രസിഡന്റ്	"	രാജൻ മാസ്റ്റർ	125	43	168
3.	22.9.96	അമ്മാളുക്കുട്ടി	പ്രസിഡന്റ്	"	രാമചന്ദ്രൻമാസ്റ്റർ	107	30	137
4.	22.9.96	കാശുമണി	"	"	"	98	12	110
5.	5.10.96	സുന്ദരൻ. എ.കെ.	"	"	രാമകൃഷ്ണൻമാസ്റ്റർ	156	18	174
6.	6.10.96	കേശവൻകുട്ടി.ടി.സി	"	"	രാമചന്ദ്രൻമാസ്റ്റർ	89	13	102
7.	6.10.96	വി.ആർ. ഉണ്ണി	"	"	രാജൻമാസ്റ്റർ	90	23	113
8.	21.9.96	എ. കണ്ണൻ	"	ആലീസ് മാത്യു	രാമചന്ദ്രൻനായർ	140	35	175
9.	28.9.96	എം. മോഹൻ	"	ശ്രീദേവികൃഷ്ണൻ	"	104	19	123
10.	5.10.96	ഹസ്സൻ	"	ബ്ലോക്ക് മെമ്പർ	രാമകൃഷ്ണൻമാസ്റ്റർ	97	19	116
11.	28.9.96	രാജരാജേശ്വരി	"	"	രാമചന്ദ്രൻനായർ	54	10	64
12.	21.9.96	എം.സി. കൃഷ്ണൻ	"	"	രാമചന്ദ്രൻനായർ	75	17	92

പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ



എം. മോഹനൻ
(വൈസ് പ്രസിഡന്റ്)




ടി.സി. കേശവൻകുട്ടി
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)



രമണിജോയ്
(1-ാം വാർഡ്)



എം.സി. കൃഷ്ണൻ)
(12-ാം വാർഡ്)



ജോസഫ്മാത്യു
(പ്രസിഡന്റ്)



അമ്മാളുക്കുട്ടി
(3-ാം വാർഡ്)




രാജരാജേശ്വരി
(11-ാം വാർഡ്)



കാശുമണി
(4-ാം വാർഡ്)



പി.എച്ച് ഹസ്സൻ
(10-ാം വാർഡ്)



എ. കണ്ണൻ
(8-ാം വാർഡ്)



വി. രാഘവനുണ്ണി
(7-ാം വാർഡ്)



എ.കെ. സുന്ദരൻ
(5-ാം വാർഡ്)

പഠന പര്യടനം 1

ചള്ളുവടി.


തലക്കെട്ട്								
മുഖ്യതലക്കെട്ട്	കുന്നിൻമണ്ട	കുന്നിൻമണ്ട	കുന്നിൻ ചരിവ്	കുന്നിൻ ചരിവ്	താഴ്വര	സമതലം	സമതലം	സമതലം
മൺതരം	ചുവന്ന മണ്ണ്	ചുവന്ന മണ്ണ്	ചുവന്ന മണ്ണ്	ചുവന്നമരാശി മണ്ണ്	ഫലഭൂയിഷ്ഠ മണ്ണ്	ചുവന്നമരാശി മണ്ണ്	ചുവന്ന മണ്ണ്	ചുവന്ന മണ്ണ്
സസ്യാവരണം	വനം റബ്ബർ കുരുമുളക്	റബ്ബർ കുരുമുളക്	റബ്ബർ വാഴ കപ്പമാൻ	റബ്ബർ തെങ്ങ് വാഴ കപ്പമാൻ	നെല്ല് റബ്ബർ തെങ്ങ് വാഴ, മെഞ്ചി, കവുങ്ങ് മുളി	നെല്ല് തെങ്ങ് വാഴ മുളി	നെല്ല് തെങ്ങ് മുളി	നെല്ല് തെങ്ങ് മുളി
പരിസ്ഥിതി പ്രശ്നങ്ങൾ	വന-നശീകരണം മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ് ചാര-പൊടികൾ	മണ്ണ് ഖനനം ഇഷ്ടിക-നിർമ്മാണം	മണ്ണ് ഖനനം ഇഷ്ടിക-നിർമ്മാണം	ഇഷ്ടിക മണ്ണ് ഖനനം ചാര-പൊടികൾ

പഞ്ചായത്തിന്റെ തെക്ക് തലിക്കകളിൽ മുതൽ വടക്ക് ചള്ളുവടി വരെയും ഇടക്കുടവീര, കളിംകുടവ്, മംഗലംഡാം, ചിള്ളി, വണ്ടാഴി, കുടപ്പിള്ളൂർ വരെ രണ്ട് ദിവസം നടന്നു.

പഠന സംഘം

1. ശ്രീ. ജോസഫ് മാത്യു. പ്രസിഡന്റ്
2. കെ. രാമചന്ദ്രൻ നായർ. DRP കൺവീനർ.
3. വി. രാജൻ മാസ്റ്റർ. D.R.P.
4. കെ. ജി. രാധാകൃഷ്ണൻ. L.R.P കൺവീനർ.
5. ശ്രീ. മോഹനൻ. വൈസ് പ്രസിഡന്റ്
6. ടി. സി. കേശവൻകുട്ടി. സ്ഥാ...കമ്മിറ്റിചെയർമാൻ.
7. വി. രാഘവനമ്പൂതി. പഞ്ചാ... മെമ്പർ. L.R.P.
8. ഇ. യു. സൂസൻ.

പഠനപര്യടനം 2



ഭൂപ്രകൃതി	ചെറിയചരിവ്	സമതലം	സമതലം	ചരിവ് സമതലം	ചരിവ് സമതലം.
മൺതരം	ചുമന്ന മണ്ണ്.	ചുമന്ന മണ്ണ്.	ചുമന്ന മണ്ണ്.	ചുമന്ന മണ്ണ്.	ചുമന്ന മണ്ണ്.
സസ്യാവരണം	നെല്ല് തെങ്ങ് റബ്ബർ	നെല്ല് തെങ്ങ് റബ്ബർ	നെല്ല് തെങ്ങ്	നെല്ല് തെങ്ങ് കുരുമുളക്	നെല്ല് തെങ്ങ് കുരുമുളക്
ചരിത്രശേഷിപ്പുകൾ	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണിടിച്ചിൽ

പഞ്ചായത്തിന്റെ കിഴക്ക് ചെമ്പോട്ട് മുതൽ പടിഞ്ഞാറ് വാളയം വരെയുള്ള കിഴക്കോത്തര, തെക്കോക്കോട്ട്, വണ്ടാഴി എന്നീ പ്രദേശങ്ങളിൽ കൂടി 4.11.1996 കാലത്ത് 8 മണിമുതൽ വൈ: 5 മണിവരെ നടന്നു.

പഠനസംഘം

1. വി. ഭാസ്കരൻ മാസ്റ്റർ. L.R.P
2. സി.പി. ശിവരാമൻ. L.R.P
3. വർഗ്ഗീസ് മാസ്റ്റർ. L.R.P.
4. മാണിക്കൻ. L.R.P
5. എ.കെ. സുന്ദരൻ. ചെയർമാൻ.
6. സി. കുഞ്ഞൻ ചെയർമാൻ.
7. കെ.വി. രാമകൃഷ്ണൻ മാസ്റ്റർ. D.R.P

ഭൂപ്രകൃതി പഠനവേളയിൽ കണ്ട സസ്യാവരണം.

സസ്യാവരണം

റബ്ബർ, തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, കശുമാവ്, അയനിപ്ലാവ്, കടപ്ലാവ്, ഇരുമ്പൻപുളി, വാളൻപുളി, കൊടംപുളി, വടുകപുളി, നെല്ലി, പേര, ആര്യവേപ്പ്, സപ്പോട്ട, എഗഗ് ഫ്രൂട്ട്, പപ്പായ, കരിമ്പന, കുടപ്പന, ഈറമ്പന, അമ്പഴം, പൊങ്ങല്ലം, തേക്ക്, വീട്ടി, ഇരിവുൾ, കൊറമരുത്, പുല്ലമരുത്, പൈങ്കണ്ണി, വെൺതേക്ക്, കരിവാക, വെളുവാക, ഒടുക്, താന്നി, അകിൽ, കാഞ്ഞിരം, പൂമരം, മാഞ്ചിയം, കൂവളം, ഏഴിലംപാല, പാല, ബദാം, ചൂളമരം, ഈറ്റ, മുള, ശീമക്കൊന്ന, പാറകം, നെല്ലി, അത്തി, അരയാൽ, പേരാൽ, കൊന്ന, പൈൻ, ചടച്ചി, പുന്ന, ജാതി, ഗ്രാമ്പൂ, കറുവാപട്ട, ചീനിക്ക, ഞാവൽ, എടന, വട്ടനാറി, പഞ്ഞിപൂള, പൂള, പരുത്തിപൂള, മുരിക്ക്, മഞ്ഞപ്പാവട്ട, മുള്ളൻകഴനി, പുല്ലാനി, അനലി, കൈവള, കൈത


മയിലാഞ്ചി, മൊസാണ്ട, സുഗന്ധരാജൻ, റോസ്, ജമന്തി, നന്ത്യാർവട്ടം, ചെമ്പരത്തി, തുളസി, കാട്ടുതുളസി, നീലഅമരി, ആടലോടകം, ആവണക്ക്, ചെത്തി, കാപ്പി, മുല്ല, കുറ്റിമുല്ല, പാരിജാതം, പിച്ചകം, നാലുമണിചെടി, പത്തുമണി, ശംഖുപുഷ്പം, ചെണ്ടുമല്ലി, വാടാമല്ലി, തകര.

കുറുന്തോട്ടി, കാശിത്തുമ്പ, കൃഷ്ണതുളസി, ചെറുവഴുതന, വെള്ളഉമ്മം, നീലഉമ്മം, മുക്കുറ്റി, കീഴാർനെല്ലി, തുമ്പ, കൊഴിഞ്ഞിൽ, അടക്കാമണിയൻ, കാട്ടുവഴുതന, ഓരില, മൂവില, ശതാവരി, നായ്ക്കൊർണ, നന്നാരി, ഞൊട്ടങ്ങ, തൊട്ടാൽവാടി, കാട്ടുചേന, കുന്നിക്കുരു, തൂവൽക്കൊടിച്ചി, മുത്തങ്ങ, കച്ചോലം, ഇഞ്ചി, മഞ്ഞൾ, കറ്റുവാഴ, കണകൂർക്ക, കുളവാഴ, ചണ്ടി, കൂവ, വിഷപോള.

കാച്ചിൽ, ചെറുകിഴങ്ങ്, അമര, ചതുരപയർ, വാളരിങ്ങ, പാവൽ, വെണ്ട, ചെറുപയർ, വൻപയർ, ഉഴുന്ന്, മുതിര, നിലക്കടല, മധുരക്കിഴങ്ങ്, കപ്പ, കൂർക്ക, വെള്ളരി, ചൊരക്ക, മത്തൻ, കുമ്പളം, വെണ്ട, പടവലം, പീച്ചിങ്ങ, ചേന, പൈനാപ്പിൾ, ചേമ്പ്, നെല്ല് ഇനങ്ങൾ, പലതരം വാഴകൾ, ചെറി, ചോളം, മെയ്സ്, തിന.

മഞ്ഞപ്പയർ, തോട്ടപ്പയർ, തീപ്പയർ, കമ്മ്യൂണിസ്റ്റ് പച്ച, കമ്മൽചെടി, വെന്തി, ഇഞ്ചിപ്പുല്ല്, നാടൻപുല്ല്, വള്ളിപ്പുല്ല്, പോത, മോതിരങ്കണ്ണിപ്പൂവ്, കുറുമ്പുല്ല്, കറുക, ഏറുപുല്ല്, ദർഭപ്പുല്ല്, പാടവള്ളി, പാറ്വള്ളി, സീനിയ, നിത്യകല്യാണി, ഡാലിയ.

കുരുമുളക്, കാന്താരി, വെള്ളമുളക്, ഉണ്ടമുളക്, വറ്റൽമുളക്.



കൃഷി

ചരിത്ര പശ്ചാത്തലം

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. ഇവിടത്തെ പാരമ്പര്യ കൃഷി നെല്ലായിരുന്നു. പഴയകാലത്ത് ചാമ, കോറ, പയറുവർഗ്ഗങ്ങളിൽപ്പെട്ട ഉഴുന്ന്, പയർ, മുതിര, തുവര എന്നിവയും കൃഷിചെയ്തുവന്നിരുന്നു. കിഴങ്ങ്വർഗ്ഗങ്ങളായ ചേന, ചേമ്പ്, കാവത്ത്, ശർക്കരക്കിഴങ്ങ്, കൂർക്ക, ചെറുകിഴങ്ങ് എന്നിവയും ഫലവൃക്ഷങ്ങളായ മാവ്, പ്ലാവ്, കശുമാവ്, പുളി, തെങ്ങ് എന്നിവയും പാരമ്പര്യതൊഴിലായ കള്ളുചെത്തിനുവേണ്ട പനകളും കൃഷിചെയ്തിരുന്നു. പഴവർഗ്ഗങ്ങളിൽപ്പെട്ട നേന്ത്രവാഴ ഒഴിച്ചുള്ള വാഴകൃഷികളും വേനൽക്കാലങ്ങളിൽ കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ മത്തൻ, കുമ്പളങ്ങ, പാവൽ, പടവലം, വെള്ളരി എന്നിവയും കുന്നിൻചെരിവുകളിൽ കാടുകൾ തെളിച്ച് മോഡൺ നെല്ലുകൃഷിയും ചെയ്തിരുന്നു. വർഷകാലങ്ങളിൽ കരഭൂമിയിൽ പച്ചക്കറി കൃഷി വീട്ടുപറമ്പുകളിൽ കൃഷിചെയ്തുവന്നിരുന്നു. അന്ന് പച്ചക്കറിയുടെ കാര്യത്തിൽ പഞ്ചായത്ത് സ്വയംപര്യാപത്മായിരുന്നു.

ജലസേചനാവശ്യത്തിനുവേണ്ടി കൃഷിയുടെ നീർമറി പ്രദേശങ്ങളിൽ ഏരികളും, കുളങ്ങളും നിർമ്മിച്ച് ജലം സംഭരിച്ചിരുന്നു. തോടുകളിൽ ബണ്ടുകൾ കെട്ടി കൈത്തോടുകൾ നിർമ്മിച്ച് വെള്ളം കൃഷിഭൂമികളിൽ എത്തിച്ചിരുന്നു. ജലസേചനത്തിനുവേണ്ട സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ നെൽക്കൃഷിക്കും, കരക്കൃഷിക്കും ഏത്തം ഉപയോഗിച്ചും കൊട്ടത്തേക്ക് ഉപയോഗിച്ചും കൃഷി സംരക്ഷിച്ചിരുന്നു. മേൽപറഞ്ഞ മാർഗ്ഗങ്ങളൊന്നും നടത്താൻ കഴിയാതിരുന്ന സ്ഥലങ്ങളിൽ കുടത്തിൽ വെള്ളംകോരി കൃഷി നനച്ചിരുന്നു.

പച്ചിലവളം, ചാണകം, ചാരം എന്നിവയാണ് വളമായി ഉപയോഗിച്ചത്. വേനൽക്കാലങ്ങളിൽ കുളങ്ങളിൽ നിന്നും വളക്കൂറുള്ള ചേറ് കോരി കൃഷിയിടങ്ങളിൽ ഇടുമായിരുന്നു. നെൽകൃഷിക്ക് നാശം വരുത്തിയിരുന്ന പുൽപ്പോന്ത് (വെട്ടുകിളി) പുഴു, ചാഴി എന്നിവയെ മുറം കൊണ്ട് വീശി ആട്ടിയോടിക്കുമായിരുന്നു. തത്തകളും, കുരുവികളും, എലി, പന്നി, ആന എന്നിവയും കൃഷിയെ നശിപ്പിച്ചിരുന്നു. കാവൽമാടം കെട്ടി കൃഷിയെ സംരക്ഷിച്ചിരുന്നു.

ജൻമികളുടെ കയ്യിലായിരുന്നു ഭൂമി. നെൽപ്പാടങ്ങൾ (കൃഷിഭൂമികൾ) പാട്ടക്കുടിയാൻമാർക്ക് കൃഷിചെയ്യാൻ കൊടുത്തിരുന്നു. കൃഷിയിൽനിന്ന് ലഭിക്കുന്ന ധാന്യത്തിൽ സിംഹഭാഗവും കുടിയാൻമാരായ കൃഷിക്കാർ ജൻമിക്ക് കൊടുത്തുകൊണ്ടിരുന്നു. പാട്ടക്കുടിയാൻമാരുടെ കീഴിൽ കർഷകത്തൊഴിലാളികൾ തുച്ഛമായ കൂലിക്ക് പണിയെടുത്തിരുന്നു.

1956-ൽ മംഗലംഡാം പദ്ധതി കമ്മീഷൻ ചെയ്തതോട് കൂടി ജലസേചന സൗകര്യം വളരെയധികം വർദ്ധിച്ചു. നെൽകൃഷിയുടെ വളർച്ചയിൽ സാരമായ മാറ്റമുണ്ടായി. കാലാവസ്ഥയെ മാത്രം ആശ്രയിച്ചിരുന്ന കൃഷിരീതികളിലും മാറ്റം വന്നു. 60-കളുടെ ആരംഭത്തോട്കൂടി ഈ പഞ്ചായത്തിന്റെ തെക്കൻ ഭാഗത്തുള്ള മലമ്പ്രദേശം അതിന്റെ ഉടമകളിലായിരുന്ന നെല്ലിക്കല്ലിടം ലേലം ചെയ്തു വിറ്റു. ഈ സ്ഥലം വാങ്ങിയവർ വനംപ്രദേശം വെട്ടിത്തെളിച്ച് ചെറുകിട കുടിയേറ്റ കർഷകർക്ക് വിറ്റു. അവർ അവിടെ വ്യാപകമായി താമസിച്ച് റബ്ബർ, കുരുമുളക്, വാഴ, കപ്പ, തെങ്ങ് എന്നിവ കൃഷിചെയ്തു.

കൃഷിക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പിന്റെ ഫലമായി കൃഷിഭൂമി ഒഴിപ്പിച്ചെടുക്കാൻ ജൻമിമാർക്ക് കഴിയതെയായി. 1957-ലെ കാർഷിക ബന്ധബില്ല് വന്നതോടു കൂടി നിയമപരമായി ജൻമിമാർക്ക് കൃഷിഭൂമിയിലുള്ള അവകാശവും നഷ്ടമായി. കൂടാതെ എല്ലാ ഭൂമിക്കും ഏക്കറിന് രണ്ട്രൂപ പ്രകാരം നികുതി ചുമത്തിയതോട് കൂടിയാണ് മുകളിൽ സൂചിപ്പിച്ചതുപോലെ ഭൂമി ലേലം ചെയ്യാൻ ജൻമികൾ നിർബന്ധിതരായത്.


കാർഷികോല്പന്നങ്ങൾ അസംസ്കൃത പദാർത്ഥമായി ഉപയോഗിച്ച് ചെയ്യാവുന്ന വ്യവസായ സംരംഭങ്ങൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിലില്ലാത്തതുകൊണ്ടും കൃഷിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

വികസന പ്രശ്നങ്ങൾ

1. കാർഷികാവശ്യത്തിനുള്ള ജലസേചനക്കുറവാണ്.
2. ഉള്ളജലവിതരണത്തിലെ അപാകതകൾ.
3. കൃഷിക്കാർക്കിടയിലെ സഹകരണക്കുറവ്.
4. അശാസ്ത്രീയമായ കൃഷിരീതികൾ.
5. രാസവളങ്ങളുടേയും കീടനാശിനികളുടേയും അശാസ്ത്രീയമായ ഉപയോഗങ്ങൾ.

വിളക്രമം

(വിസ്തീർണ്ണം ഹെക്ടറിൽ)



6. ജൈവവളങ്ങളുടെ അഭാവം.
7. ഉൽപാദനക്ഷമത കൂടിയ വിത്തിനങ്ങളുടെ അഭാവം.
8. സർക്കാർ ഇടപെടലിന്റെ കുറവ്.
9. പ്രകൃതിക്ഷോഭം.
10. കാർഷികോല്പന്നങ്ങളുടെ വിലയിടിവ്.
11. കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നു.
12. കൃഷിഭൂമി തുണ്ടാക്കൽ.
13. കാർഷികോല്പന്നങ്ങൾ വ്യാവസായികാസംസ്കൃത പദാർത്ഥങ്ങളായി ഉപയോഗിക്കുവാനുള്ള അനുബന്ധ വ്യവസായങ്ങളുടെ കുറവ്.
14. കൃഷിപ്പണിയിലുള്ള കർഷകരുടെ താല്പര്യക്കുറവ്.
15. കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ്.
16. ഊർജ്ജ പ്രതിസന്ധി.
17. കാർഷികോപകരണങ്ങളുടെ വൻ വില വർദ്ധനവ്.

പരിഹാരങ്ങൾ

നിലവിലുള്ള ഡാമിന്റെ ഉയരം കൂട്ടി ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക. കനാലുകളും കാഡാ ചാലുകളും നന്നാക്കുക. പുഴകളിൽ ചെക്ക്ഡാമുകൾ പണിയുക. ലിഫ്റ്റ് ഇറിഗേഷൻ ആരംഭിക്കുക. പഞ്ചായത്ത് ഏരികളും കുളങ്ങളും സംരക്ഷിക്കുക. ജലം നിയന്ത്രിച്ച് ഉപയോഗിക്കുക. ഡ്രിപ്പ് ഇറിഗേഷൻ ആരംഭിക്കുക. നിയന്ത്രണമില്ലാതെ ഇറിഗേഷനിലെ ജലം കനാൽ വഴി തുറന്നുവിടുന്നത് നിയന്ത്രിക്കുക. ജലം നിയന്ത്രിച്ച് വിതരണം ചെയ്യുന്നതിന് അധികാരമുള്ള ജനകീയ നിയന്ത്രണം ഏർപ്പെടുത്തുക. കനാൽ വികസനം സ്ലൂയിസ്-കാഡ തുടങ്ങിയവയുടെ നിർമ്മാണം, റിപ്പയർ ചുമതല മേൽപറഞ്ഞ ജനകീയ സമിതികളെക്കൊണ്ട് ചെയ്യിക്കണം.

കൃഷിക്കാർക്കിടയിൽ ബോധവൽക്കരണം നടത്തുക. ഒരേസമയത്ത് കൃഷി നടത്താനും വിളവെടുക്കുവാനുമുള്ള സൗകര്യം ഉണ്ടാക്കുക. കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക. കൃഷി ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ മണ്ണ് പരിശോധനയും സമയാസമയങ്ങളിൽ വളപ്രയോഗവും നടത്തി നല്ലയിനം വിത്തുകൾ ഉപയോഗിച്ച് കൂട്ടുകൃഷി നടത്തുക. രാസവളങ്ങൾ വിദഗ്ധ ഉപദേശം തേടി ക്രമീകരിച്ച് ഉപയോഗിക്കാൻ കൃഷിക്കാരെ പരിശീലിപ്പിക്കണം. ജൈവവളത്തിന്റെ പ്രയോഗം വ്യാപകമാക്കണം. പച്ചിലവളം, കാലിവളം ലഭിക്കുന്നതിനുള്ള അടിസ്ഥാന സംവിധാനങ്ങൾ ഉണ്ടാക്കണം. ഉല്പാദന ക്ഷമതയുള്ള നല്ലയിനം വിത്തുകളും നടീൽ വസ്തുക്കളും കൃഷിഭവൻ മുഖേന സമയാസമയങ്ങളിൽ സൗജന്യനിരക്കിൽ എത്തിച്ചുകൊടുക്കുക. കൃഷിമേഖലയിൽ ഗവൺമെന്റിന്റെ മുതൽ മുടക്ക് വർദ്ധിപ്പിക്കണം. ജലസേചന പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കുക. നെൽകൃഷിക്ക് മാത്രം കൊടുക്കുന്ന ജലസേചന സൗകര്യം എല്ലാ കൃഷിമേഖലകൾക്കും വ്യാപിപ്പിക്കുക. മഴവെള്ളം സംഭരിക്കാനുള്ള സൗകര്യം കൃഷിക്കാർക്ക് ലഭ്യമാക്കുക. നീരുറവകൾ സംരക്ഷിച്ച് പൈപ്പുവഴി ജലസേചനം നടത്താൻ കൃഷിക്കാരെ ഗവൺമെന്റ് സഹായിക്കുക. ഉൾനാടുകളിലുള്ള ചെറിയ തോടുകൾക്ക് ബണ്ടുകൾ നിർമ്മിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. കാർഷിക മേഖലയിൽ പച്ചില വളത്തിനുള്ള ചെടികൾ വളർത്താൻ വിത്തുകളും, വളവും സൗജന്യമായി എത്തിച്ചുകൊടുക്കുക. മണ്ണൊലിപ്പ് തടയാൻ കയ്യാല കെട്ടുന്നതിന് കൃഷിക്കാർക്ക് ഗ്രാന്റ് അനുവദിക്കുക. വാട്ടർ ഷെഡ് പദ്ധതി വ്യാപകമാക്കുക തുടങ്ങി എല്ലാ മേഖലകളിലും സർക്കാർ ഇടപെടൽ വ്യാപിപ്പിച്ചാൽ ഈ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകും. പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാകുന്ന പ്രദേശങ്ങളിൽ പുനർനിർമ്മാണ പ്രക്രിയയ്ക്ക് വേണ്ട എല്ലാ സഹായങ്ങളും ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യണം. സർവ്വേ നടത്തി സ്ഥിരമായ സംവിധാനം ഉണ്ടാക്കി പ്രകൃതിക്ഷോഭക്കെടുതി കുറയ്ക്കുക. കൃഷി പൂർണ്ണമായും ഇൻഷൂറൻസിന് വിധേയമാക്കുക. മണ്ണൊലിപ്പ് തടയുക. വനനശീകരണം തടയാൻ നിയമം കർശനമാക്കുക. കാർഷികോല്പന്നങ്ങളുടെ പ്രാദേശിക വിപണികൾ കണ്ടെത്തുക. സർക്കാർ സംവിധാനത്തോടെ കാർഷികോല്പന്നങ്ങൾ സംഭരിക്കുക. വെയർ ഹൗസുകൾ സ്ഥാപിച്ച് ഉൽപ്പന്നങ്ങൾ സൂക്ഷിക്കുക. സംസ്ക്കരണ കേന്ദ്രങ്ങൾ ഉണ്ടാക്കുക. ഉൽപ്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുക. ഉൽപ്പന്നങ്ങൾ ഗവൺമെന്റ് തലത്തിൽ സംഭരിച്ച് സംസ്കരിച്ച് സാദ്ധ്യതയുള്ള മേഖലകളിലേക്ക് കയറ്റിയയക്കുവാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക തുടങ്ങിയിക കാര്യങ്ങൾ ചെയ്താൽ കാർഷികോൽപ്പന്നങ്ങൾക്ക് അടിസ്ഥാനപരമായ വില ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്നു. ജനസംഖ്യാ വർദ്ധനവും പുതിയ വീടുകളുടെ അവശ്യകതയും ഇതിന് കാരണമായിട്ടുണ്ട്. ഉള്ള കൃഷിഭൂമികളിൽ സമ്മിശ്ര കൃഷിരീതി ആവിഷ്ക്കരിക്കണം. മൂപ്പ് കുറഞ്ഞതും ഉൽപാദനക്ഷമത കൂടിയതുമായ വിത്തിനങ്ങൾ ഈ രംഗത്ത് സാർവ്വത്രികമാക്കണം. കൂട്ടുകൃഷി സമ്പ്രദായം നടപ്പാക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് ഒരു പ്രധാന കാരണം ഭൂമിതുണ്ടുതുണ്ടാക്കുന്നത് മൂലമാണ്. ബോധവൽക്കരണത്തിലൂടെ ഇതിന് പരിഹാരമാർഗ്ഗം കണ്ടെത്താവുന്നതാണ്. പ്രാദേശിക തലത്തിൽ കാർഷികോൽപ്പന്നങ്ങൾ ഉപയോഗിച്ച് നടത്താവുന്ന ചെറുകിട വ്യവസായങ്ങൾ തുടങ്ങാം. ഇതിന്നാവശ്യമായ കാര്യങ്ങൾ സർക്കാർ മുൻകൈ എടുത്ത് നടത്തണം. വിദ്യാസമ്പന്നരായ യുവാക്കൾക്ക് കാർഷികവൃത്തിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നു. കാർഷികരംഗത്ത് വരുമാനം കുറവാണെന്ന ധാരണയും

ഈ തൊഴിലിന് മാന്യത കുറവാണെന്ന കാഴ്ചപ്പാടുമാണ് ഇതിന് അടിസ്ഥാനം. കാർഷിക രംഗത്ത് തൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതിയുണ്ട്. മറ്റ് മേഖലകളിൽ കൂലി കൂടുതൽ ഉള്ളതിനാലും തൊഴിൽ സാദ്ധ്യത കൂടുതലുള്ളതിനാലും കാർഷികമേഖലയിലെ തൊഴിൽ മറ്റുമേഖലകളുടേതിനോളം മാന്യത ഇല്ല, എന്ന ഒരു കാഴ്ചപ്പാടും തൊഴിലാളികളിൽ കടന്നുകൂടിയതും വിദ്യാഭ്യാസം ലഭിച്ചവർക്കിടയിൽ വൈറ്റ് കോളർ സമീപനം വന്നതും കാരണമായിട്ടുണ്ട്. കഴിയാവുന്നത്ര യന്ത്രവൽക്കരിക്കപ്പെട്ടുകൊണ്ടും കർഷകർ സ്വയം ഈ രംഗത്ത് തൊഴിലെടുക്കാൻ തയ്യാറാവുകയും ചെയ്തുകൊണ്ടും മാറ്റം വരുത്താം.

ഊർജ്ജ പ്രതിസന്ധി

കാർഷികമേഖലയിൽ ഊർജ്ജ പ്രതിസന്ധി ഒരു വലിയ വിപത്തായി നിൽക്കുന്നു. കനാൽ ജലത്തിന്റെ ലഭ്യത കുറവുള്ള സ്ഥലങ്ങളിലും കുന്നിൻ പ്രദേശങ്ങളിലും തോട്ടവിളകൾക്കും ജലസേചനം സാദ്ധ്യമാക്കണമെങ്കിൽ വൈദ്യുതി, ഡീസൽ, പെട്രോൾ തുടങ്ങിയ ഊർജ്ജസങ്കേതങ്ങൾ അത്യാവശ്യമാണ്. എന്നാൽ വൈദ്യുതിരംഗത്ത് വേനൽ കാലങ്ങളിൽ പവർക്കട്ട് നിത്യസംഭവമായതോടെ കാർഷിക വിളകളെപ്പോലെത്തന്നെ കർഷകരുടെ സ്വപ്നങ്ങളുടെ നാമ്പും വാടിക്കരിഞ്ഞുതുടങ്ങി. ഡീസൽ, മണ്ണെണ്ണ, പെട്രോൾ, തുടങ്ങിയവയുടെ ലഭ്യതക്കുറവും, നാൾക്കുനാൾ വിലവർദ്ധിക്കുന്നതും കർഷകന് താങ്ങാവുന്നതിലും അധികമാണ്. പുതിയ ഊർജ്ജസോത്രസ്സുകൾ കണ്ടെത്താത്തിടത്തോളംകാലം ഇതിന് പരിഹാരമില്ല. തരിശു ഭൂമി വികസനം, കുന്നിൻ ചെരിവുകളിലും വരണ്ടഭൂമികളിലും പുതിയ കൃഷിരീതികൾ തുടങ്ങി കാർഷികരംഗത്ത് ഒരു മുന്നേറ്റത്തിന് തയ്യാറെടുക്കുന്ന നമ്മുടെ കാർഷികമേഖലയ്ക്ക് വരും കാലങ്ങളിൽ ഊർജ്ജ ആവശ്യം ഇരട്ടിയോളം വേണ്ടിവരും എന്ന് കണക്കാക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ പുതിയ ഊർജ്ജ സോത്രസ്സുകൾ കണ്ടെത്തിയും ഉള്ളവ കാര്യക്ഷമമാക്കിയും പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിച്ചും ഈ പ്രതിസന്ധി മുറിച്ചുകടക്കാൻ കഴിയും. ഈ രംഗത്ത് സർക്കാർ ഉദാരമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. കാർഷിക ആവശ്യത്തിന് നിശ്ചിത കാലപരിധിക്കുള്ളിൽ കണക്ഷൻ ലഭ്യമാക്കാൻ പദ്ധതി വേണം. കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി പൂർണ്ണമായും സൗജന്യമായി നൽകണം.

കാർഷികോൽപ്പന്നങ്ങളുടെ അമിതമായ വിലവർദ്ധന

കാർഷികോൽപ്പാദന മേഖലയിൽ ഉൽപ്പാദനോപകരണങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് പ്രതിസന്ധി സൃഷ്ടിച്ചിരിക്കയാണ്. യന്ത്രവൽക്കരണം അനിവാര്യമായ ഇന്നത്തെ സാഹചര്യത്തിൽ ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത്, മെതി, കൊപ്ര ഡ്രൈയ്യർ, സ്പ്രേയറുകൾ, പമ്പുസെറ്റുകൾ തുടങ്ങി മൺവെട്ടി, അരിവാൾ വരെയുള്ള ചെറുതും വലുതുമായ ഉപകരണങ്ങൾ വാങ്ങുക ദുഷ്ക്കരമായിരിക്കുകയാണ്. ഇത്തരം ഉപകരണങ്ങൾക്ക് വ്യക്തികൾക്ക് 50% സബ്സിഡി നൽകണം. പാടശേഖര സമിതികൾ, കൂട്ടുകൃഷിഫാമുകൾ, സഹകരണ കൃഷിത്തോട്ടങ്ങൾ എന്നിവയ്ക്ക് പൂർണ്ണമായും ഗ്രാന്റായും നൽകാൻ സർക്കാർ തലത്തിൽ നടപടി എടുക്കണം. പരിസ്ഥിതി പ്രശ്നങ്ങളും കർഷകന് ധാരാളം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. വനനശീകരണം, മണൽവാരൽ തുടങ്ങി ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ട്.

സാദ്ധ്യതകൾ

ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ഭൂമിയും കൃഷിയോഗ്യമാക്കാവുന്നതാണ്. ചരിഞ്ഞ നീർവാർച്ച കൂടിയ ഭൂമികളിൽ കയ്യാലകൾ കെട്ടി സംരക്ഷിക്കുകയും നീരൊഴുക്ക് തടയുന്നതിനുള്ള മറ്റ് ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുമാണ്. ഇതിന്നാവശ്യമായ നടപടികൾ കൃഷി ഉദ്യോഗസ്ഥൻമാരിലൂടെ കൃഷിവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഇത്തരം ഭൂമികൾക്ക് ആവശ്യമായ ജലസേചനം ലിഫ്റ്റ് ഇറിഗേഷൻ മുഖേന നടപ്പാക്കണം. ആവശ്യത്തിലധികം ജലം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. പുഴകളിൽ ചെക്കുഡാമുകൾ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ അവ നിർമ്മിച്ച് ഇതിനായി ഉപയോഗിക്കണം. പഞ്ചായത്ത് വക ഏരികൾ (കുളം) ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി മണ്ണെടുത്ത് ജലസംഭരണ യോഗ്യമാക്കിയാൽ ഒരളവുവരെ കരകണ്ടങ്ങളിൽ പച്ചക്കറി കൃഷിയും മറ്റും വൻതോതിൽ വികസിപ്പിക്കാം. മംഗലം ഡാം ഷട്ടർകപ്പാസിറ്റി പത്തടി ഉയർത്തിയാൽ ജലലഭ്യതയിൽ വൻകുതിച്ചുചാട്ടംതന്നെ ഉണ്ടാവും. ഇതിന് സർക്കാർ തലത്തിൽ തീരുമാനങ്ങൾ ഉണ്ടാവണം. കനാലുകൾ തകർച്ചയുടെ വക്കിലാണ്. ഇതിന് യുദ്ധകാലാടിസ്ഥാനത്തിൽ നവീകരണ പദ്ധതി നടപ്പാക്കണം. സ്ലൂയിസുകൾ കാര്യക്ഷമമാക്കിയും സബ്കനാലുകൾ നവീകരിച്ചും ഫീൽഡ് ബൂത്തികൾ നവീകരിച്ചും ജലസേചനം കാര്യക്ഷമമാക്കാൻ കഴിയും. ഡ്രിപ്പ് ഇറിഗേഷൻ സമ്പ്രദായം ആവിഷ്ക്കരിക്കണം.

കൃഷിരീതി

കാർഷികമേഖലയിലെ പുരോഗതി ലക്ഷ്യമിടുന്ന ഒട്ടേറെ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കണം. ഏറ്റവും

ഗുണമേൻമയുള്ള നല്ലയിനം നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കണം. ദീർഘകാല വിളകളും ഹ്രസ്വകാല വിളകളും പുതിയവ ധാരാളമായി ഉൽപാദിപ്പിക്കപ്പെടണം. ഇവ കർഷകർക്ക് ആവശ്യാനുസരണം എത്തിച്ചുകൊടുക്കാൻ സർക്കാർ പദ്ധതിവേണം. ഇക്കാര്യത്തിലും കൃഷിയുടെ ഓരോ ഘട്ടത്തിലും സർക്കാർ സബ്സിഡിയും പ്രോത്സാഹനവും മേൽനോട്ടവും വേണം. ഇക്കാര്യത്തിൽ റബ്ബർബോർഡിന്റെ മാതൃക മറ്റ് എല്ലാ കാർഷിക വിളകളുടെ വികസനത്തിനും അനുവർത്തിക്കാവുന്നതാണ്. തെങ്ങിൻതോട്ടങ്ങളിലും മറ്റ് തോട്ടവിളകൾ കൃഷിചെയ്യുന്ന പ്രദേശങ്ങളിലും ഇടവിളകൾ സാദ്ധ്യതയ്ക്കനുസ്സരിച്ച് പ്രോത്സാഹിപ്പിക്കുക. പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് വൻതോതിൽ മുൻഗണന നൽകണം. ഇവയുടെ ശാസ്ത്രീയ കൃഷിരീതികൾ കർഷകർക്ക് പടിപ്പിച്ചുകൊടുക്കുന്നതിനും പദ്ധതിവേണം. ശാസ്ത്രീയമായ വളപ്രയോഗ രീതികൾ സർവ്വത്രികമാക്കുകയും മണ്ണ് പരിശോധനാ സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കാൻ പദ്ധതിവേണം. രാസവളങ്ങളുടെ ക്രമാതീതമായ വിലവർദ്ധന, സമയത്ത് കിട്ടാത്ത സ്ഥിതി എന്നിങ്ങനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയ്ക്ക് സീസൺ ആവുന്നതിന് മുൻപായി വളം ലഭ്യമാക്കാൻ പരിപാടിവേണം. സബ്സിഡികൾ എപ്പോഴും നിലനിർത്തണം. സഹകരണ സംഘങ്ങളിലൂടെ ഇത് നടപ്പാക്കാൻ കഴിയും. രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം കുറക്കുന്ന കൃഷിരീതി നടപ്പാക്കണം. ജൈവവളങ്ങൾ ധാരാളം ഉണ്ട്. പച്ചിലവളം, ചാണകം, കമ്പോസ്റ്റ് എന്നിവ ധാരാളം ഉപയോഗിക്കാനാവും. കർഷകന് ഉൽപ്പന്നങ്ങൾ സൂക്ഷിച്ച് വെക്കുന്നതിന് ഇന്ന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ വിളവെടുപ്പുകാലത്തുതന്നെ വിറ്റഴിക്കേണ്ടി വരുന്നു. ഇത് വിലയിടിവിന് കാരണമാവുന്നു. ഇതിനൊരു പരിഹാരമാർഗ്ഗമെന്ന നിലയിൽ പഞ്ചായത്തിൽ ഒരു വെയർഹൗസും കോൾഡ് സ്റ്റോറേജും സർക്കാർ ഉടമയിൽ ആരംഭിക്കണം. പഴം, പച്ചക്കറികൾ ഉൾപ്പെടെ എല്ലാ ഉൽപ്പന്നങ്ങളും സൂക്ഷിച്ചുവെക്കാനാകും. സൂക്ഷിച്ച് വെച്ച ഉൽപ്പന്നങ്ങൾക്ക് ലോണുകൾ ലഭ്യമാക്കാനും പദ്ധതിയുണ്ടെങ്കിൽ വിലയിടിച്ച് തടയാനാകും.

കൃഷിഭവൻ, ബാങ്കുകൾ

കാർഷിക മേഖലയിൽ സാങ്കേതിക സൗകര്യങ്ങൾ കൃഷി ഉദ്യോഗസ്ഥരുടെ സേവനം ബാങ്കുകളുടെ അനുഭാവ പൂർണ്ണമായ സഹകരണം എന്നിങ്ങനെയുള്ള ഘടകങ്ങൾ എല്ലായ്പ്പോഴും കർഷകന് ലഭ്യമാക്കണം. ഇതിനായി കൃഷിഭവൻ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തണം. പദ്ധതികളെപ്പറ്റി ജനങ്ങൾക്ക് അപ്പപ്പോൾ വിവരങ്ങൾ ലഭിക്കത്തക്ക സംവിധാനം വേണം. കാർഷികമേഖലയിൽ കാലാകാലങ്ങളിൽ നടക്കുന്ന പ്രവർത്തികളിൽ മേൽനോട്ടം, ഉപദേശനിർദ്ദേശങ്ങൾ എന്നിത്യാതി കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിന് പര്യാപ്തമാം വിധം കൃഷിഭവൻ വിപുലപ്പെടുത്തണം. ഫീൽഡ് പ്രവർത്തനങ്ങൾക്ക് കൂടുതൽ ഓഫീസർമാരെ നിയമിക്കണം.

കൃഷിമേഖലയിൽ ഇന്ന് ലോണുകൾ പരിമിതമാണ്. കൃഷി ലാഭകരമല്ല എന്ന കാരണം കൊണ്ട് തന്നെ കാർഷിക ബാങ്കുകൾ, സഹകരണബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ എന്നിവ ആവശ്യാനുസരണം വായ്പ നൽകാൻ വിമുഖത കാട്ടുന്ന സ്ഥിതിയുണ്ട് എന്നാൽ വിഭവസമാഹരണത്തിന് കർഷകനെ ചൂഷണം ചെയ്യുന്നുമുണ്ട്. 5 ലക്ഷം വിലയുള്ള ഒരേക്കർ വസ്തുവിന്റെ ഈടിൻമേൽ മൂവായിരം രൂപയിൽ കൂടുതൽ കാർഷിക വായ്പ ലഭിക്കാത്ത അവസ്ഥയാണ്. ഇത് കർഷകന്റെ ആവശ്യങ്ങളുമായി ഒട്ടും പൊരുത്തപ്പെടുന്നില്ല. സഹകരണ ബാങ്കും ഇതിൽനിന്ന് ഭിന്നമല്ല. ഇതുമൂലം മറ്റ് വായ്പകളേയും പ്രൈവറ്റ് സ്ഥാപനങ്ങളേയും വട്ടിപ്പലിശക്കാരേയും ആശ്രയിക്കേണ്ട അവസ്ഥ കർഷകന് ഉണ്ട്. യഥാർത്ഥരേഖകൾ ഹാജരാക്കുന്നവർക്കുപോലും അംഗത്വം കിട്ടാനുള്ള ബുദ്ധിമുട്ടുകളും സഹകരണ രംഗത്ത് നിലവിലുണ്ട്.

കാർഷിക വായ്പയുടെ പരിധി ഏക്കറടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുകയും ഇപ്പോഴും ഇതിന്റെ അഞ്ചിരട്ടിയെങ്കിലുമായി പരിധി ഉയർത്തുകയും അനാവശ്യമായ വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് നടപടികൾ ഉണ്ടാക്കണം. ജപ്തി പോലുള്ള നടപടികളിൽ അയവേറിയ നയം ഉണ്ടാവണം. വട്ടിപ്പണക്കാരേയും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളേയും നിയമം മൂലം നിയന്ത്രിക്കാൻ നടപടി ഉണ്ടാകണം. സഹകരണ സ്ഥാപനങ്ങൾ കർഷകരുടെ സന്തതസഹചാരിയാകേണ്ടതാണ്. പഞ്ചായത്തിൽ കർഷകന്റെ ആവശ്യങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ പര്യാപ്തമാകത്തക്ക നിലയിൽ ഉള്ള ഒരു സഹകരണ സംഘം മംഗലംഡാം ആസ്ഥാനമായി ആരംഭിക്കാൻ സാദ്ധ്യതയുണ്ട്.

നിർദ്ദേശങ്ങൾ

- ഒന്നാം വാർഡിൽ തിപ്പലിക്കയം-പൈതല, രണ്ടാം വാർഡിൽ ചൂരക്കോട്-കാന്തളംകടവ്, വീട്ടിക്കൽ കടവ്, ആറാം വാർഡിൽ വടക്കേപ്പുഴ പാലത്തിന് സമീപം, ഏഴാം വാർഡിൽ കൊരക്കാലിക്കടവ്, എട്ടാം വാർഡിൽ പോത്തുണ്ടി പുഴയിൽ പുല്ലമ്പാടം കടവ്, ഒൻപതാം വാർഡിൽ ഇലക്കോട്, പത്താം വാർഡിൽ കൊഴുക്കുളി എന്നിവിടങ്ങളിൽ ചെക്ക്ഡാമുകൾ നിർമ്മിക്കണം.
- ഒന്നാം വാർഡിൽ മേമല, പോത്തൻതോട്,

ചെമ്പൻകുന്ന് എന്നിവിടങ്ങളിലെ പ്രകൃതിദത്തമായ നീർച്ചാലുകൾ സംരക്ഷിച്ച് ജലസേചനയോഗ്യമാക്കൽ

● മംഗലംഡാം പത്തടി ഉയർത്തി ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പദ്ധതി.

● നാലാം വാർഡിൽ വളയൽ പുഴയിൽ നിലവിലുള്ള ചെക്ക് ഡാമുകളിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ സ്കീം.

● പൊൻകണ്ടം, ഒലിങ്കടവ്, പൂതങ്കോട്, മരുതൻകുളമ്പ്, നെൻമേനിപാടം, കുരിക്കൻകുളമ്പ്, കടലോട്, പാല എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിച്ച് ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി.

● പഞ്ചായത്തിന്റെതായ പൈതല, വീട്ടിക്കൽക്കടവ്, ആടുവെട്ടാൻകുളമ്പ്, മരുതൻകുളമ്പ്, ചെറിയ ചാൽ, കവറക്കുളമ്പ്, കുന്നങ്കോട്ടുകുളം, കല്ലക്കുളമ്പ്, കരിമ്പ്റോഡ്, തുടങ്ങിയ ഏരികൾ ആഴം കൂട്ടി സൈഡ്കെട്ടി ജലസംഭരണ ശേഷി വർദ്ധിപ്പിക്കാൻ പദ്ധതി.

● മംഗലംഡാം ജലസേചന പദ്ധതിയുടെ പ്രധാന കനാലുകൾ സബ്കനാലുകൾ, ഫീൽഡ്ബൂത്തികൾ, സ്ലൂയിസുകൾ, എന്നിവ കാര്യക്ഷമമാക്കി സൈഡ് കോൺക്രീറ്റ് ചെയ്ത് സംരക്ഷിക്കാൻ പദ്ധതി.

● കടലോട്മുതൽ പുല്ലമ്പാടം വരെയുള്ള തോട് വടക്കേക്കളം-ചൂരക്കോട്തോട്, ചല്ലുവടിതോട് എന്നിവ സൈഡ് കെട്ടി സംരക്ഷിക്കുന്ന പദ്ധതി.

● പഞ്ചായത്തിൽ സമഗ്രമായ വാട്ടർഷെഡ് പദ്ധതി.

● മഴവെള്ളം സംരക്ഷിക്കുന്നതിനുള്ള ടാങ്കുകൾ, മറ്റ് പദ്ധതികൾ.

● ഗ്രൂപ്പ് ഇറിഗേഷന് സബ്സിഡിയോടെ ലോൺ.

● ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി.

● പഞ്ചായത്തിൽ മണ്ണ് പരിശോധനാ കേന്ദ്രം.

● രാസവളം, കീടനാശിനികൾ എന്നിവയ്ക്ക് വിതരണ ഡിപ്പോ.

● എല്ലാ കൃഷികൾക്കും ഇൻഷൂറൻസ് ആനുകൂല്യം.

● എല്ലാകൃഷികൾക്കും സൗജന്യവൈദ്യുതി ലഭ്യമാക്കുന്നതിന് പദ്ധതി.

● പോത്തുണ്ടി ഇടത് കനാൽ കരിമ്പറോഡിൽ നിന്നും കുരിക്കൻകുളമ്പ്, വെള്ളയമ്പാടം വരെ നീട്ടണം.

● പച്ചക്കറിയിൽ സ്വയം പര്യാപ്തതയ്ക്ക് വിപുലമായ പദ്ധതി.

● പട്ടുനൂൽ പുഴു വളർത്തൽ പദ്ധതി.

● പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്ന മണൽ വാരൽ നിരോധിക്കുക. വനനശീകരണം നിർത്താൻ പദ്ധതി.

● ചല്ലുവടി ഭാഗത്തും കമ്മാൻതറയിലും കനാൽ സംരക്ഷിക്കാൻ പദ്ധതി.

● സൈഡ്കെട്ടി സംരക്ഷിക്കുന്നതോടുകളിൽ ചെറിയ തടയണകൾ ആവശ്യമുള്ളിടത്ത് നിർമ്മിക്കണം.

● ജൈവവളത്തിന് കർഷകർക്ക് സബ്സിഡി നൽകണം.

● കാർഷികോപകരണങ്ങൾ (ട്രാക്ക്ടർ, ടില്ലർ) ഉൾപ്പെടെ കൃഷിഭവൻ മുഖേന നൽകുമ്പോൾ കർഷകർക്ക് 50% സബ്സിഡിയും പാടശേഖരസമിതികൾക്ക് സൗജന്യമായും നൽകാൻ പദ്ധതി.

● കാർഷികവിളമത്സരം സംഘടിപ്പിച്ച് കർഷകർക്ക് പ്രോത്സാഹനം നൽകുക.

● എല്ലാകൃഷികൾക്കും ഇൻഷൂറൻസ് ആനുകൂല്യം.

● കൃഷിഭവൻ ആഭിമുഖ്യത്തിൽ നഴ്സറികൾ.

● കശുമാവ്, കുരുമുളക്, തെങ്ങ് കൃഷിവികസനത്തിന് വിപുലമായ പദ്ധതി.

● കവുങ്ങ് കൃഷി ശാസ്ത്രീയമായി ആവിഷ്ക്കരിക്കൽ പദ്ധതി.

● കന്നുകാലികൾ (കോഴി, പന്നി) തുടങ്ങിയവയുടെ വിപുലമായ വികസന പരിപാടി. ഇതിലൂടെ ജൈവവളം ധാരാളം ഉണ്ടാക്കാൻ പദ്ധതി.

● രണ്ടാം വിള എടുത്തശേഷം മംഗംലംഡാം-ആയക്കെട്ട് പ്രദേശത്ത് അഞ്ഞൂറ് ഏക്കറിൽ കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ മാതൃകാപച്ചക്കറി കൃഷിക്ക് പദ്ധതി.

● ചെക്ക് ഡാമുകൾക്ക് ഇരുമ്പ് ഷട്ടറുകൾ.

ജലനിയന്ത്രണം, വിതരണം എന്നിവ ജനകീയ സമിതിയുടെ മേൽനോട്ടത്തിൽ.

● കൂൺകൃഷിക്ക് വിപുലമായ പദ്ധതി.

● പഴവർഗ്ഗങ്ങൾ കൃഷിചെയ്യുന്ന പദ്ധതി.

● മംഗലംഡാമിൽ അടിഞ്ഞുകൂടിയ ചെളിമാറ്റാൻ പദ്ധതി (ഇഷ്ടിക നിർമ്മാണത്തിനും, മണ്ണ് ആവശ്യത്തിനും ചെറിയ പാട്ടത്തിന് നൽകാം).

● ടെറസ്സുകളിൽ പുഷ്പകൃഷി, പച്ചക്കറിക്കൃഷി എന്നിവയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതി.

● കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുന്ന പദ്ധതി (ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് തുടങ്ങിയവ)

● അടുക്കളത്തോട്ടം, പുഷ്പക്കൃഷി എന്നിവ നടപ്പാക്കുന്ന വനിതകൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

● വിത്ത്, വളം, എന്നിവ സൗജന്യമായി നൽകി പച്ചക്കറി സ്വയം പര്യാപ്തമാക്കാൻ ഉതകുന്ന പദ്ധതി.

● സ്വകാര്യ കുളങ്ങളിലും കിണറുകളിലും കർഷകർ സ്ഥാപിക്കുന്ന മോട്ടോറുകൾക്ക് സബ്സിഡി.

● പഞ്ചായത്തിൽ വെയർഹൗസും കോൾഡ്സ്റ്റോറേജും.

● ഔഷധസസ്യക്കൃഷിക്ക് പ്രോത്സാഹനം.

● പ്രത്യേക ഘടക പദ്ധതിയിൽ പട്ടികവർഗ്ഗത്തിന് കൃഷിവികസന പദ്ധതി.

● തേനീച്ച വളർത്താൻ വിപുലമായ പദ്ധതി.


● 50 കഴിഞ്ഞ കർഷകർക്ക് പെൻഷൻ

● ഇടിഞ്ഞ്കിടക്കുന്ന പുഴയോരങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി.

● പഞ്ചായത്തിൽ മൂന്ന് കേന്ദ്രങ്ങളിൽ (മംഗലംഡാം, മുടപ്പല്ലൂർ, വണ്ടാഴി) നഗരമാലിന്യങ്ങളിൽ നിന്നും കമ്പോസ്റ്റ് ഉണ്ടാക്കുന്ന പദ്ധതി.

❖❖❖








പ്രവർത്തനങ്ങളിലൂടെ

പ്രവർത്തനങ്ങളിലൂടെ

പ്രവർത്തനങ്ങളിലൂടെ




വൈസ് പ്രസിഡന്റ്
എം. മോഹനൻ
സംസാരിക്കുന്നു.



ജില്ലാപഞ്ചായത്ത് മെമ്പർ
ആലീസ്മാത്യു
ആശംസകൾ അർപ്പിക്കുന്നു.

മൃഗസംരക്ഷണം



മൃഗസംരക്ഷണവും കാർഷിക വികസനവും അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു. നാടുവാഴി ജൻമിത്വ കാലഘട്ടങ്ങളിൽ അടിയാൻമാരും കുടിയാൻമാരും കാർഷിക വൃത്തിക്ക് മൃഗങ്ങളെ മാത്രമാണ് ആശ്രയിച്ചിരുന്നത്. കാർഷിക ഉൽപ്പന്നങ്ങൾ കടത്തുന്നതിനും ഉഴവ് നടത്തുന്നതിനും കാള, പോത്ത് തുടങ്ങിയ മൃഗങ്ങളെയാണ് ഉപയോഗിച്ചിരുന്നത്. പാലിന്റെ ആവശ്യത്തിനായി പശു, ആട് എന്നിവയെ വളർത്തിയിരുന്നു. ആഢ്യത്വത്തിന്റെ ലക്ഷണമായി ജൻമിമാർ കാട്ടാനയെ പിടിച്ച് പരിശീലിപ്പിച്ച് സംരക്ഷിച്ചിരുന്നു. മാത്രമല്ല, പശുക്കളേയും വളർത്തിയിരുന്നു. ആട്, കോഴി എന്നിവയുടെ മാംസം എല്ലാവിഭാഗം ജനങ്ങളും ഉപയോഗിച്ചിരുന്നു. കാട്ടുമൃഗങ്ങളുടെ മാംസം ധാരാളം ലഭ്യ മായിരുന്നു. ഇതും എല്ലാവരും ഉപയോഗിച്ചിരുന്നു. സമൂഹത്തിലെ ഒരു ചെറു ന്യൂനപക്ഷം ജനങ്ങൾ ചത്തകന്നുകലികളുടെ മാംസം ഭക്ഷിച്ചിരുന്നു.

മേച്ചിൽ സ്ഥലങ്ങൾ ധാരാളം ഉണ്ടായിരുന്നതിനാൽ ആ കാലഘട്ടങ്ങളിൽ കാലി വളർത്തലിന് കൂടുതൽ സൗകര്യം ഉണ്ടായിരുന്നു. കുടിയാൻമാരായിരുന്നു കന്നുകാലികളെ സാർവ്വത്രികമായി വളർത്തിയിരുന്നത്. ഇവയുടെ പരിപാലനത്തിന് അടിയാൻമാരെ ഏൽപ്പിക്കുകയാണ് പതിവ്. പാലിന്റെ ഉപയോഗം കുറവായിരുന്നു. നാടൻ ഇനങ്ങളായിരുന്നു പ്രചാരത്തിൽ. ജൻമിത്വം പോയി. കൃഷിഭൂമി കുടിയാന് സ്വന്തമായതോടെ കൃഷിരീതിയിൽ കൂടുതൽ മാറ്റം വന്നു. സ്വന്തമെന്ന കാഴ്ച പ്പാടോടെ കർഷകൻ കൃഷികൾ മെച്ചപ്പെടുത്താൻ തുടങ്ങി. ഇതോടെ രാസവളങ്ങൾക്കും യന്ത്രവൽക്കരണത്തിനും പ്രാധാന്യം വന്നു. ജൻമിത്വം പോയതോടെ കൃഷിയുമായി ബന്ധപ്പെട്ട കാലിവളർത്തൽ കുറയുകയും, പാൽ ആവശ്യ ത്തിനുമാത്രമായി കാലി വളർത്തൽ തുടങ്ങി. കരഭൂമിയിലും കൃഷികൾ വ്യാപിച്ചുതുടങ്ങിയതോടെ മേച്ചിൽപുറങ്ങളും പരിമിതമായിതുടങ്ങി. ജൻമിമാർക്കും അവരുടെ മൃഗങ്ങളെ പരിപാലിക്കാനാവാത്ത നിലയിലെത്തി.

മൂന്നാം പഞ്ചവത്സരപദ്ധതിയോടെ ധവളവിപ്ലവം എന്ന ആശയം നിലവിൽവന്നു. പാൽ ഉപയോഗം കൂടി. നമ്മുടെ നാടൻ ഇനങ്ങൾ പോരാതെ വന്നു. വ്യാവസായിക ആവശ്യത്തിന് പാൽ ഉപയോഗപ്പെടുത്താമെന്ന കാഴ്ചപ്പാട് നിലവിൽവന്നു. ഗവൺമെന്റ് ഇടപെട്ട് നല്ലയിനം കന്നുകാലികളെ ഇറക്കുമതി ചെയ്യുകയും ഇൻഡോ-സ്വിസ് പ്രൊജക്ട് തുടങ്ങിയ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇനങ്ങളിലും ഗുണഫലമായ മാറ്റം ഉണ്ടായി. ജീവിതോപാധിയായി പശുവളർത്തൽ ജനങ്ങൾ ആരംഭിച്ചു. ഇതിന് ഗവൺമെന്റിന്റെ ധനസഹായം ഉത്തേജകമായി. ഇതോടെ നാടൻ ഇനങ്ങൾ ഗണ്യമായി കുറഞ്ഞു. നാടൻ ഇനങ്ങളിൽ സങ്കരയിനം ബീജം കുത്തിവെച്ചുതുടങ്ങി. ഇപ്പോൾ സങ്കര ഇനങ്ങൾ മുൻപന്തിയിലായി. സഹകരണ സംഘങ്ങൽക്ക് രൂപം നൽകി പാൽ സംഭരണ വിപണന രംഗത്ത് സർക്കാർ മുൻകൈ വന്നതോടെ ചെറിയ മുതൽ മുടക്കിൽ വരുമാനം ഉണ്ടാക്കാവുന്ന ഒരു തൊഴിലായി ജനങ്ങൾ പശുവളർത്തൽ ഏറ്റെടുത്തു.

കാലിവളർത്തൽ ജീവിതോപാധിയായി ധാരാളം ആളുകൾ സ്വീകരിച്ചുതുടങ്ങി. നിരവധി പ്രശ്നങ്ങൾ ഈ മേഖലയെ നഷ്ടത്തിലെത്തിക്കുന്ന സ്ഥിതിയുണ്ട്. പച്ചപ്പുല്ലിന്റെ ലഭ്യത തീരെ കുറഞ്ഞു. കാലിത്തീറ്റകൾക്കും വൈക്കോലിനും മൃഗസംരക്ഷണോപാധികളുടെ വില വർദ്ധനയും കാലി സംരക്ഷണരംഗത്തെ പ്രശ്നങ്ങളാണ്. തദ്ദേശീയമായി ലഭ്യമായിരുന്ന തവിട്, പിണ്ണാക്ക് തുടങ്ങിയവയുടെ ലഭ്യത കുറവും വിലക്കൂടുതലും മറ്റൊരു പ്രശ്നമാണ്. പാലിനും മറ്റും ഉൽപാദനച്ചിലവിനനുസൃതമായ വില കിട്ടാത്തതും പ്രശ്നമാണ്. കാലാവസ്ഥക്ക് അനുസൃതമായ പ്രതിരോധ ശേഷി മൃഗങ്ങളിലും കോഴികളിലും കുറഞ്ഞുവരുന്നതിനാൽ ഇവയെ പരിപാലിക്കുന്നത് ദുഷ്ക്കരമായിരിക്കുന്നു. പുറം നാടുകളിലേക്ക് വൈക്കോൽ കയറ്റിപ്പോകുന്നതുമൂലം ബാക്കി വരുന്ന വൈക്കോലിന് തീവില നൽകേണ്ടിവരുന്നതും പ്രശ്നമാണ്. പാൽ ഉൽപാദന രംഗത്ത് അഞ്ച് ക്ഷീരസഹകരണ സംഘങ്ങളും ഒരു മൃഗാശുപത്രിയും രണ്ട് ബീജധാന ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. പാൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു സെന്ററും പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ഇപ്പോൾ മൃഗങ്ങളുടെ മാംസത്തിന് പ്രിയമേറിയിട്ടുണ്ട്. മാംസത്തിനായുള്ള മൃഗപരിപാലനമില്ല. പുറത്തുനിന്നും കൊണ്ടുവരുന്ന മൃഗങ്ങളെക്കൊന്ന് മാംസം വിൽക്കുന്ന എട്ട് അനധികൃത അറവ് ശാലകൾ പ്രവർത്തിക്കു ന്നുണ്ട്.

ഇറച്ചിക്കോഴി വളർത്തലും, മുട്ടക്കോഴിവളർത്തലും തീരെയില്ല. കോഴിയിറച്ചി, മുട്ട എന്നിവയുടെ ഉപയോഗം കൂടിയിട്ടുണ്ട്. കുടിയേറ്റ മേഖലയിൽ മാത്രം പന്നിവളർത്തൽ ഒതുങ്ങി നിൽക്കുന്നു. ഇതും പരിമിതമായിമാത്രം. മുയൽ,

താറാവ് തുടങ്ങിയവയും കാര്യമായിട്ടില്ല.

പ്രശ്നങ്ങൾ

1. പാൽ വിപണന കേന്ദ്രങ്ങളുടെ കുറവ്.
2. നല്ലയിനം പശുക്കളേയും പക്ഷിമൃഗാദികളേയും വളർത്തുന്നതിനുള്ള സാങ്കേതിക ജ്ഞാനത്തിന്റെ കുറവ്.
3. ഭൗതികസാഹചര്യങ്ങൾ ഇല്ലായ്മ.
4. ഗവൺമെന്റിന്റെ സാമ്പത്തികലഭ്യതയുടെ കുറവ്.
5. വൈദ്യ ശുശ്രൂഷക്കുള്ള വിഷമതകൾ.
6. ഗുണനിലവാരമുള്ള മേൽത്തരം മൃഗങ്ങളുടെ ലഭ്യതക്കുറവ്.
7. യുവതലമുറയ്ക്ക് മൃഗപരിപാലനത്തോടുള്ള താല്പര്യക്കുറവ്.

പരിഹാര മാർഗങ്ങൾ

1. വാർഡിൽ ഒരു ക്ഷീരസഹകരണ സംഘം എന്ന നിലയിൽ പാൽ ഉൽപാദനരംഗത്ത് നടപടികൾ.
2. കാലിവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ തൊഴിലുകളിൽ വ്യാപൃതരായവർക്കും അതിൽ താല്പര്യമുള്ളവർക്കും ആവശ്യമായ ബോധവൽക്കരണവും മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്ത് മുൻകയ്യെടുത്ത് നടത്തണം.
3. a). തീറ്റപ്പുല്ല്കൃഷി ഗവൺമെന്റിന്റെ സഹായത്തോടെ വ്യാപകമാക്കുക.
   b). പ്രാദേശിക സഹകരണ സംഘങ്ങളിൽകൂടി കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകാൻ പദ്ധതിവേണം.
   c). തൊഴുത്തുനിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും ഗവൺമെന്റ് തലത്തിൽ ഗ്രാന്റ് നൽകുന്ന പരിപാടി ഉണ്ടാവണം.
   d). ആവശ്യാനുസരണം, സബ്സിഡിയോടെയുള്ള സാമ്പത്തിക സഹായം ഉദാരമായ വ്യവസ്ഥകളോടെ നടപ്പാക്കണം.
   e).വില്ലേജിൽ ഒരു മൃഗാശുപത്രിയും വാർഡിൽ ഒരു ബീജധാന ഉപകേന്ദ്രവും തുടങ്ങുക.
   നിലവിലുള്ളവയുടെ വിപുലീകരണത്തിന് പദ്ധതി.
   f). മൃഗാശുപത്രികളുടെ മേൽനോട്ടത്തിൽ ഗുണമേൻമയുള്ള പശുക്കളെ ലഭ്യമാക്കണം. സബ്സിഡിയോടെ ഈ പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ ഫാമുകളിൽ നിന്നുള്ളവക്ക് മുൻഗണന നൽകുക.
   g). ഈ രംഗത്തെ തൊഴിലിന്റെ മാന്യത യുവാക്കളെ ബോദ്ധ്യപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണ പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കണം.

നിർദ്ദേശങ്ങൾ

പുതിയ ക്ഷിരോൽപാദക സഹകരണ സംഘങ്ങൾ താഴെ പറയുന്ന സ്ഥലങ്ങളിൽ തുടങ്ങണം.


വാർഡ്	സ്ഥലം
1	പൊൻകണ്ടം
3	ചിറ്റടി
5	കിഴക്കേത്തറ മാരിയമ്മൻകോവിൽ
8	പുല്ലമ്പാടം
11	പടിഞ്ഞാറേക്കാട്
12	കുന്നുപറമ്പ്

പേവിഷബാധ പ്രതിരോധന ചികിത്സ 114

മൃഗങ്ങൾ രോഗവിവരം 1995–96

കൃത്രിമ ബീജസങ്കലനം 1960

രോഗം	പശു	ആട്	എരുമ	പട്ടി	കോഴി
ദഹനസംബന്ധം	576	348	36	60	–
ശ്വാസകോശം	72	36	–	–	–
ഉപാപചയം	108	48	–	–	–
ത്വക്ക് രോഗം	132	24	–	–	72
ധാതുലവണക്കുറവ്	36	–	–	–	–
പരാദരോഗം	936	36	–	–	–
പ്രത്യുൽപാദന സംബന്ധം	432	72	–	–	–
വന്ധ്യത	240	12	–	–	–
അകിടുവീക്കം	168	12	–	–	–
മുടന്തൻപനി	96	–	–	–	–
പകർച്ചവ്യാധി	115	12	–	–	–



മത്സ്യബന്ധനം

പരമ്പരാഗതമായ രീതിയിൽ മത്സ്യം ലഭിച്ചിരുന്നത് പുഴ, കുളം, നെൽപ്പാടങ്ങൾ എന്നിവിടങ്ങളിൽനിന്നാണ്. ബ്രാല്, മൊയ്ല്, ആരൽ, മനങ്ങ്, പകിരി, ചരൽ, ചീക്, കുറുവ, വാള, തെണ്ണി, കൊഴുവ എന്നീ ഇനങ്ങളായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. പലകാരണങ്ങളാൽ ഇവയെല്ലാം ഇന്ന് വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. ബ്രാല്, വാള എന്നിവ തീർത്തും വംശനാശം സംഭവിച്ചുകഴിഞ്ഞു. ഞണ്ട്, ഞവിഞ്ഞി എന്നിവയും വംശനാശം നേരിടുന്നു. മംഗലംഡാം റിസർവോയറിൽ വളർത്തുമത്സ്യങ്ങളായ ലേബിയ, സൈപ്രസ്, തിലോപ്പിയ തുടങ്ങി ധാരാളം ഇനം മത്സ്യം വളർത്തുന്നുണ്ട്. കൂടാതെ നാട്ടിൽ കുളങ്ങളിലും സ്വകാര്യകുളങ്ങളിലും മത്സ്യകൃഷിയുണ്ട്. ആദ്യകാലങ്ങളിൽ കോരുവല, വീശുവല, ഒറ്റൽ, കുരുത്തി, തണ്ടാടിവല, ചൂണ്ട എന്നിവയാണ് മത്സ്യബന്ധനത്തിന് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ. കൂടാതെ നഞ്ച് കലക്കിയും മീൻ പിടിച്ചിരുന്നു. ഇന്ന് വീശുവല, തണ്ടാടിവല, ചൂണ്ട എന്നിവയാണ് പ്രധാനമായും മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നത്. മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചവർ ഈ പഞ്ചായത്തിൽ ഇല്ല. മത്സ്യബന്ധനം ഒരു ഉപതൊഴിലായി ചുരുക്കംപേർ സ്വീകരിച്ചിരുന്നു. ഭൂരിപക്ഷം ജനങ്ങളും അവരവർക്ക് ആവശ്യമുള്ള മത്സ്യം സ്വയം പിടിച്ച് ഉപയോഗിച്ചിരുന്നു. മംഗലംഡാമിൽ മത്സ്യബന്ധനത്തിന് ഇപ്പോൾ 53 പേർ തൊഴിലെടുക്കുന്നുണ്ട്. ഹരിജൻ സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ തന്നെയാണ് ഇവർ തൊഴിലെടുക്കുന്നത്. സംഘത്തിന്റെ നേതൃത്വത്തിൽ തന്നെയാണ് മത്സ്യക്കൃഷിയും വിപണനവും നടത്തുന്നത്. പുറമെനിന്ന് കടൽമത്സ്യം കൊണ്ടുവന്നുവിൽക്കുന്നവരും ഉണക്കമത്സ്യക്കടകൾ നടത്തുന്നവരും ഇവിടെയുണ്ട്. മത്സ്യ ഉപയോഗം വ്യാപകമായി വർദ്ധിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. വേനൽക്കാലങ്ങളിൽ കുളങ്ങളും പുഴകളും വറ്റിവരളുന്നു.
2. കീടനാശിനികളുടെ അമിത ഉപയോഗം.
3. വരൾച്ച.
4. ജലമലിനീകരണം.
5. ജലസേത്രസ്സുകളുടെ കുറവ്.
6. സാക്രമിക രോഗങ്ങൾ.
7. മത്സ്യകൃഷിയെപ്പറ്റി പരിജ്ഞാനക്കുറവ്.
8. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്.
9. വിപണന കേന്ദ്രങ്ങൾ (ചന്ത) ഇല്ലായ്മ.
10. സാമ്പത്തിക വിഷമം.

സാദ്ധ്യതകൾ

1. പുഴകളിൽ ചെക്ക്ഡാമുകൾ നിർമ്മിച്ച് ജലസംഭരണം വർദ്ധിപ്പിക്കുക.
2. കുളങ്ങളിലെ സംഭരണശേഷി വർദ്ധിപ്പിക്കുക.
3. വീടുകളിൽ ചെറിയ ടാങ്കുകൾ, കുളങ്ങൾ, നിർമ്മിച്ച് ജലം സംഭരിക്കൽ.
4. മത്സ്യങ്ങൾക്ക് നാശം സംഭവിക്കാൻ ഇടയുള്ളതും അമിത വിഷാംശം ഉള്ളതുമായ കീടനാശിനികളും രാസവസ്തുക്കളും ഉപയോഗിക്കുന്നത് നിയന്ത്രിക്കുക.
5. മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ അപ്പപ്പോൾ കണ്ടെത്തി ചികിത്സയ്ക്ക് മത്സ്യഭവൻ തുടങ്ങൽ.
6. മത്സ്യകൃഷിയുടെ ശാസ്ത്രീയാവബോധം ജനങ്ങൾക്ക് ലഭ്യമാക്കൽ.
7. മത്സ്യഭവൻ, മത്സ്യഫെഡ് എന്നിവയിലൂടെ നല്ലയിനം കുഞ്ഞുങ്ങളെ ലഭ്യമാക്കൽ.
8. പഞ്ചായത്തിൽ മത്സ്യമാർക്കറ്റുകളും മത്സ്യവിപണന കേന്ദ്രങ്ങളും ആരംഭിക്കൽ.
9. മത്സ്യകൃഷിക്ക് സർക്കാർ സാമ്പത്തിക സഹായം സഹകരണാടിസ്ഥാനത്തിൽ നൽകുക.

നിർദ്ദേശങ്ങൾ


പഞ്ചായത്തിലെ എല്ലാ കുളങ്ങളിലും മത്സ്യകൃഷി സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം.

2. സ്വകാര്യവ്യക്തികളുടെ കുളത്തിൽ മത്സ്യം വളർത്തു

ന്നതിനുള്ള സാങ്കേതിക ഉപദേശവും സഹായവും പഞ്ചായത്തടിസ്ഥാനത്തിൽ ചെയ്യുക.


3. മംഗലംഡാം, വണ്ടാഴി, മുടപ്പല്ലൂർ എന്നീ കേന്ദ്രങ്ങളിൽ ഒരോ മത്സ്യച്ചന്ത തുടങ്ങുക.
4. പഞ്ചായത്ത് അതിർത്തിയിൽ ഒരു മത്സ്യഭവൻ തുടങ്ങുക.
5. ഒന്നാം വാർഡിൽ മംഗലംഡാം റിസർവോയറിലും മൂന്നാം വാർഡിൽ കുന്നങ്കാട്ടുകുളം ഏരിയിലും അഞ്ചാം വാർഡിൽ കരിമ്പറോഡ് ഏരിയിലും ഓരോ മത്സ്യവളർത്തുകേന്ദ്രം സ്ഥാപിക്കുക.
6. പടുത്തല കുളത്തിൽ ഒരു ആമവളർത്തുകേന്ദ്രം സ്ഥാപിക്കുക.
7. പഞ്ചായത്തുതലത്തിൽ ഒരു മത്സ്യസംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.
8. അലങ്കാര മത്സ്യകൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളും സാങ്കേതിക സഹായവും പഞ്ചായത്ത്തലത്തിൽ ലഭ്യമാക്കുക.
9. മത്സ്യ ഹാച്ചറികൾ സ്ഥാപിക്കുക.
10. മത്സ്യനെഴ്സറി മംഗലംഡാം റിസർവോയറിനോടനുബന്ധിച്ച് ആരംഭിച്ച് കർഷകർക്ക് സബ്സിഡി റേറ്റിൽ വിതരണം ചെയ്യുക.


95/96 കന്നുകാലികളുടെ സ്ഥിതിവിവരക്കണക്ക്



95-96 കന്നുകാലികളുടെ സ്ഥിതിവിവര കണക്ക്

പോത്ത്, എരുമ, നാടൻ പെൺമരിയാട്, കോലാട്




2000
1600
1200
800
400
1964
1000
529
440
233
നാടൻ
സങ്കരം
പന്നി
മുയൽ
വളർത്തു
ന്നത്
ഉടമസ്ഥൻ
ഇല്ലാത്തത്
പട്ടി
മൃഗങ്ങൾ
1995-96
പക്ഷികൾ
കോഴി
നാടൻ
സങ്കരം
മുട്ടക്കുള്ളവ
ഇറച്ചിക്കുള്ളവ
ടർക്കി
കാട
മറ്റുള്ളവ
1000
2000
3000
4000
5000
6000
7000
8000
9000
10000
11000
12000
11254
4811
5544
2380
642
125
162



വിദ്യാഭ്യാസം

ചരിത്രപ്രസിദ്ധങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല. പൂർവ്വികരിൽ നിന്ന് ഇളംതലമുറക്ക് താളിയോല ഗ്രന്ഥങ്ങളിലൂടെയും മുഖാമുഖവും അറിവ് കൈമാറുന്ന രീതിയായിരുന്നു. പിന്നീട് കുട്ടികളുടെ പഠനത്തിൽ താല്പര്യമുള്ള രക്ഷിതാക്കൾ ആശാൻമാരെ കൂട്ടുകുടുംബങ്ങളിൽ ക്ഷണിച്ചുവരുത്തി വിദ്യ അഭ്യസിപ്പിക്കുന്ന രീതി നിലവിൽവന്നു. ഇത്തരത്തിലുള്ള വിദ്യാഭ്യാസം സവർണ്ണ വിഭാഗത്തിൽ മാത്രമാണ്. നിലനിന്നിരുന്നത്. കുട്ടികളെ രാമായണം, മഹാഭാരതം തുടങ്ങിയ ഇതിഹാസങ്ങൾ വായിക്കുന്നതിനും ഗണിതശാസ്ത്രത്തിന്റെ പ്രാഥമിക പാഠങ്ങൾ പഠിപ്പിക്കുന്നതിനും ഇത് സഹായകമായി. ചെറിയ ഒരുവിഭാഗം അക്ഷരശ്ലോകങ്ങളിലും അറിവ് നേടിയിരുന്നു. മുത്തശ്ശിക്കഥകളിലൂടെ വളർന്നുവരുന്ന തലമുറയെ സൻമാർഗചിന്തകൾ ഉറപ്പിക്കുന്നതിനും വ്യക്തിത്വം വളർത്തുന്നതിനും സഹായിച്ചിരുന്നു. പരിമിതമായ കുടുംബങ്ങളിൽ മാത്രമായി ഈ അറിവ് പകരുന്ന രീതിയും വിദ്യാഭ്യാസമുള്ളവരും പരിമിതപ്പെട്ടിരുന്നു. ശാസ്ത്ര-ചരിത്ര വിഷയങ്ങൾക്ക് വിദ്യാഭ്യാസത്തിൽ ഒരു സ്ഥാനവും ഉണ്ടായിരുന്നില്ല.

പാലക്കാട് രാജകുടുംബത്തിന്റെ ഭാഗമായ നെല്ലിക്കല്ലിടം കുടുംബമാണ് ആദ്യമായി വണ്ടാഴിയിൽ 1900-ൽ ഒരു എലിമെന്ററി സ്ക്കൂൾ സ്ഥാപിച്ചത്. 1923-ൽ മുടപ്പല്ലൂരിൽ ഒരു പെൺപള്ളിക്കൂടവും മാത്തൂരിൽ ഒരു എലിമെന്ററി സ്ക്കൂളും നിലവിൽവന്നു. അതേ വർഷംതന്നെ വണ്ടാഴി എലിമെന്ററി സ്ക്കൂൾ ഹയർഎലിമെന്ററി സ്ക്കൂളായി ഉയർത്തി. 1940-ൽ ചല്ലുവടിയിൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഒരു പ്രൈമറി വിദ്യാലയം ആരംഭിച്ചു. പിന്നീടത് അടച്ചുപൂട്ടി മുടപ്പല്ലൂർ പെൺപള്ളിക്കൂടത്തോട് ചേർത്തു. ഈ പ്രാഥമിക വിദ്യാലയങ്ങൾ സവർണ്ണ വിഭാഗത്തിലെ സമ്പന്നരുടെ മക്കൾക്കും വിദ്യാഭ്യാസം ലഭിക്കുന്നതിന് കാരണമായി. പഞ്ചായത്തിലെ ഭൂരിഭാഗം കുട്ടികളേയും സ്ക്കൂളിൽ ചേർത്തിരുന്നില്ല. 5-ാം ക്ലാസ് മുതൽ ഫീസ് കൊടുക്കണമെന്നത് പലരുടേയും വിദ്യാഭ്യാസം ഇടക്ക് നിർത്താൻ കാരണമായിട്ടുണ്ട്. മംഗലംഡാമിന്റെ നിർമ്മാണം ആ പ്രദേശത്തേക്ക് ജനങ്ങളുടെ കുടിയേറ്റത്തിന് കാരണമായി. ഐക്യകേരളപ്പിറവിയും തുടർന്നുവന്ന ഭൂപരിഷ്കരണവും ഫീസ് സൗജന്യവും ലംസംഗ്രാന്റ് പോലുള്ള സൗകര്യങ്ങളും കുട്ടികളെ സ്ക്കൂളിലയക്കാൻ രക്ഷിതാക്കൾക്ക് പ്രേരണയായി. മുല്ലക്കലിൽ ഒരു പ്രൈമറി വിദ്യാലയവും മംഗലംഡാമിൽ ഒരു പ്രൈമറി വിദ്യാലയവും ആരംഭിച്ചു. 1962-ലാണ് ആദ്യമായി വണ്ടാഴിയിലുള്ള ഹയർ എലിമെന്ററി സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തിയത്. മംഗലംഡാമിലുള്ള സി.എം.ജി.എൽ.പി സ്ക്കൂൾ യു.പിയായും പിന്നീട് ലൂർദ്ദ്മാതാ ഹൈസ്ക്കൂളായും ഉയർത്തി. മംഗലഗിരിയിൽ ഒരു എൽ.പി സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ പഞ്ചായത്ത് മേഖലയിൽ 4 എൽ.പി സ്ക്കൂളുകളും ഒരു യു.പി സ്ക്കൂളും രണ്ട് ഹൈസ്ക്കൂളുകളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് പരിധിയിൽ പഠിക്കുന്ന കുട്ടികളുടേയും വിദ്യാലയങ്ങളുടെ സ്ഥിതിവിവരം അനുബന്ധത്തിൽ പട്ടികയായി ചേർത്തിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് പട്ടികവർഗ്ഗക്കാർ താമസമുണ്ടെങ്കിലും ആ വിഭാഗത്തിലെ കുട്ടികൾ ആരും തന്നെ ഇപ്പോൾ വിദ്യാലയങ്ങളിൽ പഠിക്കുന്നില്ല. മംഗലംഡാം ഹൈസ്ക്കൂൾ ഒഴികെ മറ്റെല്ലാ വിദ്യാലയങ്ങളിലും കുട്ടികൾ കുറഞ്ഞുവരുന്നതായി കാണുന്നു. കുടുംബ ക്ഷേമപ്രവർത്തനങ്ങളും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളും ഇതിന് കാരണമാണ്.

പഞ്ചായത്ത് പ്രദേശത്തെ വിദ്യാലയങ്ങളും അതിൽ പ്രവർത്തിച്ചുവരുന്ന അധ്യാപകരുടെ വിവരവും ചാർട്ട്-1 ൽ ചേർക്കുന്നു.

അദ്ധ്യാപക രക്ഷാകർതൃസമിതി

പഞ്ചായത്ത് പരിധിയിലെ എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ രൂപീകരിച്ചിട്ടുണ്ടെങ്കിലും സജീവമല്ല. പ്രവർത്തനം തൃപ്തികരമല്ല. ഗവ. യു.പി സ്ക്കൂൾ മുടപ്പല്ലൂരിലെ പി.ടി.എ 25000 രൂപയിൽ ഏറെ അധ്യാപകരിൽ നിന്നും രക്ഷിതാക്കളിൽ നിന്നുമായി കഴിഞ്ഞവർഷം ഫണ്ട്

രൂപീകരിച്ച് പഴയ ഒരു കെട്ടിടം പുതുക്കിപ്പണിതിട്ടുണ്ട്. സി.വി.എം ഹൈസ്ക്കൂളിലെ എസ്.എസ്എൽ.സി റിപ്പോർട്ട് മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. പി.ടി.എയുടെ പ്രവർത്തനരീതിയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും രക്ഷിതാക്കളുടെ പങ്കിനെക്കുറിച്ചും രക്ഷിതാക്കൾ വേണ്ടത്ര ബോധവൻമാരല്ലാത്തതും പ്രധാന അധ്യാപകരുടെ താല്പര്യക്കുറവും ജനപ്രതിനിധികൾക്ക് പങ്കാളിത്തമല്ലാത്തതും പരിശോധനാ ഉദ്യോഗസ്ഥരുടെ അശ്രദ്ധയും പി.ടി.എ കൾ നിർജ്ജീവങ്ങളാക്കിത്തീർത്തിരിക്കുന്നു.

പഠനപ്രവർത്തനങ്ങൾ

പഠനപ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ കാര്യമായി നടക്കുന്നില്ല. ക്ലാസുമുറികളിൽ ഒതുങ്ങിനിൽക്കുന്ന അധ്യാപന രീതിയാണ് നിലനിൽക്കുന്നത്. ലൈബ്രറി, ലബോറട്ടറി, സയൻസ് ക്ലബ്ബുകൾ, കരിയർ കോർണർ, പ്രവർത്തിപരിചയ ക്ലാസ്സുകൾ, കലാസാഹിത്യ പ്രോത്സാഹനത്തിനുള്ള സാഹിത്യ സമാജങ്ങൾ, സ്ക്കൂൾ പാർലിമെന്റുകൾ തുടങ്ങി സ്ക്കൂളിനകത്ത് നടക്കേണ്ട പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. സി.വി.എം ഹൈസ്ക്കൂളിൽ സ്കൗട്ടിന്റെയും ഗൈഡിന്റെയും പരിശീലനവും സി.വി.എം.എൽ.പി യിൽ ക്ലബ്ബിന്റെ പ്രവർത്തനവും ഉണ്ട് എന്നതാണ് എടുത്തുപറയാവുന്നതായി ഉള്ളത്. പഠനനിലവാരം സൂചിപ്പിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

പാഠ്യാനുബന്ധ പ്രവർത്തനം

ഉപജില്ല-ജില്ല-സംസ്ഥാനതലങ്ങളിൽ സംഘടിപ്പിക്കുന്ന കലോത്സവം, സ്ക്കൂൾ സ്പോർട്സ്, ഗെയിംസ്, ശാസ്ത്രപ്രദർശനം, പ്രവൃർത്തി പരിചയമേള, ഗണിതശാസ്ത്ര പ്രദർശനം, നിന്തൽമത്സരം, ക്വിസ് മത്സരങ്ങൾ തുടങ്ങിയ മത്സരങ്ങളിൽ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിന്നുള്ള പങ്കാളിത്തം തീരെ കുറവാണ്. ഗെയിംസിന്റെ ചില ഇനങ്ങളിൽ നേട്ടം കൈവരിക്കാൻ സി.വി.എം ഹൈസ്ക്കൂളിനും അത്ലറ്റിക്ക് ഇനങ്ങളിൽ നേട്ടംകൈവരിക്കാൻ ലൂർദ്ദ്മാതാ ഹൈസ്ക്കൂൾ മംഗലംഡാം, ജി.യു.പി.എസ് മുടപ്പല്ലൂർ എന്നീ വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഹൈസ്ക്കൂളുകളിൽ പരിശീലനം ലഭിച്ച പ്രത്യേകം അധ്യാപകരുണ്ടെങ്കിലും ആയത് പ്രതിഫലിക്കുന്നില്ല.

സമാന്തര വിദ്യാലയങ്ങൾ

പഞ്ചായത്തിന്റെ പലഭാഗത്തും നഴ്സറി വിദ്യാലയങ്ങൾ എൽ.കെ.ജി, യു.കെ.ജി ക്ലാസ്സുകൾ നടത്തി വരുന്നു. മുടപ്പല്ലൂരിൽ എൻ.എസ്.എസ് സ്ക്കൂൾ, പന്തപ്പറമ്പിലെ പ്രഭാ ഇംഗ്ലീഷ് മിഡിയം സ്ക്കൂൾ എന്നിവ പ്രൈവറ്റ് തലത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളാണ്. ഒരു വനിതാ പാരലൽ കോളേജ് ചിറ്റടിയിലും രണ്ട്വീതം പാരലൽ കോളേജുകൾ വണ്ടാഴി, മുടപ്പല്ലൂർ ഭാഗങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. 4 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും 2 കേന്ദ്രങ്ങളിൽ ടൈലറിങ്ങും പഠിപ്പിക്കുന്നു. എസ്.എസ്.എൽ.സി തോറ്റ കുട്ടികൾക്ക് തുടർ പഠനത്തിന് വേണ്ട കോളേജുകളോ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോ ഇല്ലാതെ വന്നതും പാരലൽ കോളേജുകളുടെ വളർച്ചയ്ക്ക് കാരണമായി. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാരെ കുറഞ്ഞകൂലിക്ക് കിട്ടുന്നതും ട്യൂട്ടോറിയലുകളുടെ വളർച്ചയെ സഹായിച്ചു.

അനൗപചാരിക വിദ്യാഭ്യാസം

ദേശീയപ്രസ്ഥാനം ശക്തിപ്രാപിച്ചപ്പോൾ ആശയം ജനങ്ങളിലെത്തിക്കാൻ തറയോഗങ്ങളും മറ്റും നടത്തിയിരുന്നു. ഈ ബോധവൽക്കരണം ജൻമികളിൽ ആശങ്ക വളർത്തുകയും അത്തരം ക്ലാസ്സുകൾ ഭരണാധികാരികളുടെ സഹായത്താൽ തടഞ്ഞുനിർത്തുന്നതിനുള്ള ശ്രമവും ഉണ്ടായി. തുടർന്ന് ഗ്രന്ഥശാലകളും ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് വയോജനവിദ്യാഭ്യാസ ക്ലാസ്സുകളും സംഘടിപ്പിക്കപ്പെട്ടു. ആശയപ്രചരണത്തിനായി കലാസമിതികൾ രൂപീകരിക്കപ്പെട്ടു. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കാൻ അധ്യാപകരിൽ ചിലർ തയ്യാറായിരുന്നു. ഐക്യകേരള രൂപീകരണത്തിനുശേഷവും വയോജന വിദ്യാഭ്യാസരീതി ഒരു ചുരുങ്ങിയ കാലം നിലനിന്നുവെങ്കിലും തുടർന്ന് നടപ്പിലാക്കാൻ തയ്യാറായില്ല. 1987-ൽ ആരംഭിച്ച സാക്ഷരത നിരക്ഷരതാ പരിഹാരത്തിന് സഹായകമായിരുന്നു എങ്കിലും തുടർപ്രവർത്തനത്തിന്റെ അഭാവം ജനങ്ങളെ നിരക്ഷരതയിലേക്ക് തിരികെ കൊണ്ടുപോയി.

പ്രശ്നങ്ങൾ

1. പട്ടികവർഗക്കാർ മക്കളെ സ്ക്കൂളിൽ ചേർക്കുന്നില്ല.
2. പ്രാഥമിക വിദ്യാഭ്യാസത്തിന് വിദ്യാലയത്തിലേക്കുള്ള ദൂരക്കൂടുതൽ.
3. രക്ഷിതാക്കളുടെ ബോധക്കുറവ്.
4. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളുടെ കുറവ്.
5. നിരക്ഷരത.
6. നോഡപകടങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്കുള്ള ആശങ്ക.
7. അധ്യാപന നിലവാരത്തിന്റെ കുറവ്.

8. അംഗനവാടികളുടെ കുറവ്.
9. വിദ്യാഭ്യാസ നിലവാരത്തിൽ ഉണ്ടായ കുറവ്.
10. വിദ്യാലയങ്ങളിലെ നിരക്ഷരത.
11. കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്.
12. ലക്ഷ്യബോധ്യമില്ലാത്ത പാഠ്യപദ്ധതി.
13. ലൈബ്രറി, ലാബറട്ടറി തുടങ്ങിയ പഠനോപകരണങ്ങളുടെ ഉപയോഗക്കുറവ്.
14. പോഷകാഹാരത്തിന്റെ കുറവ്.
15. ക്ലാസ്സുമുറികളുടേയും സ്ക്കൂൾ പരിസരത്തിന്റെയും ശുചിത്വക്കുറവ്.
16. കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്.
17. പഴഞ്ചനായ അധ്യാപന രീതി.
18. പാഠ്യപ്രവർത്തനങ്ങളിലും പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലുമുള്ള അലംഭാവം.
19. വീടുകളിലുള്ള സാഹചര്യത്തിന്റെ പരിമിതികൾ.
20. സാമൂഹ്യമായ പിന്നോക്കാവസ്ഥ.
21. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്.

സാദ്ധ്യതകൾ

✦ പട്ടികവർഗക്കാർ കൂടുതൽ താമസിക്കുന്ന പ്രദേശത്ത് ഒരു ബോർഡിംഗ് വിദ്യാലയം ആരംഭിക്കാം.

✦ വിദ്യാലയം ആവശ്യമായ പ്രദേശത്ത് പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കാം.

✦ വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യമാക്കുന്നതിനുള്ള സെമിനാറുകൾ നടത്താം.

✦ പഞ്ചായത്ത് സഹായത്തോടെ പി.ടി.എ കളുടെ നേതൃത്വത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താം.

✦ സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി ആരംഭിക്കാം.

✦ വിദ്യാലയങ്ങൾക്ക് സമീപം സൈൻ ബോർഡുകളും റോഡിൽ ഹംമ്പും സ്ഥാപിക്കാം.

✦ അധ്യാപകർക്ക് വർഷംതോറും ഇൻസർവ്വീസ് കോഴ്സ് നടത്താം.

✦ അംഗൻവാടികൾ ഇല്ലാത്ത പ്രദേശങ്ങളിൽ അംഗൻവാടികൾ തുടങ്ങാം.

✦ പാഠ്യപദ്ധതി പരിഷ്ക്കരിച്ചും അധ്യാപനരീതിയിൽ മാറ്റം വരുത്തിയും പരിഹരിക്കാം.

✦ ക്ലാസ്സുകളിലുള്ള നിരക്ഷരരായ കുട്ടികളെ കണ്ടെത്തി പരിഹാരബോധനം നടത്താം.

✦ നൈബർ സ്ക്കൂൾ സമ്പ്രദായം ശക്തിപ്പെടുത്തിയും അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ നിരോധിച്ചും കുട്ടികളുടെ കുറവ് പരിഹരിക്കാം.

✦ വ്യക്തിത്വം വളർത്താവുന്ന രീതിയിലും തൊഴിലധിഷ്ഠിതമായും പാഠ്യപദ്ധതി നവീകരിക്കാം.

✦ ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവും വായനാശീലവും പരിശോധിക്കുന്നതിന് പ്രത്യേകരീതിയിലുള്ള പരീക്ഷകൾ ആരംഭിക്കാം.

✦ പ്രാദേശികമായ വിഭവങ്ങൾ ഉൾപ്പെടുത്തി പോഷകാഹാര വിതരണരീതി മെച്ചപ്പെടുത്താം. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് വിദ്യാലയങ്ങളിലെ വൈദ്യപരിശോധനയ്ക്ക് വേണ്ട നിർദ്ദേശം നൽകാം.

✦ ക്ലാസ്മുറികളും വിദ്യാലയവും ശുചീകരിക്കുന്നതിന് വേണ്ട ഉപകരണങ്ങൾ വിതരണം ൽടത്തുകയും ആരോഗ്യ പ്രവർത്തകരുടെ പരിശോധന ഏർപ്പെടുത്തുകയും ചെയ്യാം. വിദ്യാലയങ്ങൾക്കകത്ത് കുടിവെള്ളം എത്തിക്കുന്നതിന് ജലവിതരണ പൈപ്പുകൾ നീട്ടി പി.ടി.എ കളുടെ സഹായത്തോടെ ഗ്രൗണ്ട്ടാങ്ക് നിർമ്മിക്കാം.

✦ പഞ്ചായത്ത് തലത്തിലും സ്ക്കൂൾതലത്തിലും കോംപ്ലക്സ് പ്രവർത്തനം സജീവമാക്കി സംജ്ഞക്ട് കൗൺസിലുകൾ രൂപീകരിച്ചും അധ്യാപകർക്ക് പരിശീലനം നൽകാം.

✦ ജനകീയ മോണിറ്റിംഗ് ഏർപ്പെടുത്താം.

✦ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ പഞ്ചായത്ത്തല മത്സരങ്ങൾ ഏർപ്പെടുത്താം. സ്ക്കൂൾ ലീഡർതെരഞ്ഞെടുപ്പിൽ മാത്രം ഒതുങ്ങിനിൽക്കാതെ സ്ക്കൂൾ പാർലിമെന്റുകൾ മാസത്തിൽ ഒരുതവണയെങ്കിലും കൂടി പ്രവർത്തനം വിലയിരുത്താം.

✦ പി.ടി.എ യുടെ സഹായത്തിൽ ഗൃഹസന്ദർശനം നടത്തി വീടുകളിലെ പരിമിതികൾ പഠിക്കുകയും രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യാം.

✦ കുട്ടികളെക്കൊണ്ട് ജോലിചെയ്യിക്കുന്നത് നിയമം മൂലം കർശനമായി തടയാം.

നിർദ്ദേശങ്ങൾ

1. പട്ടികവർഗ്ഗക്കാർ കൂടുതൽ താമസിക്കുന്ന തളികക്കല്ലിൽ ഒരു ഏകാധ്യാപക ബോഡിംഗ് സ്ക്കൂൾ ആരംഭിക്കണം.
2. ഒന്നാം വാർഡിൽ കടപ്പാറ, മുന്നാംവാർഡിൽ ചിറ്റടി അഞ്ചാം വാർഡിൽ കിഴക്കേത്തറ, ഒൻപതാം വാർഡിൽ പന്തപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ ഓരോ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.
3. സ്ക്കൂൾ തലത്തിലും ക്ലാസ്തലത്തിലും രക്ഷിതാക്കളുടെ യോഗങ്ങൾ വിളിച്ച് ചർച്ചകൾ നടത്തുക.
4. സെന്റ്മേരീസ് എൽ.പി സ്ക്കൂൾ, എ.എൽ.പി.എസ് മുടപ്പല്ലൂർ സൗത്ത് എന്നീ പ്രൈമറി വിദ്യാലയങ്ങൾ യുപി ആയും ഗവ. യു.പി സ്ക്കൂൾ മുടപ്പല്ലൂർ ഹൈസ്ക്കൂളായും ഉയർത്തണം.
5. വണ്ടാഴി സി.വി.എം.എച്ച്.എസ് ഹയർസെക്കന്ററി വിദ്യാ

ലയമാക്കുക. പഞ്ചായത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയം ആരംഭിക്കണം.

6. സാക്ഷരത തുടർവിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം.

7. സ്ക്കൂൾ കോംപ്ലക്സിൽ, പി.ടി.എ മാതൃസംഗമം എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഇത്തരം സമിതികൾ കൂടണമെന്ന് നിഷ്പക്ഷിക്കുകയും അത്തരം സമിതികളിൽ പഞ്ചായത്ത് മെമ്പർമാരെ നിർബന്ധമായും പങ്കെടുപ്പിക്കുകയും ചെയ്യേണ്ടതാണ്.

8. പഞ്ചായത്ത് തലത്തിൽ ശിൽപശാല സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നിർമ്മിക്കുകയും ആയത് സൂക്ഷിക്കുന്നതിനുള്ള സൗകര്യം വിദ്യാലയങ്ങളിൽ ഉണ്ടാക്കുകയും വേണം.

9. പഞ്ചായത്ത് പ്രദേശത്തെ എല്ലാ വിദ്യാലയങ്ങളിലും ഏത്സമയത്തും പരിശോധന നടത്തുന്നതിനുള്ള അധികാരം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ജനകീയസമിതികൾക്ക് നൽകണം.

10. ഔദ്യോഗിക തല പരിശോധന എല്ലാവർഷവും നടക്കുമെന്ന് ഉറപ്പാക്കണം.

11. യു.പി. സ്ക്കൂളുകളിൽ ഒരു ക്ലാർക്കിനെ നിയമിക്കണം. പത്തിൽ കൂടുതൽ അധ്യാപകർ ജോലിചെയ്യുന്നിടത്ത് ഒരു അഡീഷണൽ ടീച്ചറെ നിയമിക്കണം.

12. പഞ്ചായത്ത് അടിസ്ഥാനത്തിൽ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് മത്സരം ഏർപ്പെടുത്തണം.

13. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് പ്രത്യേകം പരിശീലനം ലഭിച്ച അധ്യാപകരെ പഞ്ചായത്ത് തലത്തിൽ നിയമിച്ച് അവരുടെ സേവനം ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഓരോ വിദ്യാലയത്തിലും ലഭ്യമാക്കണം.

14. ഓരോ ക്ലാസിലും നിരക്ഷരരെ കണ്ടെത്തി പരിഹാരബോധനം നടത്തുന്നതിന് ദിവസവും ഒരു പിരീഡ് അനുവദിക്കണം.

15. സ്ക്കൂളുകൾക്ക് മുമ്പിലൂടെ പോകുന്ന എല്ലാ റോഡുകളിലും സൈൻബോർഡുകളും ഹമ്പുകളും സ്ഥാപിക്കണം.

16. കുട്ടികളെ ഏറ്റവും അടുത്തുള്ള വിദ്യാലയത്തിൽ ചേർക്കണമെന്ന നിയമം കർശനമാക്കണം. പ്രൈമറി തലത്തിൽ മാതൃഭാഷ ഒഴികെയുള്ള ഭാഷാബോധനം കർശനമായി നിരോധിക്കണം.

17. അനധികൃത വിദ്യാലയങ്ങളും നഴ്സറി സ്ക്കൂളുകളും നിർത്തലാക്കാൻ നിയമം ഉണ്ടാവണം.

18. പോഷകാഹാരത്തിന്റെ വിതരണ ചുമതല ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കണം.

വിദ്യാഭ്യാസം

വരവ്-ചെലവ് കണക്ക്

വരവ്

ക്രമ നമ്പർ	ഇനവിവരം	തുക
1.	സർക്കാർ	37584.00
2.	ഫീസിനം	33518.00
3.	എൻഡോവ്മെന്റ്	120.00
4.	പി.ടി.എ ഫണ്ട്	27578.00
5.	മറ്റ് വരവ്	598.00
	ആകെ	99398.00

ചെലവ്

ക്രമ നമ്പർ	ഇനവിവരം	തുക
1.	കെട്ടിടം അറ്റകുറ്റപ്പണി	47801.00
2.	ഫർണ്ണിച്ചർ അറ്റകുറ്റപ്പണി	11400.00
3.	ഉപകരണങ്ങൾ	2650.00
4.	സ്പോർട്സ്	8940.00
5.	കലാവിനോദങ്ങൾ	3061.00
6.	ലൈബ്രറി	6120.00
7.	ഉച്ചക്കഞ്ഞി	37813.00
8.	മറ്റ് ചിലവ്	3842.00
	ആകെ	121627.00

N.B : P.T.A ഫണ്ട് ശേഖരണം

1. സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ, മംഗലഗിരി – 350.00
2. Govt. U.P. സ്ക്കൂൾ, മുടപ്പല്ലൂർ – 16745.00
3. ലൂർദ്ദ്മാതാ എച്ച്.എസ്. മംഗലംഡാം– 6300.00
4. C.V.M.H.S വണ്ടാഴി – 4183.00

19. പാഠഭാഗം ആസ്പദമാക്കി ചർച്ച നടത്തി പൊതുവായ നിഗമനങ്ങളിലെത്തുക. ഓരോ കുട്ടിക്കും അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള അവസരം നൽകണം. ഇതിനായി ഒരു ചാർട്ട് തയ്യാറാക്കാം.

20. വിദ്യാലയങ്ങൾ സന്ദർശിച്ച് ഭൗതിക സൗകര്യങ്ങളുടെ പട്ടിക തയ്യാറാക്കുക. ഓരോ വിദ്യാലയത്തിലും ലഭ്യമായ സൗകര്യങ്ങൾ താരതമ്യം ചെയ്യുക. ഇവയിൽ ഏതെല്ലാം സൗകര്യങ്ങൾ ഉണ്ടാകണമെന്ന് നിർദ്ദേശിക്കുക.

ചന്ത നിലവാരം

സ്കൂളിന്റെപേര്	സ്റ്റാൻഡേർഡ്											ആകെ കുട്ടികൾ			SC/ST കുട്ടികൾ			ഭിന്നശേഷി കുട്ടികൾ						ചലനം						ചലനം						ഹാജർനില
																					SC	ST	മറ്റുള്ളവർ	നിരന്തരമിടപെടുന്നവർ			SC/ST			മറ്റുള്ളവർ			നിരന്തരമിടപെടുന്നവർ			SC/ST		
	-	2	3	4	5	6	7	8	9	10		ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെകുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെകുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെകുട്ടികൾ				ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെകുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെകുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെകുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെകുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെകുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെകുട്ടികൾ	
1. A.L.P.S കുടവിള്ളകം സന്താരത്	53	54	61	70								125	114	239	16	15	31	2	-	2	-	2	12	4	16	-	1	1	-	3	4	1	2	3	4	3
2. St:മേരീസ് L.P.S മാറനിരി	55	53	71	59								125	113	238	16	13	29	1	0	1	1	7	5	12	16	-	1	1	-	2	3	1	2	3	6	3
3. C.V.M.L.P.S വണ്ടാഴി.	158	169	195	201								397	326	723	77	55	132	11	4	15	15	31	13	44	59	3	9	10	7	17	7	10	11	21	17	26
4. K.R.M.L.P.S കുളുക്കാർ	59	62	63	68								119	133	252	12	9	21	2	0	2	2	6	6	12	15	-	-	-	-	1	2	1	3	4	3	3
5. G.U.P.S കുടവിള്ളകം	114	108	123	116	165	170	153					498	451	949	81	66	147	13	10	23	1	1	1	2	16	2	3	3	3	11	6	5	11	17	9	20
6. L.M.H.S മാറനിരിയാം					345	347	391	475	470	329		1195	1162	2357	169	152	321	27	18	45	23	68	66	134	242	5	2	7	11	55	7	13	38	10	45	21	66
7. C.V.M.H.S വണ്ടാഴി.					312	304	310	294	255	202		1306	1237	2543	175	214	389	30	37	67	124	78	66	144	242	5	2	7	11	55	7	13	38	10	45	21	66

30-ാം പേജ് തുടർച്ച

2 പുതിയ മൃഗാശുപത്രികൾ തുടങ്ങേണ്ട സ്ഥലങ്ങൾ:-

1 മംഗലംഡാം

2 മുടപ്പല്ലൂർ

3 ബീജധാന ഉപകേന്ദ്രങ്ങൾ തുടങ്ങേണ്ട സ്ഥലങ്ങൾ :-

1 പൊൻകണ്ടം

2 കിഴക്കേത്തറ

3 ചിറ്റടി

4 പുല്ലംപാടം

5 കുന്നുപറമ്പ്

6 പടിഞ്ഞാറേകോട്

4 മുട്ടക്കോഴി വളർത്തുന്നതിന് സഹകരണ അടിസ്ഥാനത്തിൽ പദ്ധതികൾ:-

1 ആറാം വാർഡിൽ കിഴക്കുമുറി

2 പന്ത്രണ്ടാം വാർഡിൽ കുന്നുപറമ്പ്

5 കോഴിക്കുഞ്ഞുങ്ങളും തീറ്റയും സർക്കാർ സഹായത്തോടെ ലഭ്യമാക്കി വീടുകളിൽ ചെറിയ യൂണിറ്റുകൾക്കുള്ള പദ്ധതി

6 മംഗലം ഡാമിൽ പന്നി വളർത്തൽ കേന്ദ്രം

7 5-ാം വാർഡ്, 12-ാം വാർഡ്,1-ാം വാർഡ് എന്നിവിടങ്ങളിൽ ആടുവളർത്തൽ കേന്ദ്രങ്ങൾ

8 മുടപ്പല്ലൂരിൽ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം

9 മംഗലം ഡാം, വണ്ടാഴി, മുടപ്പല്ലൂർ കേന്ദ്രങ്ങളിൽ മാംസ്യ സംസ്കരണ വിപണന കേന്ദ്രങ്ങൾ

39-ാം പേജ് തുടർച്ച

വിദ്യാലയ വിവരങ്ങൾ:-

S.S.L.C. വിജയശതമാനം

പേര്	1992-93	1993-94	1994-95	1995-96
L.M.H.S				
മംഗലംഡാം	89%	72%	70%	59%
C.V.M.H.S				
വണ്ടാഴി	25%	21%	25%	29%

പഞ്ചായത്തിലെ ആകെ വിദ്യാലയങ്ങൾ 9

എൽ.പി.സ്കൂൾ	6
യു.പി.സ്കൂൾ	1
ഹൈസ്കൂൾ	2

ഉടമസ്ഥത

സർക്കാർ	1
എയ്ഡഡ്	6
അൺ എയ്ഡഡ്	2 ഇംഗ്ലീഷ് മീഡിയം

വിദ്യാർത്ഥികൾ

ആൺ	3765
പെൺ	3536
ആകെ	7301

അദ്ധ്യാപകർ

പുരുഷൻ	48
സ്ത്രീ	148
ആകെ	196

68-ാം പേജ് തുടർച്ച

സാംസ്കാരികം പട്ടിക


ഉത്സവങ്ങൾ

* മുടപ്പല്ലൂർ അഴീക്കുളങ്ങര ഭഗവതി വേല
* നെല്ലിക്കോട് വേല
* വണ്ടാഴി കിഴക്കേത്തറ വേല
* വണ്ടാഴി കിഴക്കേത്തറ മാരിയമ്മൻ പൊങ്കൽ
* മുടപ്പല്ലൂർ മാത്തൂർ പൊങ്കൽ
* മംഗലംഡാം കതിരുത്സവം
* പുല്ലംപാടം കതിരുത്സവം
* കുന്നുപറമ്പ് കതിരുത്സവം
* മംഗലഗിരി RC പള്ളി പെരുന്നാൾ
* പൊൻകണ്ടം RC പള്ളി പെരുന്നാൾ
* മംഗലംഡാം RC പള്ളി പെരുന്നാൾ
* മംഗലംഡാം യാക്കോബായ പള്ളിപെരുന്നാൾ
* വണ്ടാഴി പാളയം RC പള്ളി പെരുന്നാൾ
* വിവിധ സ്ഥലങ്ങളിലെ അയ്യപ്പൻ പാട്ടുകൾ


മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ




സി. രാജഗോപാലൻ നായർ




കെ. കുമാരൻ മാസ്റ്റർ



സി.വി. മാധവൻ



കെ.എം. ഉദുമാൻ മാസ്റ്റർ



സി.കെ. ജനാർദ്ദനൻ

കുടിവെള്ളവും പൊതുജനാരോഗ്യവും

ചരിത്ര പശ്ചാത്തലം

പഞ്ചായത്ത് അതിർത്തിയിൽ തലയിൽതട്ടി എന്ന പേരിൽ അറിയപ്പെട്ടിരുന്ന കോളറ, അമ്മദീനം എന്നപേരിൽ വസൂരി, ക്ഷയം, കുഷ്ഠം, മലമ്പനി, വില്ലൻചുമ (തൊണ്ണൂറാം കുര), പിള്ളവാതം, വാതരോഗങ്ങൾ, ഡിഫ്ത്തീരിയ (തൊണ്ടമുള്ള്) ഗ്രഹണി, ചൊറി, ചിരങ്ങ്, ടെറ്റനസ്, അഞ്ചാംപനി, നീർപുളവൽ (ചിക്കൻപോക്സ്), ഭ്രാന്ത്, കരപ്പാൻ, കാമാല (മഞ്ഞപ്പിത്തം) കാരമുള്ള് (മാലക്കണ്ണ്) ചൂടുകുരു, ചെങ്കണ്ണ് എന്നീരോഗങ്ങൾ വ്യാപകമായി ഉണ്ടായിരുന്നു. അർശസ്, കോളറ (വയറിളക്കം), വസൂരി എന്നീ പകർച്ചവ്യാധികൾ ജനങ്ങളുടെ കൂട്ടമരണത്തിന് കാരണമായിരുന്നു. ഇത്തരം മാരകരോഗങ്ങൾക്ക് കാരണം ദൈവകോപമാണെന്ന് വിശ്വസിച്ചിരുന്നത്കൊണ്ട് ചികിത്സയെ ജനം ആശ്രയിച്ചിരുന്നില്ല. ചികിത്സാരീതികളും നിലവിലുണ്ടായിരുന്നില്ല. രോഗികളെ മറ്റ് ജനങ്ങളിൽനിന്ന് മാറ്റിപ്പാർപ്പിക്കുന്ന സമ്പ്രദായം (വരച്ചുകിടത്തൽ) നിലനിന്നിരുന്നു. കുഷ്ഠരോഗം സർപ്പശാപമാണെന്നും ജനം വിശ്വസിച്ചിരുന്നു. ഭ്രാന്ത്, തുടങ്ങിയ മാനസികരോഗങ്ങൾ ശത്രുക്കൾ നടത്തുന്ന ദുർമന്ത്രവാതത്തിന്റെ ഫലമാണെന്നും വിശ്വസിച്ചിരുന്നു.

വസൂരി രോഗത്തിന് മാരിയമ്മൻ പൂജകളും കുഷ്ഠ രോഗത്തിന് കളമെഴുത്ത്പാട്ടുപോലുള്ള സർപ്പപ്രീതന ക്രിയകളുമാണ് പരിഹാരമായി കണ്ടിരുന്നത്.

മറ്റുരോഗങ്ങൾക്കും വിഷചികിത്സകൾക്കും പാരമ്പര്യ വൈദ്യൻമാരേയും ഒറ്റമൂലികളേയുമാണ് ആശ്രയിച്ചിരുന്നത്. മന്ത്രവാദികളേയും ആശ്രയിച്ചിരുന്നു. മഞ്ഞപ്പിത്ത ചികിത്സയ്ക്ക് ഊതുന്ന സമ്പ്രദായവും ഒറ്റമൂലികളുമാണ് പരിഹാരമായി കണ്ടിരുന്നത്. മാറാരോഗങ്ങൾക്ക് കാരണം കണ്ടെത്തുന്നതിന് ജോത്സ്യൻമാരെയാണ് ആശ്രയിച്ചിരുന്നത്. കുട്ടികളുടെ ഗ്രഹണിചികിത്സയ്ക്ക് മന്ത്രച്ചരട് (പൂണി) കെട്ടുന്നതും മാനസിക ചികിത്സയ്ക്ക് മന്ത്രക്കൂടുകളും ചരടുകളും പരിഹാരമായി കണ്ടിരുന്നു. ബാലപീഡയ്ക്ക് വണ്ടാഴി രാജകുടുംബമായ നെല്ലിക്കല്ലിടത്തിൽനിന്ന് കണയെണ്ണയും മുടപ്പല്ലൂർ ചാന്തുരിത്തി വെളുത്താക്കൽ വീട്ടുകാരുടെ നീരെണ്ണയും പ്രചാരത്തിലുണ്ടായിരുന്നു. ശസ്ത്രക്രിയയുടെ പ്രാകൃത രൂപമായ മുറുവുകീറലും ചികിത്സയും മാത്തൂർ പ്ലാച്ചിക്കാട് വേലു വൈദ്യരുടെ പ്രത്യേക ചികിത്സയായിരുന്നു. കുമാരമേനോൻ ആയുർവേദത്തിൽ പ്രശസ്തനായിരുന്നു. വണ്ടാഴി-മാലങ്കോട്ട് വീട്ടുകാരും പുല്ലമ്പാടം ചാമിയും പാരമ്പര്യമായി വിഷചികിത്സ നടത്തിയിരുന്നു.

പൊതുജനനനിരക്കും ശിശുമരണ നിരക്കും പൊതുമരണനിരക്കും കൂടുതലായിരുന്നുവെങ്കിലും മാതൃമരണനിരക്ക് പൊതുവേ കുറവായിരുന്നു. വയറ്റാട്ടികളുടെ സേവനവും സ്ത്രീജനങ്ങളുടെ ആരോഗ്യവും വ്യായാമവും ഇതിന് കാരണമാണ്.

പത്തിൽ കൂടുതൽ പ്രസവിച്ച അമ്മമാരുടെ എണ്ണം ധാരാളമായിരുന്നു. കുടുംബക്ഷേമത്തെക്കുറിച്ചുള്ള ബോധം ജനങ്ങൾക്ക് ഉണ്ടായിരുന്നില്ല.

പരിസരശുചിത്വം പൊതുവെ മെച്ചപ്പെട്ടതായിരുന്നുവെങ്കിലും ബഹുഭൂരിപക്ഷത്തിന്റെയും വീടുകൾ വേണ്ടത്ര കാറ്റോ വെളിച്ചമോ കിട്ടാൻ സൗകര്യമുള്ളവയായിരുന്നില്ല. കക്കൂസുകളും കുളിമുറികളും ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ജൻമി കുടുംബങ്ങളിൽ കുളങ്ങളോടനുബന്ധിച്ച് കുളപ്പുരകൾ ഉണ്ടായിരുന്നു. ദാരിദ്ര്യവും ദാരിദ്ര്യജന്യരോഗങ്ങളും കൂടുതലുമായിരുന്നു. (കക്ക സംസ്ക്കരിച്ച്) ചുണ്ണാമ്പ് നിർമ്മിച്ചിരുന്നവരിൽ ക്ഷയരോഗം കൂടുതലായി കണ്ടിരുന്നു. ബീഡിത്തൊഴിലാളികൾ, തയ്യൽതൊഴിലാളികൾ, കൊല്ലപ്പണിക്കാർ എന്നിവരിലും ക്ഷയരോഗം കൂടുതലായി കണ്ടിരുന്നു.

ഒരു ന്യൂനപക്ഷം നൂറും നൂറിൽ കൂടുതലും വയസുവരെ ജീവിച്ചിട്ടുണ്ടെങ്കിലും ശരാശരി ആയുർദൈർഘ്യം നാല്പതിൽ താഴെയായിരുന്നു. ഇതിനാലുള്ള അംഗവൈകല്യം തീരെ കുറവായിരുന്നുവെങ്കിലും രോഗം മൂലം വൈകല്യം സംഭവിച്ചവർ വിരളമല്ല.

പോഷണനിലവാരം ഉയർന്നതായിരുന്നുവെങ്കിലും

അവശവിഭാഗത്തിൽപ്പെടുന്ന ന്യൂനപക്ഷത്തിന് വേണ്ടത്ര ഭക്ഷണലഭ്യത കുറവായിരുന്നു. ആരോഗ്യരക്ഷാ പ്രവർത്തനത്തിന്റെ ഭാഗമായി പ്രസവരക്ഷാ ശുശ്രൂഷയും കർക്കിടകം, കുഭം മാസങ്ങളിൽ കോഴി, ആട് സൂപ്പുകൾ, പയറ്റ്കഞ്ഞി, ഇടിഞ്ഞൽക്കഞ്ഞി, കടുക് വേവിച്ച് കഴിക്കൽ, കക്കുംകായ കഞ്ഞിയും സാർവ്വത്രികമായിരുന്നു. ജൻമികുടുംബങ്ങളിൽ ഉഴിച്ചിലും പിഴിച്ചിലും നടത്തിയിരുന്നു.

പഞ്ചായത്ത് പ്രദേശത്ത് ആരോഗ്യസ്ഥാപനങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. പരമ്പരാഗത ചികിത്സാരീതികളാണ് നിലനിന്നിരുന്നത്.

സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസവും അലോപ്പതി ഹോമിയോപ്പതി ചികിത്സയുടെ പ്രചാരത്തിന് കാരണമായി. 1950 കാലഘട്ടത്തോടെ നെല്ലിക്കല്ലിടത്തിലെ യജമാൻ ഹോമിയോപ്പതി ചികിത്സയും വടക്കഞ്ചേരിയിലെ ചാത്തുഅച്ചൻ അലോപ്പതി ചികിത്സയും ചിറ്റിലംചേരി സേതുഡോക്ടർ അലോപ്പതി ചികിത്സയും ചിറ്റിലംചേരി നാരായണവൈദ്യർ ആയുർവേദ ചികിത്സയും പഞ്ചായത്തിൽ നൽകിയിരുന്നു. തുടർന്ന് ഹോമിയോപ്പതി അലോപ്പതി മേഖലയിൽ വളർച്ചയുണ്ടായി. എന്നാൽ രോഗികളെ കിടത്തിചികിത്സിച്ചിരുന്ന ഒരാശുപത്രി വണ്ടാഴിയിൽ തുടങ്ങിയത് സഹകരണ ആശുപത്രിയാണ്. ആയത് ഇന്ന് നിലവിലില്ല.

സാർവ്വത്രികമായ വിദ്യാഭ്യാസം ആരോഗ്യകുടുംബക്ഷേമകാര്യങ്ങളിൽ വലിയമാറ്റം ഉണ്ടാക്കിയിട്ടുണ്ട്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ചയുടെ ഫലമായി പ്രതിരോധകുത്തിവെയ്പ്പുകൾ നടപ്പിലാക്കിയത് വസൂരി നിർമ്മാർജ്ജനം ചെയ്യാനും മറ്റ് പലസാംക്രമിക രോഗങ്ങളും നിയന്ത്രിക്കുന്നതിനും കാരണമായിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ താഴെ പേർചേർത്ത ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

ആരോഗ്യ സ്ഥാപനങ്ങൾ

പ്രൈമറി ഹെൽത്ത് സെന്റർ, വണ്ടാഴി
ഗവ: ആയുർവേദ ആശുപത്രി, മുടപ്പല്ലൂർ
ഐ.പി.പി സെന്റർ - 6 എണ്ണം
സെ: ജോസഫ് ഹോസ്പിറ്റൽ, മംഗലംഡാം
ധന്യ ക്ലിനിക്ക്, മുടപ്പല്ലൂർ
രാമസ്വാമി ക്ലിനിക്ക്, മുടപ്പല്ലൂർ
ആയുർവേദ ഔഷധശാലകൾ - 6 എണ്ണം
ഹോമിയോ ക്ലിനിക്കുകൾ - 5 എണ്ണം
മെഡിക്കൽ സ്റ്റോർ - 3 എണ്ണം
പാരമ്പര്യ വിഷചികിത്സകൾ - 2 എണ്ണം

പ്രശ്നങ്ങൾ

1. ആധുനിക ചികിത്സയുടെ ലഭ്യതക്കുറവ്.
2. നിലവിലുള്ളവയിൽ എത്തിച്ചേരാനുള്ള ദൂരക്കൂടുതൽ.
3. നിലവിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.
4. വൈദഗ്ധ്യം നേടിയവരുടെ ലഭ്യതയില്ലായ്മ.
5. ആരോഗ്യ സംരക്ഷണത്തോടുള്ള അലംഭാവം.
6. സാമ്പത്തികമായ പിന്നോക്കാവസ്ഥ.
7. രോഗികളോടുള്ള ആരോഗ്യ പ്രവർത്തകരുടെ മോശമായ സമീപനം.
8. തുറന്ന സ്ഥലങ്ങളിലുള്ള മലമൂത്ര വിസർജ്ജനം.
9. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്.
10. പോഷകാഹാരത്തിന്റെ കുറവ്.
11. കൊതു, ഈച്ച എന്നിവയുടെ ക്രമാതീതമായ പെരുപ്പം.
12. മദ്യപാനം, പുകവലി, പാൻമസാല എന്നിവ മൂലമുള്ള ദൂഷ്യങ്ങൾ.
13. പേവിഷം, പാമ്പുവിഷബാധ

സാദ്ധ്യത

- നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ എല്ലാവിധ ചികിത്സയ്ക്കും ഉള്ള സൗകര്യം ഉണ്ടാക്കുന്നതോടൊപ്പം ഐ.പി.പി സെന്ററുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.
- രോഗനിർണയത്തിന് ആവശ്യമായ ആധുനിക യന്ത്രസാമഗ്രികൾ അടക്കമുള്ള ക്ലിനിക്കൽ ലാബറട്ടറി സ്ഥാപിക്കാം. ജീവൻരക്ഷാമരുന്നുകൾ പ്രൈമറി ഹെൽത്ത് സെന്ററിൽ ലഭ്യമാക്കാം. വിദഗ്ധൻമാരായ ഡോക്ടർമാർ, ടെക്നീഷ്യൻമാർ, നേഴ്സുമാർ എന്നിവരെ ലഭ്യമാക്കാവുന്നതാണ്.
- ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനവും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കാം.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ചികിത്സ സൗജന്യമാക്കാം.
- ജനകീയ ഇടപെടലും ആരോഗ്യപ്രവർത്തകർക്കുള്ള ബോധവൽക്കരണവും നടത്താം.
- സർക്കാർ സഹായത്തോടെ കക്കൂസില്ലാത്ത എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കാം.
- പൊതുസ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കാം.
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയിൽ സർക്കാർ സഹായത്താൽ കക്കൂസ് നിർമ്മിക്കാം.
- 100 മീറ്ററിനകത്ത് കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി തയ്യാക്കുക.
- വിദ്യാർത്ഥികൾക്ക് സർക്കാർ സഹായത്തോടെ സൗജന്യമായി പോഷകാഹാരം നൽകുക. ചിലവ് കുറഞ്ഞ

□ പോഷകാഹാരത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.

□ പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കാ നുള്ള പ്ലാന്റ് സ്ഥാപിക്കണം.

□ മദ്യപാനത്തിന്റെയും പുകവലിയുടേയും ദുഷ്ഫലങ്ങളെക്കുറിച്ച് വാർഡ്തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ഐ.പി.പി സെന്ററിൽ ഡോക്ടറെ നിയമിക്കണം.
2. രണ്ടാം വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.
3. മൂന്നാം വാർഡിൽ ഐ.പി.പി സെന്ററിൽ ഡോക്ടറെ നിയമിക്കണം.
4. അഞ്ചാംവാർഡിൽ ഐ.പി.പി സെന്റർ സ്ഥാപിച്ച് ഡോക്ടറെ നിയമിക്കണം.
5. നിലവിലുള്ള പ്രൈമറി ഹെൽത്ത് സെന്ററിൽ സ്വതന്ത്ര സ്ഥാപനമാക്കി ആധുനിക രീതിയിലുള്ള ക്ലിനിക്കൽ ലാബറട്ടറിയും സ്ഥാപിക്കുകയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുകയും ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ക്വാട്ടേഴ്സ് നിർമ്മിക്കുകയും ചെയ്യുക.
6. എട്ടാം വാർഡിലെ ഐ.പി.പി സെന്ററിൽ ഡോക്ടറെ നിയമിച്ച് വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തുക.
7. മുടപ്പല്ലൂരിലെ ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. പത്താം വാർഡിൽ ഒരു ഐ.പി.പി സെന്റർ തുറക്കണം. പതിനൊന്നാം വാർഡിൽ ഐ.പി.പി സെന്ററിൽ ഡോക്ടറെ നിയമിക്കണം.
8. ആറാം വാർഡിലെ ഐ.പി.പി സെന്റർ ഡിസ്പെൻസറിയായി ഉയർത്തുക.
9. ഒൻപതാം വാർഡിലുള്ള ഐ.പി.പി സെന്ററിൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കണം.
10. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ എല്ലാ വീട്ടുകാർക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുക. പൊതുസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും പഞ്ചായത്തിന്റെ ചിലവിൽ കക്കൂസുകൾ നിർമ്മിക്കുക.
11. മംഗലംഡാമിലും വണ്ടാഴിയിലും മുടപ്പല്ലൂരിലും ഓരോ പൊതു കംഫർട്ട്സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്. പ്രധാന കവലകളിൽ കുപ്പത്തൊട്ടി സ്ഥാപിക്കുക. അതിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്ത് സംസ്ക്കരിക്കുക.
12. പഞ്ചായത്ത് പരിധിയിൽ ലഭ്യമാകുന്ന പയർ, പച്ചക്കറി പഴങ്ങൾ, ധാന്യങ്ങൾ, ഇലക്കറികൾ എന്നിവയുടെ ഒരു പോഷകാഹാരഘടന തയ്യാറാക്കി ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുക.
13. നിലവിലുള്ള സ്ക്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ മാറ്റം വരുത്തി സമീകൃത ആഹാരം തയ്യാറാക്കി വിതരണം നടത്തുക.
14. ചാരായവും വിദേശമദ്യങ്ങളും പൂർണ്ണമായും നിരോധിക്കുകയും ബീർ, ശുദ്ധമായ കള്ള് എന്നിവ സഹകരണാടിസ്ഥാനത്തിൽ ലഭ്യമാക്കുക.
15. മദ്യവർജ്ജനത്തിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

കുടിവെള്ളം

ചരിത്ര പശ്ചാത്തലം

ജൻമികുടുംബങ്ങൾക്ക് മാത്രമാണ് സ്വന്തമായി കിണറുകൾ ഉണ്ടായിരുന്നത്. കുടിവെള്ളത്തിന് കിണറുകൾ മാത്രമാണ് ആശ്രയമായി ഉണ്ടായിരുന്നത്. കുടിയാൻമാർക്കും അടിയാൻമാർക്കും കുടിവെള്ളം ലഭ്യമാക്കാൻ ജൻമിമാർ പൊതുകിണറുകൾ നെൽപ്പാടങ്ങളിൽ നിർമ്മിച്ചുകൊടുത്തിരുന്നു. വേനൽക്കാലങ്ങളിൽ പുഴകളിൽ ചെളി മാന്തിയും നെൽവയലുകളിൽ താല്ക്കാലിക കിണർ (കുഴികൾ) കുഴിച്ചുമാണ് വെള്ളം ശേഖരിച്ചിരുന്നത്. പഞ്ചായത്തിന്റെ രൂപീകരണത്തോടെ പൊതുസ്ഥലങ്ങളിൽ പൊതുകിണറുകൾ നിർമ്മിച്ചുതുടങ്ങി. 1979-80 കാലത്താണ് ആദ്യമായി കുടിവെള്ളം പൈപ്പുകൾ വഴി വിതരണം തുടങ്ങിയത്.

പഞ്ചായത്ത് പരിധിയിൽ മാത്തൂർ, വടക്കേപ്പുഴപാലം എന്നീ സ്ഥലങ്ങളിലെ കുഴൽക്കിണറുകളെയാണ് പമ്പിങ്ങിനു വേണ്ടി ആശ്രയിക്കുന്നത്. ഈ രണ്ട് കുഴൽകിണറുകളിലും വേണ്ടത്ര വെള്ളം ലഭ്യമാണെങ്കിലും പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

പ്രശ്നങ്ങൾ

1. ടാപ്പുകളിൽ വേണ്ടത്ര അളവുകളിൽ മുഴുവൻ സമയവും വെള്ളം ലഭ്യമാവുന്നില്ല.
2. ടാങ്കിൽ വെള്ളം എത്തുന്നില്ല.
3. മുഴുവൻ സമയം പമ്പിംഗ് നടത്തുന്നില്ല.
4. കുടിവെള്ളം എടുക്കാനുള്ള ദൂരക്കൂടുതൽ.
5. പൈപ്പ്ലൈനുകളുടെ അപര്യാപ്തത.
6. വേണ്ടത്ര ടാപ്പുകൾ ഇല്ലാത്ത കുറവ്.

7. കിണറുകളുടെ കുറവ്.
8. കുടിവെള്ളത്തിന്റെ ദുരുപയോഗം.
9. കുടിവെള്ളത്തിലെ മാലിന്യങ്ങൾ.
10. ടാങ്കുകളുടെ അഭാവം.
11. പമ്പിങ്ങിൽ ഉണ്ടാവുന്ന തകരാറ് പരിഹരിക്കാത്തതിലുള്ള കാലവിളംബം.
12. ജലവിതരണരംഗത്തെ ജീവനക്കാരുടെ കൃത്യവിലോപം.
13. വൈദ്യുതിയുടെ ലഭ്യതക്കുറവും വോൾട്ടേജ് ക്ഷാമവും.

സാദ്ധ്യതകൾ

■ ജനകീയസമിതികൾ രൂപീകരിച്ച് ആവശ്യമുള്ള സമയം മുഴുവൻ വെള്ളം പമ്പ്ചെയ്യാം.

■ ടാങ്കിൽ വെള്ളം നിറച്ചശേഷം മാത്രം വിതരണ ലൈനിലേക്ക് തുറക്കുക. പമ്പിംഗ്സ്റ്റേഷനിൽനിന്നും ടാങ്കിലേക്കുള്ള ലൈനിൽനിന്ന് ജലവിതരണം നടത്താതിരിക്കുക.

■ പൈപ്പ്ലൈനുകൾ നീട്ടുക. കിണറുകൾ കുഴിക്കുക. ട്യൂബ്വെൽ നിർമ്മിക്കുക.

■ കൂടുതൽ ജലവിതരണം ആവശ്യമായ സ്ഥലങ്ങളിൽ പഴയ ലൈൻ മാറ്റി കൂടുതൽ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുക.

■ പൊതുടാപ്പുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ അനുവദിക്കുക.

■ സ്വകാര്യ ടാപ്പുകളിൽ ആരോഗ്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ജലത്തിന്റെ ഉപയോഗം തിട്ടപ്പെടുത്തി കൂടുതലായി ഉപയോഗിക്കുന്ന ഉപഭോക്താവിന്റെ കണക്ഷൻ വിച്ഛേദിക്കുക.

■ ജലശുദ്ധീകരണത്തിന് പ്യൂരിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തുക.

■ ആവശ്യാനുസരണം ടാങ്കുകൾ നിർമ്മിക്കുക.

■ ശുദ്ധജലവിതരണം പൂർണ്ണമായി പഞ്ചായത്തിനെ ഏൽപ്പിക്കുക.

■ പമ്പിംഗ് പ്രവർത്തനത്തിന് ജനകീയമോണിറ്റിംഗ് ഏർപ്പെടുത്തുക.

■ പമ്പിംഗ് സ്റ്റേഷനുകൾക്ക് മാത്രമായി പ്രത്യേക ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിൽ തിപ്പലിക്കയത്തിൽ ഒരു ചെക്ക്ഡാം നിർമ്മിച്ച് പമ്പിംഗ് ആവശ്യമില്ലാതെതന്നെ ഏകദേശം 200 കുടുംബങ്ങൾക്ക് ശുദ്ധജല വിതരണം നടത്തുക.
2. തളികക്കല്ലിൽ പ്രകൃതിദത്ത നീരുറവ സംരക്ഷിച്ച് പമ്പിംഗ് ഇല്ലാതെ ജലവിതരണം നടത്തുക.
3. പൊൻകണ്ടത്ത് നിലവിലുള്ള കുഴൽകിണറിൽ നിന്ന് ജലം പമ്പ്ചെയ്ത് ടാങ്ക് നിർമ്മിച്ച് മിനിപദ്ധതി പൂതംകുഴി, പൊൻകണ്ടം ഭാഗങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുക.
4. ഒലിൻകടവ് ഹരിജൻകോളനിയിൽ ബോർവെൽ നിർമ്മിച്ച് ഗ്രൗണ്ട്ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ ഇടുന്ന മിനിപദ്ധതി നടപ്പിലാക്കുക.
5. പൈതലയിൽ പഞ്ചായത്ത് ഏരി സംരക്ഷിച്ച് കുടിവെള്ള വിതരണം നടപ്പിലാക്കുക.
6. പൈതല ഹരിജൻ കോളനിയിൽ ഒരു ഓപ്പൺവെൽ നിർമ്മിക്കുക.
7. കുന്നത്തുഗേറ്റിൽ ഒരു കുഴൽകിണർ നിർമ്മിച്ച് ഹാൻസ് പമ്പ് ഫിറ്റ്ചെയ്യുക.

രണ്ടാം വാർഡ്

പൂതംകോട് നിലവിലുള്ള ബോർവെല്ലിൽ നിന്ന് പമ്പിംഗ് നടത്തി ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക.

മംഗലംഡാമിലെ ജലം ഉപയോഗിച്ച് സമഗ്രശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക.

ചൂരക്കോട് ചെക്ക്ഡാം നിർമ്മിച്ച് പമ്പിംഗ് നടത്തി കല്ലാനക്കരയിൽ കുടിവെള്ളം എത്തിക്കുക.

വീട്ടിക്കൽകടവ് റോഡ് തിരിയുന്ന ഭാഗത്ത് കുഴൽകിണറും ഹാന്റ്പമ്പും സ്രാമ്പിക്കൊളുമ്പിൽ കുഴൽകിണറും ഹാന്റ്പമ്പും പന്നിക്കുളമ്പ് ഹരിജൻ കോളനിയിൽ കുഴൽകിണർ, മരുതൻകുളമ്പ് ഏരി സംഭരിച്ച് ശുദ്ധജല വിതരണം.

പുള്ളോപ്പറമ്പിൽ ഓപ്പൺവെൽ.

മൂന്നാം വാർഡ്

ഒടുകൂർ ഐ.എച്ച്.ഡി.പി കോളനി ഭാഗത്ത് കുഴൽകിണർ നിർമ്മിച്ച് കുന്നംകോട്ട് കുളത്ത് ഗ്രൗണ്ട് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക.

ചിറ്റടിയിൽ ഒരു കുഴൽകിണർ നിർമ്മിക്കുക. ചെറിയ ചാൽ ഏരി സംരക്ഷിക്കുക. കവറക്കുളമ്പ് ഏരി സംരക്ഷിക്കുക. കുന്നംകോട്ടുകുളം ഏരി സംരക്ഷിക്കുക. ചിറ്റടി പടിഞ്ഞാറേത്തറയിൽ ഒരു കുഴൽകിണർ നിർമ്മിക്കുക.

നാലാം വാർഡ്

നെല്ലിക്കോട് പമ്പ്ഹൗസിൽനിന്ന് ലക്ഷംവീട്വഴി ചാത്തൻകുറിശ്ശിയിലേക്ക് പൈപ്പ്ലൈൻ നീട്ടുക. ചാത്തൻകുറിശ്ശിയിലുള്ള പഞ്ചായത്ത് കിണർ ആഴംകൂട്ടി സംരക്ഷിക്കുക.

പള്ളിപ്പറമ്പ്, പാളയംകടവ്, മാപ്പിളപ്പൊറ്റ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക. പാളയംകടവിൽ കുഴൽകിണർ നിർമ്മിച്ച് നിലവിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പ്ചെയ്യുക. വാർഡിലുള്ള എല്ലാ പഞ്ചായത്ത് കിണറുകളും സംരക്ഷിക്കുക.

അഞ്ചാം വാർഡ്

മാത്തൂർ പമ്പ്ഹൗസിൽ നിന്നുള്ള പൈപ്പ്ലൈൻ ചേറുംകോട് വരെ നീട്ടുക.

കിഴക്കേത്തറ മാരിയമ്മൻ കോവിലിന് സമീപം കുഴൽക്കിണർ നിർമ്മിച്ച് പമ്പിംഗ് ഏർപ്പെടുത്തുകയും മോതാംകോട് വരെ ജലവിതരണം നടത്തുക.

മേലാട്ടുകുന്ന്, കടമ്പായി, ചേറുംകോട്, അറുതല, ചെമ്പോട് എന്നീ സ്ഥലങ്ങളിൽ ഓപ്പൺവെൽ.

കല്ലക്കുളമ്പ് പാടത്തുള്ള കുഴി കിണറാക്കി സംരക്ഷിക്കുക.

കരിമ്പറോഡ് രാജീവ് ജംഗ്ഷനിലും കാന്തളം ഹരിജൻ തറയിലും ഓപ്പൺവെൽ നിർമ്മിക്കുക.

ആറാം വാർഡ്

ആലംപള്ളം, ചന്ദനാംപറമ്പ് ഭാഗത്തേക്ക് നിലവിലുള്ള പൈപ്പ്ലൈൻ നീട്ടുക.

കൂത്തനിയിലും, കുന്നങ്കാടും ഓരോ കുഴൽകിണർ നിർമ്മിക്കുക.

മാത്തൂരിൽനിന്നുള്ള പൈപ്പ്ലൈൻ തെക്കേക്കാട്ടിലേക്ക് നീട്ടുക.

എഴാം വാർഡ്

കുരക്കാലിയിൽ ഒരു കുഴൽകിണർ സ്ഥാപിക്കുക. പുളിക്കൽപ്പറമ്പിൽ ഒരു ഓപ്പൺവെൽ കുഴിക്കുക.

നിലവിലുള്ള പൊതുകിണറുകൾ ശുദ്ധീകരിച്ച് സംരക്ഷിക്കുക.

എട്ടാം വാർഡ്

ഉറവുമടയിൽ കുഴൽകിണറിന് സമീപം ഗ്രൗണ്ട്ടാങ്ക് കെട്ടി ജലവിതരണം നടത്തുക.

തണ്ടലോട് കുഴൽകിണർ സ്ഥാപിക്കണം.

തണ്ടലോട് നാലുസെന്റ് ഭവനപദ്ധതി പ്രദേശത്ത് കുഴൽകിണർ സ്ഥാപിക്കുക.

നീർച്ചാലിൽ ഒരു കുഴൽകിണറും ആത്തൂർ കൊളുമ്പിൽ ഒരു ഓപ്പൺവെൽ നിർമ്മിക്കുക.

പുല്ലമ്പാടം ഹരിജൻകോളനിയിലേക്ക് മാത്തൂർ പൈപ്പ് ലൈൻ നീട്ടുക.

ഒൻപതാം വാർഡ്

രക്കിയംപാടത്ത് ഓപ്പൺവെൽ നിർമ്മിക്കുക.

കുണ്ടുകാട് ഇലക്കോട് ഓരോ കുഴൽകിണർ നിർമ്മിക്കുക.

ചെറുകാട്തറയിൽ ഓപ്പൺവെൽ.

കോഴിമുട്ടത്തറയിലേക്ക് പൈപ്പ്ലൈൻ നീട്ടുക. പവിഴക്കുന്നിലേക്ക് പൈപ്പ്ലൈൻ നീട്ടുക.

പത്താം വാർഡ്

പൊതുകിണറുകൾ സംരക്ഷിക്കുക.

പയ്യാറോഡ് കുഴൽകിണറിന് സമീപം ഗ്രൗണ്ട് ടാങ്ക് നിർമ്മിക്കുക.

പതിനൊന്നാം വാർഡ്

ഒറാംകുഴികുളം വികസിപ്പിച്ച് പൈപ്പ്ലൈൻ പദ്ധതി നടപ്പിലാക്കുക.

കമ്മാന്തറയിൽ ഓപ്പൺവെൽ നിർമ്മാണം നടത്തുക.

പടിഞ്ഞാറത്തറയിലെ ഉപയോഗശൂന്യമായ കിണറുകൾ നന്നാക്കി സംരക്ഷിക്കുക.

കരിപ്പാലിപ്പാടം കിണർ പടിഞ്ഞാറേക്കാട് പൊതുകിണർ എന്നിവ സംരക്ഷിക്കുക.

സ്ക്കൂളിനുമുമ്പിലുള്ള കുഴൽകിണറിൽനിന്ന് വെള്ളം പമ്പ്ചെയ്ത് ലക്ഷംവീട്കോളനിയിൽ എത്തിക്കുക.

പന്ത്രണ്ടാം വാർഡ്

കുന്നുപറമ്പ് ഭാഗത്ത് കുഴൽകിണർ സ്ഥാപിച്ച് പമ്പിംഗ് നടത്തി ജലവിതരണം നടത്തുക.

കരാംപാടത്ത് ഒരു ഓപ്പൺവെൽ നിർമ്മിക്കുക.

തെക്കുംചേരിയിൽ ഒരു ഓപ്പൺവെൽ നിർമ്മിക്കുക.


കിഴക്കേത്തറയിൽ ഒരു ഓപ്പൺവെൽ നിർമ്മിക്കുക.


പാക്കാടിൽ പുത്തക്കൽപ്പറമ്പിലും കുഴൽകിണർ.

കിഴക്കേപാറക്കൽ ഹരിജൻ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടുക.

ആരോഗ്യ സ്ഥാപനങ്ങൾ
പ്രൈമറി ഹെൽത്ത് സെന്റർ, വണ്ടാഴി
ഗവ: ആയുർവേദ ആശുപത്രി, മുടപ്പല്ലൂർ
ഐ.പി.പി സെന്റർ - 6 എണ്ണം
സെ: ജോസഫ് ഹോസ്പിറ്റൽ, മംഗലംഡാം
ധന്യ ക്ലിനിക്ക്, മുടപ്പല്ലൂർ
രാമസ്വാമി ക്ലിനിക്ക്, മുടപ്പല്ലൂർ
ആയുർവേദ ഔഷധശാലകൾ - 6 എണ്ണം
ഹോമിയോ ക്ലിനിക്കുകൾ - 5 എണ്ണം
മെഡിക്കൽ സ്റ്റോർ - 3 എണ്ണം
പാരമ്പര്യ വിഷചികിത്സകൾ - 2 എണ്ണം

ജലസ്രോതസ്സുകൾ






ശ്രീ. എൽ. ധനശീലൻ
ഗ്രാമപഞ്ചായത്ത് സെക്രട്ടറി



ശ്രീമതി. ആലീസ്മാത്യു
ജില്ലാ പഞ്ചായത്ത് അംഗം



വ്യവസായം

ചരിത്ര പശ്ചാത്തലം

പരമ്പരാഗതമായി ഈ പഞ്ചായത്ത് പ്രദേശത്ത് ചെറുകിട വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഗാർഹിക കാർഷിക ആവശ്യങ്ങൾക്കു വേണ്ടി ഇരുമ്പു കൊണ്ടുള്ള ഉപകരണങ്ങൾ, ഓട്ടുപാത്രം,മൺപാത്ര നിർമ്മാണം, കക്കനീറ്റൽ, പപ്പട നിർമ്മാണം, പരമ്പ്നെയ്ത്ത്, സ്വർണ്ണപ്പണി, വട്ടി, കൂട്ട നിർമ്മാണം, പായനെയ്ത്ത്, പനംചക്കരനിർമ്മാണം, കൈത്തറി തുണിനെയ്ത്ത്, എണ്ണയാട്ട്, കള്ള്ചെത്ത് എന്നിവ ചില ചില ജനസമൂഹങ്ങൾ പാരമ്പര്യമായി ചെയ്തുവന്നിരുന്നു. ഇവ കുലത്തൊഴിലായി അറിയപ്പെട്ടിരുന്നു. കുലത്തൊഴിൽ അടിസ്ഥാനമായി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ ആ പേരിൽ അറിയപ്പെട്ടുവന്നു. ചക്കാത്തറ, കൈക്കെളത്തറ എന്നിവ ഉദാഹരണങ്ങളാണ്. ഇതിൽ എണ്ണയാട്ട് കൈത്തറി നിർമ്മാണം എന്നിവ ഈ പ്രദേശത്തുനിന്ന് നാമാവശേഷമായി. ആദ്യമായി ഈ പഞ്ചായത്ത് പ്രദേശത്ത് കുടിൽ വ്യവസായമായി ബീഡിനിർമ്മാണം നിലവിൽവന്നു. ക്രമേണ നെല്ലുകുത്ത് മില്ലുകളും തടിമില്ലുകളും നിലവിൽവന്നു. 1980-ന് ശേഷം ഫ്ലവർമില്ലുകളും, എണ്ണയാട്ടുമില്ലും നിലവിൽവന്നു.

ഇപ്പോൾ പഞ്ചായത്ത് പ്രദേശത്ത് 20 റൈസ്മിൽ, 5 ഈർച്ചമിൽ, 1 അവിൽമിൽ, 6 എണ്ണയാട്ട് മിൽ, 1 തീപ്പെട്ടിക്കമ്പനി, 5 വെൽഡിംഗ് യൂണിറ്റുകൾ, 2 ബീഡിക്കമ്പനികൾ, 1 റബ്ബർ സംസ്കരണ യൂണിറ്റ്, 1 മൊസൈക്ക് ടൈൽസ് നിർമ്മാണം, 2 ഫർണ്ണീച്ചർ നിർമ്മാണം, 9 ഫ്ലവർമിൽ, 1 വൈരക്കൽ കട്ടിംഗ് യൂണിറ്റ്, 1 കറിപൗഡർ നിർമ്മാണം, 1 ഗ്യാസ്സ്റ്റൗവ് നിർമ്മാണം, 1 അലൂമിനിയപാത്രം നിർമ്മാണം, 2 ഐസ് നിർമ്മാണം, 5 സോഡാ നിർമ്മാണം, 1 കർപ്പൂരനിർമ്മാണം എന്നീ ചെറുകിട യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 3 പ്രിന്റിംഗ് യൂണിറ്റുകളും 5 ഫോട്ടോ സ്റ്റുഡിയോകളും 2 സിനിമാതിയേറ്ററുകളും പ്രവർത്തിക്കുന്നു. മറ്റ് വാണിജ്യസ്ഥാപനങ്ങൾ 285 എണ്ണം പ്രവർത്തിക്കുന്നു.

ഈ സ്ഥാപനങ്ങളെല്ലാം സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്. സഹകരണമേഖലയിലോ പൊതുമേഖലയിലോ വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.


മൺപാത്രനിർമ്മാണം, കൊല്ലപ്പണി, പപ്പടനിർമ്മാണം, പരമ്പ്നെയ്ത്ത്, പായനെയ്ത്ത്, സ്വർണ്ണാഭരണ നിർമ്മാണം, കക്കനീറ്റൽ എന്നീ കുടിൽ വ്യവസായങ്ങൾ ഇപ്പോൾ നിലവിലുണ്ട്. കുടിൽ വ്യവസായ മേഖലയിൽ ഏകദേശം 350 തൊഴിലാളികളും ചെറുകിടവ്യവസായ മേഖലയിൽ ഏകദേശം 250 തൊഴിലാളികളും പ്രവർത്തിച്ചുവരുന്നു.

പരമ്പരാഗത വ്യവസായങ്ങൾ കുറഞ്ഞുവരുമ്പോൾ ചെറുകിടവ്യവസായത്തിൽ കുറവ് അനുഭവപ്പെടുന്നില്ല. കൂടുതൽ വ്യവസായ യൂണിറ്റുകൾ വളർന്നുവരുന്ന പ്രവണത കുറവാണ്. പരമ്പരാഗത വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും അധ്വാനത്തിന് അനുസരിച്ച് വിലകിട്ടാത്തതും ഇതിന് കാരണമാണ്. ചെറുകിട വ്യവസായത്തിന്റെ വളർച്ചയും ചില പരമ്പരാഗതവ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണമാണ്.

ചില വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് കർഷകത്തൊഴിലാളികളെക്കാൾ കൂലി കുറവ് ആണ് ലഭിക്കുന്നത്. ചെറുകിട വ്യവസായങ്ങൾ ഭൂരിഭാഗവും ലാഭത്തിൽ ആണ് പ്രവർത്തിക്കുന്നത്. പനംചക്കര, പരമ്പ്വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ 2 യൂണിറ്റുകളും നിർജ്ജീവങ്ങളാണ്.

വൈക്കോൽ, ലാറ്റക്സ്, റബ്ബർകുരു, റബ്ബർതടി, ചകിരി, ചിരട്ട, നാളികേരം, പുളി, മാങ്ങ, പഞ്ഞിക്കായ, ഔഷധസസ്യങ്ങൾ, ഏത്തക്ക, നെല്ല്, അടയ്ക്ക, വാഴത്തടി, ചക്ക, കാപ്പി, കളിമണ്ണ് തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്.

വ്യവസായ എസ്റ്റേറ്റുകൾ ഒന്നുംതന്നെ നിലവിലില്ല. തൊഴിൽ വൈദഗ്ധ്യം നേടിയവർ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടെങ്കിലും തൊഴിൽ ലഭ്യമല്ലാത്തതിനാൽ തൊഴിലിനുവേണ്ടി



മംഗളം

പഞ്ചായത്തിനു പുറത്തുപോകുന്നു.

സാമ്പത്തികലഭ്യതക്കുറവും വിദഗ്ധോപദേശത്തിന്റെ ലഭ്യതയില്ലായ്മയും വൈദ്യുതിയുടെ കുറവും സംരംഭകർ നേരിടുന്ന പ്രധാനവെല്ലുവിളികളാണ്.

പ്രശ്നങ്ങൾ

1. സ്ഥലത്തിന്റെ വിലക്കൂടുതൽ.
2. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്.
3. സാങ്കേതിക ജ്ഞാനത്തിന്റെ അഭാവം.
4. വൈദ്യുതിയുടെ ലഭ്യതക്കുറവ്.
5. ധനത്തിന്റെ ലഭ്യതക്കുറവ്.
6. കമ്പോളത്തിലെ കിടമത്സരം.
7. വിദഗ്ധ തൊഴിലാളികളുടെ കുറവ്.

സാധ്യതകൾ

○ വ്യവസായത്തിന് അനുയോജ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വ്യവസായ എസ്റ്റേറ്റ് ആരംഭിക്കാം.

○ ഗാർഹിക ആവശ്യത്തിനുള്ള വൈദ്യുതി സൗരോർജ്ജ ത്തിൽനിന്നും ലഭ്യമാക്കി വൈദ്യുതി വ്യവസായത്തിന് ലഭ്യമാക്കാം.

○ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ് സമീപ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കാം.

○ ജില്ലാവ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട് സംരംഭക ർക്ക് വേണ്ട പരിശീലനം നൽകാം.

○ സ്വകാര്യമൂലധനം, ബാങ്ക് ലോൺ, സഹകരണസംഘം രൂപീകരണം എന്നീ മാർഗേന സാമ്പത്തിക പ്രശ്നത്തിന് പരിഹാരം കാണാം.

○ പഞ്ചായത്തിനകത്ത് വിപണനം നടത്താവുന്ന ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വീടുകൾതോറും വിപണനം നടത്താം.

○ വിദഗ്ധരെ ഉപയോഗിച്ച് അഭ്യസ്ഥവിദ്യരായ ചെറുപ്പ ക്കാർക്ക് പരിശീലനം നൽകാം.

○ നെല്ല് സംഭരിച്ച് കല്ലില്ലാത്ത അരിയും അരിയുടെ വിഭിന്നഉൽപ്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാം.

○ വൈക്കോൽ ഉപയോഗിച്ചുള്ള കാർഡ്ബോർഡ് നിർമ്മാണം ആരംഭിക്കാം.

○ റബ്ബർ, റബ്ബർതടി ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കാം.

○ ചകിരി ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങളും ഫൈബർഫോം റബ്ബറും നിർമ്മിക്കാം.

○ കൊപ്രകൊണ്ട് വെളിച്ചെണ്ണ, എണ്ണ ഉൽപ്പന്നങ്ങൾ, നാളികേരപ്പൊടി തുടങ്ങിയവ നിർമ്മിക്കാം.

○ അടക്ക ഉപയോഗിച്ച് സുഗന്ധഅടക്ക നിർമ്മാണ യൂണിറ്റ് തുടങ്ങാം.

○ പന, തെങ്ങ് എന്നിവയിൽ നിന്ന് ശർക്കര, കൽക്കണ്ട്, കോള തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കാം.

○ കളിമണ്ണുകൊണ്ട് പൂച്ചട്ടി, മറ്റ് മൺപാത്രങ്ങൾ എന്നിവ നിർമ്മിക്കാം.

○ ഇഷ്ടികനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാം.

○ സഹകരണ മേഖലയിൽ ബീഡിനിർമ്മാണം ആരംഭിക്കാം.

○ ഇറച്ചി സംസ്കരണ-വിതരണ യൂണിറ്റിന് സാദ്ധ്യതയുണ്ട്.

○ പുളി, മാങ്ങ, ചക്ക, ഏത്തക്ക, പഴം തുടങ്ങിയ പഴം പച്ചക്കറി സംസ്കരണ-വിതരണ യൂണിറ്റ് തുടങ്ങാം.

○ ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് തുടങ്ങാം.

○ ചന്ദനത്തിരി, മെഴുകുതിരി യൂണിറ്റുകൾ ആരംഭിക്കാം.

○ കെട്ടിടനിർമ്മാണ വ്യവസായ യൂണിറ്റിന് സാധ്യതയുണ്ട്.

നിർദ്ദേശങ്ങൾ

1. വടക്കേപ്പുഴയുടെ തീരത്ത് പഞ്ചായത്ത് സ്ഥലമെടുത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
2. മുള, ഈറ്റ, ചൂരൽ എന്നിവകൊണ്ടുള്ള ഫർണ്ണീച്ചർ യൂണിറ്റുകൾ കടപ്പാറയിൽ സ്ഥാപിക്കണം.
3. ഒലിങ്കടവ് കേന്ദ്രമാക്കി ഓയൽ മിൽ സ്ഥാപിക്കുക.
4. കെ.ടി.ഡി.സി യുടെ ഒരു ഹോട്ടൽ മംഗലംഡാമിൽ സ്ഥാപിക്കുക.
5. ഹോളോബ്രിക്സ് യൂണിറ്റ് കല്ലാനക്കരയിൽ സ്ഥാപിക്കുക.
6. ചിറ്റടി മേഖലയിൽ ഒരു ഖാദിവ്യവസായ വസ്ത്ര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം.
7. റബ്ബർ അധിഷ്ഠിത വ്യവസായം മംഗലംഡാം പ്രദേശത്ത് ആരംഭിക്കണം.
8. DWCRA യൂണിറ്റ് ഒടുകൂരിൽ ആരംഭിക്കണം.
9. നെല്ലിക്കോട് കേന്ദ്രമാക്കി ടൈൽസ്, മൊസേക്ക്, ചൂള ഇഷ്ടിക എന്നിവയുടെ ഫാക്ടറി ആരംഭിക്കുക.
10. ഒരു ഫർണ്ണീച്ചർ (മരം കൊണ്ടുള്ള ഉപകരണങ്ങൾ) പുളിക്കൽപറമ്പിൽ സ്ഥാപിക്കുക.
11. ചികിരിനാരുകൊണ്ടുള്ള ഫൈബർ നിർമ്മാണ യൂണിറ്റ് പടിത്തലക്കുളത്തിൽ സ്ഥാപിക്കുക.
12. ഇരുമ്പുകൊണ്ടുള്ള കാർഷികോപകരണങ്ങളും നിർമ്മാണ ശാലയും വണ്ടാഴി കമ്മാന്തറയിൽ സ്ഥാപിക്കുക.
13. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് ഏഴാം വാർഡിൽ സ്ഥാപിക്കണം.
14. ഹാർഡ്ബോർഡ് (വൈക്കോൽ കൊണ്ട്) നിർമ്മാണ ശാല പുല്ലമ്പാടത്ത് സ്ഥാപിക്കുക.
15. പ്ലാസ്റ്റിക്ക് ഉപകരണ നിർമ്മാണ യൂണിറ്റ് മാത്തൂരിൽ

സ്ഥാപിക്കണം.

16. മുള, ഈറ്റ എന്നിവകൊണ്ടുള്ള വീട്ടുപകരണ നിർമ്മാണ കേന്ദ്രം ഒൻപതാം വാർഡിൽ സ്ഥാപിക്കണം.

17. മുടപ്പല്ലൂരിൽ ഭവനനിർമ്മാണത്തിനാവശ്യമായ സിമന്റു പകരണ സ്ഥാപനം സ്ഥാപിക്കുക.

18. കളിമൺ പാത്രങ്ങളും മറ്റും നിർമ്മിക്കാനുള്ള വ്യവസായ ശാല പത്താം വാർഡിൽ സ്ഥാപിക്കണം.

19. മെറ്റൽ ക്രഷ് യൂണിറ്റ് 11-ാം വാർഡിൽ ആരംഭിക്കുക.

20. മുടപ്പല്ലൂരിൽ ലെയ്ത്ത് വ്യവസായിക യൂണിറ്റ് ആരംഭിക്കുക.

21. പപ്പടം ഉൾപ്പടെ നിർമ്മിക്കുന്ന ഒരു ബേക്കറി യൂണിറ്റ് മുടപ്പല്ലൂരിൽ ആരംഭിക്കണം.

22. സോപ്പ് നിർമ്മാണ യൂണിറ്റ് 12-ാം വാർഡിൽ സ്ഥാപിക്കുക.

23. പനയുൽപ്പന്ന വ്യവസായം 12-ാം വാർഡിൽ സ്ഥാപിക്കണം.

24. ഇറച്ചി സംസ്കരണ യൂണിറ്റുകൾ, അച്ചാർ യൂണിറ്റ്, കൂട്ടനെയ്ത്ത്, കോഴിവളർത്തൽ, ആടുവളർത്തൽ, കന്നുകാലികളെ വളർത്തൽ, മെഴുകുതിരി യൂണിറ്റ് തുടങ്ങിയ കുടുംബ യൂണിറ്റുകൾ തുടങ്ങാനുള്ള സംവിധാനം ഗവർമെന്റ് ഉണ്ടാക്കിക്കൊടുക്കണം.

25. പോളിബാഗ് നിർമ്മാണ യൂണിറ്റ് മുടപ്പല്ലൂരിൽ ആരംഭിക്കണം.

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

വിഭാഗം	തൊഴിലാളികൾ
ബീഡി	75
പരമ്പരാഗത വ്യവസായങ്ങൾ	150
കുടിൽ വ്യവസായങ്ങൾ	325
ചെറുകിട വ്യവസായങ്ങൾ	65
ഫാക്ടറി	10
റിപ്പയർഷോപ്പ്	11
മറ്റ് വ്യവസായങ്ങൾ	580
കരിങ്കൽ ക്വാറി	60
സിനിമാ വ്യവസായം	15





ഊർജ്ജം

പരിത്രപശ്ചാത്തലം

ആദി പുരാതനകാലം മുതൽക്ക് പാചകം, വെളിച്ചം,കൃഷി ഇവയ്ക്കാണ് പ്രധാനമായും ഊർജ്ജം ഉപയോഗിച്ചിരുന്നത്. പാചകത്തിന് വിറകും വെളിച്ചത്തിന് എണ്ണകളും കൃഷിയ്ക്ക് മൃഗങ്ങളുമാണ് ഉപയോഗിച്ചു വന്നിരുന്നത്. കാലക്രമേണ പാചകരംഗത്തും, വെളിച്ചത്തിനും മണ്ണെണ്ണ കൂടുതലായി ഉപയോഗിച്ചു തുടങ്ങി. കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതോടെ മൃഗങ്ങൾ പിൻമാറുകയും ഡീസൽ, പെട്രോൾ എന്നിവയ്ക്ക് കൂടുതൽ പ്രചാരം ഏറുകയും ചെയ്തു. ജലസേചനത്തിന് മനുഷ്യോർജ്ജം നിലവിലുണ്ടായിരുന്നത് ഡീസൽ എഞ്ചിനുകളായി മാറി. 1960-കളുടെ ആരംഭം മുതൽ വൈദ്യുതിയും പഞ്ചായത്തിൽ ലഭ്യമായിത്തുടങ്ങി. ഇപ്പോൾ കാർഷിക, വ്യാവസായിക ഗാർഹിക ഉപയോഗത്തിൽ മുഖ്യപങ്ക് വൈദ്യുതോർജ്ജത്തിനാണ്. പാചകാവശ്യത്തിന് ഇന്നും മുഖ്യഇന്ധനം വിറകുതന്നെയാണ്. രണ്ടാം സ്ഥാനം എൽ.പി.ജി ഗ്യാസിനാണ്. വൈദ്യുതിയും മണ്ണെണ്ണയും ഉപയോഗിക്കുന്നു. പാചകാവശ്യത്തിനുള്ള വിറകിന്റെ ലഭ്യത പഞ്ചായത്ത് അടിസ്ഥാനത്തിൽ തൃപ്തികരമാണ്. എന്നാൽ ചില വാർഡുകളിൽ കമ്മി ഉണ്ട്. ഇലക്ട്രിസിറ്റിയുടെ ലഭ്യത പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും തൃപ്തികരമായിട്ടില്ല. മണ്ണെണ്ണ ഏകദേശം പ്രതിവർഷം 3 ലക്ഷം ലിറ്റർ ആവശ്യമായി വരുന്നുണ്ട്.

ഊർജ്ജം - പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ എല്ലാ മേഖലയിലും വേണ്ടത്ര വൈദ്യുതി വിതരണം ഇല്ല.
2. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
3. വൈദ്യുത ലൈനിലുള്ള പഴക്കം ചെന്ന ഉപകരണങ്ങൾ പ്രസരണ നഷ്ടം ഉണ്ടാക്കുന്നു. അപകടങ്ങളും ഉണ്ടാക്കുന്നു.
4. കാറ്റ്, മഴ എന്നിവ മൂലം ദിവസങ്ങളോളം വിതരണം നിലച്ചുപോകുന്നു.
5. OYEC യിൽ പോലും കണക്ഷൻ കിട്ടാൻ വൈകുന്നു. മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്നു.
6. തെരുവ് വിളക്കുകളുടെ അഭാവം, നിലവിലുള്ളവയുടെ കാര്യക്ഷമമില്ലായ്മ.
7. പാചക ആവശ്യത്തിനുള്ള വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ ലഭ്യതക്കുറവ്.
8. പാരമ്പര്യേതര ഊർജ്ജത്തിന്റെ ലഭ്യതയില്ലായ്മ.
9. വിറകിന്റെ അമിതമായ വില.
10. സ്റ്റെപ്പ്-അപ്പ് ട്രാൻസ്ഫോർമറുകളുടെ നിയന്ത്രണമില്ലാത്ത സ്വകാര്യ ഉപയോഗം ഗുരുതരമായ വോൾട്ടേജ് പ്രശ്നം ഉണ്ടാക്കുന്നു.
11. വൈദ്യുതി ലൈനിൽ ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കം ചെയ്യുന്നതിലുള്ള കാലവിളംബം.
12. പാരമ്പര്യേതര ഊർജ്ജം ലഭ്യമാക്കാൻ വരുന്ന വമ്പിച്ച സാമ്പത്തിക ബാധ്യത.

സാധ്യതകൾ

1. വൈദ്യുത ബോർഡിന്റെ നിലവിലുള്ള വിതരണ നയത്തിൽ മാറ്റം വരുത്തി വേണ്ട ഉപകരണങ്ങൾ യഥാവസരം ലഭ്യമാക്കി അപേക്ഷകർക്ക് നിശ്ചിതസമയത്തിനകം കണക്ഷൻ ലഭിക്കുന്നതിനുള്ള അവകാശം വൈദ്യുതബോർഡ് നിയമത്തിൽ ചേർക്കേണ്ടതാണ്.
2. ടെലിഫോൺ കണക്ഷൻ മാതൃകയിൽ വൈദ്യുതി കണക്ഷനും ദൂരപരിധി ബാധകമാക്കാതെ എല്ലാ ഗുണഭോക്താവിനും ഒരേ നിരക്ക് നിശ്ചയിച്ച് നടപ്പാക്കേണ്ടതാണ്.
3. വൈദ്യുതി ഉപയോഗം ശാസ്ത്രീയമായി തിട്ടപ്പെടുത്തി വേണ്ട അളവിൽ വൈദ്യുതി ലഭ്യമാക്കാൻ വേണ്ടത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയോ പകരം ശക്തി കൂടിയവ മാറ്റി സ്ഥാപിക്കുകയോ ചെയ്യുക.
4. യഥാസമയം ലൈനിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതും ലൈൻ ക്ലിയർ ചെയ്യേണ്ടതും മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതുമാണ്.
5. കാലവർഷത്തിനുമുൻപ് പഴകിയ പോസ്റ്റുകൾ മാറ്റേണ്ടതും മരങ്ങൾക്കിടയിലൂടെ കടന്നുപോകുന്ന പ്രധാന വിതരണ ലൈനുകൾക്ക് പി.വി.സി ഇൻസുലേഷൻ നൽകേണ്ടതുമാണ്.

6. തെരുവ് വിളക്കുകൾ മിനിമം ഗ്യാരണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും പ്രത്യേകം മീറ്റർ സ്ഥാപിക്കുകയും ചുമതല ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതുമാണ്.
7. പാചക വാതക വിതരണത്തിന് പഞ്ചായത്ത് തലത്തിൽ വിതരണ ഏജൻസിയെ ഏൽപ്പിക്കുകയും പാചകത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് ഗ്രാമപഞ്ചായത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം അനുവദിക്കുകയും പഞ്ചായത്ത് അതിർത്തിയിൽ വിതരണം ചെയ്ത മണ്ണെണ്ണയുടെ അളവ് പഞ്ചായത്ത് ഭരണസമിതിയെ അറിയിക്കേണ്ടതുമാണ്.
8. പഞ്ചായത്ത്, സർക്കാർ പുറംപോക്ക് ഭൂമിയിൽ വിറക് ആവശ്യത്തിനുള്ള സാമൂഹ്യ വനവൽക്കരണം നടത്തുക. സ്വകാര്യവ്യക്തികളിൽ വനവൽക്കരണത്തിന് പ്രോത്സാഹനം നൽകുക. ദക്ഷത കൂടിയ വിറക് അടുപ്പുകൾ, കച്ചിപ്പെട്ടി, മണ്ണെണ്ണസ്റ്റൗകൾ, പ്രഷർകുക്കറുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ പ്രചരിപ്പിക്കുക.
9. സ്വകാര്യവ്യക്തികൾ ഉപയോഗിക്കുന്ന സ്റ്റപ്പ്അപ്പ് ട്രാൻസ്ഫോർമറുകൾ നിരോധിക്കേണ്ടതും ഒഴിച്ചുകൂടാൻ പറ്റാത്ത സന്ദർഭത്തിൽ പ്രത്യേക ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
10. കമ്മ്യൂണിറ്റി പ്രൊജക്ടായി സൗരോൻജ്ജ പദ്ധതികളും ബയോഗ്യാസ് പ്ലാന്റുകളും സംഘടിപ്പിക്കുക.
11. വൈദ്യുത ഉപയോഗവും വിതരണവും കാര്യക്ഷമമാക്കാൻ പഞ്ചായത്തല ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

✏ ഒന്നാംവാർഡിലെ തിപ്പിലക്കയത്തിൽ ഒരു മിനി ജലവൈ ദ്യുത പദ്ധതി ആരംഭിക്കണം.

✏ മംഗലംഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിച്ച് ജലവൈദ്യുത പദ്ധതി ഉണ്ടാക്കുക.

✏ തളികക്കല്ല് ഗിരിജൻകോളനി പ്രദേശത്ത് ഒരു മിനി ജലവൈദ്യുത പദ്ധതി ആരംഭിക്കുക.

✏ ഒന്നാംവാർഡിൽ വെള്ളാട്ടിരി, അഞ്ചാംവാർഡിൽ പന്നിക്കുന്ന്, എട്ടാംവാർഡിൽ ഊർപ്പറക്കുന്ന് എന്നീ സ്ഥലങ്ങളിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുക.

✏ രണ്ടാം വാർഡിൽ പൂതംകോട് ഒരു കമ്മ്യൂണിറ്റി സൗരോർജ്ജ പദ്ധതി നടപ്പിലാക്കുക.

✏ പന്ത്രണ്ടാം വാർഡിൽ കുന്നുപറമ്പിൽ ഒരു കമ്മ്യൂണിറ്റി സൗരോർജ്ജ പദ്ധതി നടപ്പിലാക്കുക.

✏ ഇന്ധന ഉപയോഗം കുറക്കുന്നതിന് ദക്ഷിത കൂടിയ അടുപ്പുകൾ, മണ്ണെണ്ണ സ്റ്റൗകൾ, പ്രഷർകുക്കറുകൾ, സൗരോർജ്ജ വിളക്കുകൾ, കോംപാക്ട് ഫ്ലൂറസന്റ് ലാമ്പുകൾ എന്നിവയ്ക്ക് ഉയർന്ന നിരക്കിൽ സബ്സിഡി നൽകുക. ടി ഉപയോഗം പ്രോത്സാഹിപ്പിക്കണം. സൗരോർജ്ജ വിളകളുടെ ലഭ്യത വർദ്ധിപ്പിക്കണം.

✏ വൈദ്യുത ഉപയോഗത്തെക്കുറിച്ചും ദുർവിനിയോഗത്തെക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

✏ ഒന്നാം വാർഡിൽ മംഗലംഡാം-കുന്നത്തുഗേറ്റ്, കുന്നത്തുഗേറ്റ്-രണ്ടൂട്ടി, കുന്നത്തുഗേറ്റ്-ഓട്ടുപാറ, ഒലികടവ്-പൈതല്, കാഞ്ഞക്കൽ എസ്റ്റേറ്റ്-കടപ്പാറ, ഒലിങ്കടവ്-ഹരിജൻ കോളനി, കടപ്പാറ-തളികക്കല്ല്.

✏ രണ്ടാം വാർഡിൽ മംഗലംഡാം-പൂതംകോട്, മംഗലംഡാം- കുറുമാലി ടെമ്പിൾ, വടക്കേക്കളം-കല്ലാനക്കര, വടക്കേക്കളം-പന്നിക്കുളമ്പ്, പന്നിക്കുളമ്പ്-സ്രാമ്പിക്കുളമ്പ്, മംഗലാംഡാം-വീട്ടിക്കൽകടവ്.

✏ മൂന്നാംവാർഡിൽ ചിറ്റടി-ചീളി-മാപ്പിളപ്പൊറ്റ, ഒടുക്കൂർ ലക്ഷംവീട്-ഒടുക്കൂർ IHDP കോളനി, ചിറ്റടി-കവറക്കൊല്ലുമ്പ്.

✏ നാലാംവാർഡിൽ നെല്ലിക്കോട്-ലക്ഷംവീട്-ചാത്തൻകുറിശ്ശി, പുലിക്കൽപ്പറമ്പ്-പേഴുംകുറ-പാളയം, പുലിക്കൽപറമ്പ്-മാപ്പിളപ്പൊറ്റ, സി.കെ കുന്ന്-തിരുത്തോട്, നെല്ലിക്കോട് മുസ്ലിം പള്ളി (നിസ്കാരപള്ളി) പുലിക്കൽപറമ്പ്-പാളയംപുഴ.

✏ അഞ്ചാംവാർഡിൽ മേത്താംകോട്-മാരിയമ്മൻകോവിൽ -ചെമ്പോട്, പടുത്തലകുളം-മാരിയമ്മൻകോവിൽ, ചേരുംകോട്-പാലമുക്ക്, ചെമ്പോട്-സീതാവ്, കിഴക്കേത്തറ- കടമ്പായി കോളനി.

✏ ആറാംവാർഡിൽ കല്യാണമണ്ഡപം-ആലംപള്ളം-ടെലി ഫോൺ എക്സ്ചേഞ്ച്, വില്ലേജ് ഓഫീസ്-കുംഭാരത്തറ, ആലംപള്ളം-കുന്നംകാട് ഹരിജൻ കോളനി, ഐ.പി.പി സെന്റർ-ആലമ്പള്ളം.

✏ ഏഴാം വാർഡിൽ കമ്മാന്തറ-അയ്യപ്പൻകാവ്.


✏ എട്ടാം വാർഡിൽ പുല്ലമ്പാടം-തണ്ടലോട്-ചെമ്പോട്, നീർച്ചാൽ-ഉറവുമട, മാത്തൂർതറ-പുല്ലമ്പാടംതറ-പുല്ലമ്പാടം ഹരിജൻ കോളനി.

✏ ഒൻപതാം വാർഡിൽ പന്തപ്പറമ്പ്-രക്കിയംപാടം, പന്തപ്പറമ്പ്-കുണ്ടുകാട്, പങ്കജ്റൈസ്മിൽ-ഇലക്കോട്, മഞ്ഞലിപ്പാടം-മാത്തൂർ, മഞ്ഞലിപ്പാടം-കോഴിമുട്ടത്തറ.

✏ പത്താംവാർഡിൽ അണിത്തുരുത്തി-മൈലാറോഡ്, ചക്കാന്തറ-പയ്യാറോഡ്.

✏ പതിനൊന്നാം വാർഡിൽ ചല്ലുവടി-ലക്ഷംവീട്-പടിഞ്ഞാറെക്കാട്, ചല്ലുവടി-വള്ളിയോട്.

✏ പന്ത്രണ്ടാം വാർഡിൽ കുന്നുപറമ്പ്-പുന്നക്കൽപറമ്പ്, കുന്നുപറമ്പ്-വീയ്യലി റോഡ്, തെക്കഞ്ചേരി-പാക്കാട്-നാക്കരക്കാട്-ചല്ലുവടി, തെക്കൻചേരി-കാരാമ്പാടം എന്നീ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.



ഗതാഗതം

ആമുഖം

ആദ്യകാലഘട്ടത്തിൽ ഒറ്റയടിപ്പാതകളിലൂടെ കാൽനടയാത്രയും ചരക്ക് കടത്തുന്നതിന് തലച്ചുമടായും, കാലികളെ ഉപയോഗിച്ചും നടത്തിയിരുന്നു. ചുമടിറക്കുന്നതിന് കരിങ്കല്ലുകൊണ്ട് അത്താണിയും, വഴിയാത്രക്കാർക്ക് തണ്ണീർ പന്തലുകളും ആശ്രയമായിരുന്നു. നാടുവാഴികളും ജൻമികളും യാത്രയ്ക്ക് പല്ലക്ക് ഉപയോഗിച്ചിരുന്നു. തണ്ണീർ പന്തലും അത്താണികളും നാടുവാഴികളുടെ സംഭാവനയായിരുന്നു. ഗർഭിണികളുടെ അകാലമരണം പരേതാത്മാവിന് നിത്യശാന്തിക്ക്വേണ്ടിയും അത്താണികൾ നിർമ്മിക്കുന്ന വിശ്വാസം ഉണ്ടായിരുന്നു.

രോഗികളേയും ആശരണരേയും വൈദ്യശുശ്രൂഷയ്ക്ക് എത്തിച്ചിരുന്നത് ഉലക്കയിൽ ചാക്കോ, പുതപ്പോ തൂക്കുകെട്ടി ചുമന്നുകൊണ്ടുപോവുന്ന രീതിയായിരുന്നു. സവർണ്ണവിഭാഗം യാത്രചെയ്യുന്ന വഴിയിൽ നിന്ന് അവർണ്ണ വിഭാഗം അയിത്തത്തിന്റെ പേരിൽ മാറി നിൽക്കുന്നതും നിലവിൽ ഉണ്ടായിരുന്നു. നാടുവാഴി വ്യവസ്ഥയുടെ മധ്യഘട്ടത്തോടുകൂടി ചരക്ക് കടത്തുന്നതിന് പോത്തുവണ്ടികളും ജൻമിവർഗം യാത്രയ്ക്ക് സവാരിവണ്ടികളും ഉപയോഗിച്ചിരുന്നു. പോത്തുവണ്ടികൾ കുടിയാൻമാരുടെ വകയായിരുന്നു. ടിപ്പുവിന്റെ പടയോട്ടകാലത്താണ് വാണിയമ്പാറ-ഗോവിന്ദാപുരം റോഡിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ മംഗലംഡാം നിർമ്മാണം ആരംഭിച്ചതിന്റെ ഭാഗമായാണ് മുടപ്പല്ലൂർ-മംഗലംഡാം റോഡിന്റെ നിർമ്മാണം ഉണ്ടായത്. 1952 അവസാനത്തോടെ ഇരുമ്പ്ദണ്ഡ് ഉപയോഗിച്ച് സ്റ്റാർട്ട് ചെയ്യുന്ന മൂക്കുള്ള ഒരു ബസ് ഓടിത്തുടങ്ങി. വണ്ടാഴി കേശവമേനോന് ആ കാലഘട്ടത്തിൽ ഒരു കാറും കിഴക്കേമുറി പനയൻചിറ അപ്പുക്കുട്ടന് ഒരു കുതിരവണ്ടിയും ഉണ്ടായിരുന്നു.

റോഡുകളുടെ വ്യാപകമായ വികാസവും നിർമ്മാണവും ഉണ്ടായത് 1957-ലെ ഭൂപരിഷ്ക്കരണത്തിന് ശേഷമാണ്. 1960- കാലഘട്ടത്തിന് ശേഷമാണ് റോഡുകൾ ടാർ ചെയ്യുന്ന സമ്പ്രദായം ഉണ്ടായത്. ഇപ്പോൾ ഈ പഞ്ചായത്തിൽ 25.802 കിമീ കച്ചാറോഡും 19 കിമീ പക്കാറോഡും 7 കിമീ. മെറ്റൽ റോഡും 22 കിമീ. PWD ടാർ റോഡും 19 കിമീ. പഞ്ചായത്ത്വക ടാർറോഡും ഉണ്ട്.

റോഡുകളെ ബന്ധിപ്പിക്കുന്നതിന് പുഴകളിൽ 8 പാലങ്ങൾ നിർമ്മിച്ചിട്ടുണ്ട്. മംഗലംഡാം റിസർവോയറിന്റെ മറുകരയിൽ പാർക്കുന്നവർ യാത്രയ്ക്ക് ഇപ്പോഴും വഞ്ചികൾ ഉപയോഗിച്ചുവരുന്നു.

പഞ്ചായത്തിലെ ജനങ്ങൾ 99%വും റോഡ്മാർഗമാണ് ഗതാഗതത്തിന് ഉപയോഗിക്കുന്നത്.

ഗതാഗത പ്രശ്നങ്ങൾ

1. ചില വാർഡുകളിൽ വേണ്ടത്ര റോഡ് സൗകര്യങ്ങൾ ഇല്ല.
2. നിലവിലുള്ള റോഡുകളുടെ നിലവാരം മോശമാണ്.
3. റോഡുകൾക്ക് വേണ്ടത്ര ഓടകളില്ല.
4. കാലവർഷത്തിൽ മിക്ക റോഡുകളും തകർന്ന്പോകുന്നു.
5. യാത്രക്കാർക്ക് വേണ്ടത്ര വെയിറ്റിംഗ് ഷെഡുകൾഇല്ല.
6. നിലവിലുള്ള റോഡുകൾക്ക് വേണ്ടത്ര വീതിയില്ല.

സാധ്യതകൾ

1. മുൻഗണനാക്രമത്തിൽ പുതിയ റോഡുകൾ ഉണ്ടാക്കാൻ പദ്ധതി ആവശ്യമാണ്.
2. റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം. അസൂത്രണത്തിലെ പാളിച്ച ഒഴിവാക്കണം. ആയതിന് ജനപങ്കാളിത്തവും സന്നദ്ധപ്രവർത്തനവും ആവശ്യമാണ്.
3. ആവശ്യമുള്ള റോഡുകൾക്കെല്ലാം സ്ഥിരമായി നിലനിൽക്കാവുന്ന ഓടകളും കൽവർട്ടുകളും പണിയേണ്ടതാണ്.
4. യഥാസമയം അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. ആയതിന് പഞ്ചായത്ത്തല സംവിധാനം ഉണ്ടാകേണ്ടതാണ്.
5. അംഗീകൃത ബസ്സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ നീക്കം ചെയ്ത് പഞ്ചായത്തിന് അധികാരം നൽകേണ്ടതാണ്.
6. റോഡ് വീതികൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാനുള്ള വ്യവസ്ഥകൾ ലഘൂകരിച്ച് പഞ്ചായത്തിന് അധികാരം നൽകേണ്ടതാണ്.

നിർദ്ദേശങ്ങൾ

- മംഗലംഡാം-കടപ്പാറ റോഡ് PWD ഏറ്റെടുത്ത് ടാർ ചെയ്യണം.
- കടപ്പാറ-തളികക്കല്ല് ഗിരിജൻകോളനിറോഡ് ഫോർമേഷൻ നടത്തണം.
- പൈതല റോഡ്, ഓട്ടുപാറ റോഡ് എന്നിവ മെറ്റലിംഗ് നടത്തണം.
- ഒലിങ്കടവ് ഹരിജൻകോളനി റോഡ് ടാറിംഗ്.
- കോർപ്പറേഷൻ-മലയക്കൊളുമ്പ് റോഡ്, കുന്നത്തുഗേറ്റ് -രണ്ടുട്ടി റോഡ് എന്നിവ മെറ്റലിംഗ് നടത്തണം.
- പൈതലപുഴ, കൊടിക്കരിമ്പ്, രണ്ടാംപുഴ, തളികക്കല്ല് എന്നിവിടങ്ങളിൽ പാലം.

രണ്ടാം വാർഡ്

- മംഗലംഡാം-വീട്ടിക്കൽ കടവ് റീടാറിംഗ്. പനംപൊറ്റ-വടക്കേകളം (കനാൽബണ്ട്) റോഡ് ഫോർമേഷൻ. വടക്കേക്കളം-കല്ലാനക്കരറോഡ് റീടാറിംഗ്. പൂതംകോട്-ചുണ്ടക്കാരൻകുളമ്പ്റോഡ് ഫോർമേഷൻ. മംഗലംഡാം-ഗുരുമന്ദിരം റോഡ്, പനംപൊറ്റ-കുറുമാലിക്കാവ് റോഡ്, വീട്ടിക്കൽ കടവ്-രണ്ടുട്ടിറോഡ്, പന്നിക്കുളമ്പ്-സ്രാമ്പിക്കുളമ്പ്റോഡ്, വടക്കേക്കുളം-കാന്തളംകടവ് റോഡ് എന്നിവ ഫോർമേഷൻ നടത്തണം.

മൂന്നാം വാർഡ്

- ഒടുക്കൂർ-കനാൽബണ്ട് റോഡ്, ചീളി-മാപ്പിളപ്പൊറ്റ റോഡ്, ശിവൻകോവിൽ-ചെറിയചാൽ റോഡ്, ചിറ്റടി-പടിഞ്ഞാറേത്തറ റോഡ് എന്നിവ ഫോർമേഷൻ നടത്തണം.

നാലാം വാർഡ്

- സി.കെ. കുന്ന്-പുളിക്കൽപ്പറമ്പ്-പേഴുംകുറ റോഡ് മെറ്റലിംഗ്. സി.കെ.കുന്ന്-മാപ്പിളപ്പൊറ്റ റോഡ്, നെല്ലിക്കോട്-ഹരിജൻ കോളനിറോഡ് എന്നിവ ഫോർമേഷൻ. വണ്ടാഴി-പാളയംകടവ് റോഡ് റീടാറിംഗ്.

അഞ്ചാം വാർഡ്

- വണ്ടാഴി-കാന്തളം റോഡ് റീടാറിംഗ്. മേത്താംകോട്-ചെമ്പോട് റോഡ് മെറ്റലിംഗ്. കടമ്പായി-അറുതല, കല്ലക്കുളമ്പ്-അറുതല എന്നിവ ഫോർമേഷൻ. പടുത്തലക്കുളം-മാരിയമ്മൻ കോവിൽ, സീതാവ്-ചെമ്പോട് റോഡ്, വെള്ളയംപാടം-ചേലോട് റോഡ് എന്നിവ മെറ്റലിംഗ്.

ആറാം വാർഡ്

- വണ്ടാഴി-ചന്ദനാംപറമ്പ് റോഡ്, പറപ്പടി-പത്താംകോട് റോഡ്, കിഴക്കുമുറി-ആലംപള്ളം റോഡ് എന്നിവ മെറ്റലിംഗ്. മോസ്കോമുക്ക്-ആലമ്പള്ളം റോഡ് ടാറിംഗ്. തെക്കേക്കാട് കോളനി റോഡ് മെറ്റലിംഗ്. പടുത്തലക്കുളം-പുല്ലമ്പാടം റോഡ് റീടാറിംഗ്.

ഏഴാം വാർഡ്

- കുണ്ടുകാട്-കുളപ്പുരറോഡ്, വടക്കുമുറി-കൊരക്കാലി റോഡ്, കമ്മാന്തറ റോഡ്, വടക്കുമുറി-കവറത്തറ റോഡ് എന്നിവയുടെ ഫോർമേഷൻ.

എട്ടാം വാർഡ്

- മുടപ്പല്ലൂർ-മാത്തൂർ-തണ്ടലോട് വഴിപാല റോഡ് PWD ഏറ്റെടുത്ത് ടാർ ചെയ്യണം. പുല്ലമ്പാടം-ഉറവുമട റോഡ് ടാറിംഗ്. മാത്തൂർ-പുല്ലമ്പാടം റോഡ് ഫോർമേഷൻ.

ഒൻപതാം വാർഡ്

- കാവലത്തുപാടം-രക്കിയംപാടം, പന്തപ്പറമ്പ്-കുണ്ടുകാട് റോഡ്, പങ്കജ് റൈസ്മിൽ-ഇലക്കോട് റോഡ് എന്നിവ ഫോർമേഷൻ. മണലിപ്പാടം-ചെറുകാട്തറ റോഡ് മെറ്റലിംഗ്.

പത്താം വാർഡ്

- മുടപ്പല്ലൂർ-പുന്നപ്പാടം റോഡ് റീടാറിംഗ്.
- അണിത്തുരുത്തി-പയ്യാറോഡ് റോഡ് ഫോർമേഷൻ.

പതിനൊന്നാം വാർഡ്

- ചല്ലുവടി-വള്ളിയോട് റോഡ് ഫോർമേഷൻ. ലക്ഷം വീട്-പടിഞ്ഞാറേക്കാട് റോഡ് മെറ്റലിംഗ്. പടിഞ്ഞാറേത്തറ സർക്കുലർ റോഡ് മെറ്റലിംഗ്.

പന്ത്രണ്ടാം വാർഡ്

- ഉരയരിക്കുടം-തെക്കുഞ്ചേരി-കരാംപാടം റോഡ്, പാക്കാട്-കിഴക്കേപ്പാറക്കൽ റോഡ്, കുന്നുപറമ്പ്-വീയ്യലി റോഡ് എന്നിവ മെറ്റലിംഗ്. കുന്നുപറമ്പ്-പുന്നക്കൽ പറമ്പ് ടാറിംഗ്.
- ഒന്നാം വാർഡിൽ കുന്നത്തുഗേറ്റ്, രണ്ടാംവാർഡ് ആശുപത്രി ജംഗ്ഷൻ, മൂന്നാംവാർഡിൽ ശിവൻ കോവിൽ, ഒടുക്കൂർ സെന്റർ, ചിറ്റടി. നാലാം വാർഡിൽ നെല്ലിക്കോട്, പഞ്ചായത്ത് ഓഫീസിന് മുൻവശം, വള്ളിയോട്, പന്തപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ ബസ്വെയിറ്റിംഗ് ഷെഡുകൾ പണിയേണ്ടതാണ്.

ബസ് സർവ്വീസുകൾ

ഒലിപ്പാറ-തൃശൂർ (വഴി : കാന്തളം, പുല്ലമ്പാടം, മാത്തൂർ) ഒരു കെ.എസ്.ആർ.ടി.സിയും ഒരു പ്രൈവറ്റ് ബസ്സും സർവ്വീസിന് ആവശ്യമാണ്.

പൊൻകണ്ടം-അണക്കപ്പാറ-പാലക്കാട് കെ.എസ്. ആർ.ടി.സി ബസ് ആവശ്യമാണ്.

ഒലിപ്പാറ-കാന്തളം, മാത്തൂർ-അണിക്കപ്പാറ വഴി പാലക്കാട് ബസ് സർവ്വീസ് ആരംഭിക്കണം.

മംഗലംഡാം-ഇളവംപാടം-പുന്നപ്പാടം, മുടപ്പല്ലൂർ, ചിറ്റിലംചേരി വഴി ഗോവിന്ദാപുരം കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് ആരംഭിക്കണം.

മംഗലംഡാമിൽ നിന്നും വണ്ടാഴിവഴി തിരുവനന്തപുരത്തിന് കെ.എസ്.ആർ.ടി.സി ആരംഭിക്കണം.

പൊൻകണ്ടം-വണ്ടാഴി-അണക്കപ്പാറ-പാലക്കാട് വഴി കോഴിക്കോട് കെ.എസ്.ആർ.ടി.സി സർവ്വീസ് ആരംഭിക്കണം.

റോഡുകൾ സംബന്ധിച്ച വിവരം

റോഡിന്റെ സ്വഭാവം (നീളം)

കച്ച	പക്ക	മെറ്റൽ	ടാർ	മറ്റുള്ളവ	ആകെ
26.800 K.M.	**12.500 K.M.**	**5 K.M.**	**21.500 K.M.** **P.W.D.** പഞ്ചായത്ത് **J.R.Y.** **16.500 K.M.**	ഈടുവഴി റോഡുകൾ	**97.300 K.M.**

പഞ്ചായത്തിൽ വാഹനങ്ങളുടെ വിവരം

ആട്ടോറിക്ഷ	-	60
ടാക്സികാർ, ജീപ്പ്	-	53
ലോറി	-	6
ബസ്-K.S.R.T.C	-	1
സ്വകാര്യം	-	13
ടൂവീലർ	-	112
സൈക്കിൾ	-	531
ടെമ്പോ	-	15
ട്രാക്ടർ	-	6
ടില്ലർ	-	6
സ്വകാര്യകാർ, ജീപ്പ്	-	56
പോത്തുവണ്ടി	-	71
ആകെ	**-**	**930**

ട്രാൻസ്ഫോർമർ
50

സ്ട്രീറ്റ്ലൈറ്റ്
500
ചിലവ്: 109425.00

ഗാർഹികം. 2601 | വ്യാപാരം. 417

വൈദ്യുതി ഉപഭോഗം

വ്യവസായം. 66 | കാർഷികം. 516

വൈദ്യുതീകരിച്ച
കോളനികൾ - 11

കണക്ഷൻ ലഭിക്കാൻ
ബാക്കിയുള്ളവർ
156

നടപ്പു പദ്ധതികൾ

S. No	പദ്ധതിയുടെ പേര്	അനുവദിച്ച തുക.	നിർവ്വഹണം
1	ഒലിംകടവ്മഹിജുൻകോളനി റോഡ്.	95000	നടക്കുന്നു
2	പൂതാംകോട്ട് മെമ്പലിംഞ്ഞ്.	33000	കഴിഞ്ഞു.
3	കടുങ്ങാൽ കനാൽബണ്ട് റോഡ്.	13000	കഴിഞ്ഞു
4	മനപ്പിള്ളിക്കോട്ടുലക്ഷംവീട്കോളനിടാറിങ്.	60000	കഴിഞ്ഞു
5	കിഴക്കോരത്തുമറിയമ്മൻകോവിൽറോഡ്.	30000	കഴിഞ്ഞു
6	വണ്ടൊഴി ചന്ദനാംപറമ്പ് റോഡ്.	10000	കഴിഞ്ഞു
7	മാരത്തൂർ മുട്ടുംപാടം റോഡ്.	30000	കഴിഞ്ഞു
8	പൂനായ്ക്കൽപറമ്പ് എടയോട്ടുറോഡ്.	30000	കഴിഞ്ഞു
9	ചക്കുവടി ലക്ഷംവീട് റോഡ്.	65000	കഴിഞ്ഞു
10	വെള്ളുമ്പംപാടം കോളനി റോഡ്.	30000	കഴിഞ്ഞു
11	കാവുംമടറോഡ്.	11000	കഴിഞ്ഞു
12	കിഴക്കോവായ്ക്കൽ റോഡ്.	15000	കഴിഞ്ഞു
13	മനപ്പിള്ളിപാടം റോഡ്.	10000	കഴിഞ്ഞു
14	മോസ്കോമുക്ക്വഞ്ചിറോഡ്	40,000	കഴിഞ്ഞു
15	തൊകോക്കാട് കുവനകോളനിറോഡ്	35500	കഴിഞ്ഞു
16	വീട് വയറിംഗ് – 8.	3200	കഴിഞ്ഞു
17	കല്യാണമണ്ഡപംതൊകോക്കാട്.	35000	കഴിഞ്ഞു
18	ഗ്രന്ഥശാലാകെട്ടിടം.	10000	കഴിഞ്ഞു
19	കൊരയ്ക്കാൽമഹിജുൻകോളനിറോഡ്.	25000	കഴിഞ്ഞു
20	വടിതൊതൊതൊടോട് ടാറിംഗ്.	95000	കഴിഞ്ഞു
21	മേലൂതാംകോട്ടുമാരിയമ്മൻകോവിൽറോഡ്.	44000	കഴിഞ്ഞു
22	വഞ്ചിക്കോട്-ചക്കുവടി റോഡ്.	64000	കഴിഞ്ഞു
23	കിഴക്കുമുറി-ചന്ദനാംപറമ്പ് റോഡ്.	44000	കഴിഞ്ഞു
24	മംഗലംഡാം-പൂതാംകോട്ടുറോഡ്.	20000	കഴിഞ്ഞു
25	ചാണ്ടികുടവ്-കുന്നത്തുപോട്ട റോഡ്.	30000	കഴിഞ്ഞു
26	ഒലിംകടവ് കോൺവെക്കേഷൻറോഡ്.	20000	കഴിഞ്ഞു
27	വിദ്യാർത്ഥികൾക്ക് കുടിവെള്ളം.	16720	കഴിഞ്ഞു
28	വിദ്യാർത്ഥികൾക്ക് സൈക്കിൾവാങ്ങൽ.	4500	കഴിഞ്ഞു
29	ഓലക്കുട മേയാൻ ധനസഹായം.	20000	കഴിഞ്ഞു
30	വാർദ്ധക്യപെൻഷൻ.	18000	കഴിഞ്ഞു
31	പുതുതായികോൺക്രീറ്റ്റോഡ്സിറിംഗ്	100000	കഴിഞ്ഞു
	ആകെ.	1056920	കഴിഞ്ഞു.



ഭവനനിർമ്മാണം

മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്നാണ് പാർപ്പിടം. ആദ്യകാലങ്ങളിൽ മരച്ചുവടുകളിലും മറ്റും പാർത്തിരുന്ന ജനങ്ങൾ കുടിലുകൾ വെച്ച് താമസിക്കാൻ ആരംഭിച്ചു. കുടിലുകൾ മിക്കവയും അടുത്തടുത്തായിരുന്നു നിർമ്മിച്ചിരുന്നത്. ഇവയെ തറകൾ എന്നാണ് പറഞ്ഞുവന്നിരുന്നത്.

ചവിട്ടിക്കുഴച്ച മണ്ണുകൊണ്ട് തറകൾ നിർമ്മിച്ച് അവയിൽ പുരകെട്ടുന്ന സമ്പ്രദായം നിലവിൽവന്നു. പുല്ല്. കരിമ്പനഓല, വൈക്കോൽ എന്നിവ കൊണ്ട് മേയുകയും മരക്കൊമ്പുകൾ ഉപയോഗിച്ച് തൂണുകളും കഴുക്കോലുകളും നിർമ്മിച്ചും വന്നു. കാലംമാറിയതോടെ ജൻമിമാർ കൊട്ടാര സദൃശ്യമായതും ശിൽപചാതുര്യമുള്ളതുമായ വീടുകൾ നിർമ്മിച്ചു. നാട്ടുരാജാക്കൻമാരുടെ പ്രതിനിധികൾ ആയ ഇവർ നല്ല വീടുകൾ നിർമ്മിക്കുവാൻ മറ്റുള്ളവരെ അനുവദിച്ചിരുന്നില്ല. കൃഷിഭൂമി കർഷകന്റെതായതോടെ കുടിയിരിപ്പുകളിൽ വയ്ക്കോൽ പുരകൾ നിർമ്മിച്ചുതുടങ്ങി. അഞ്ച് ഉത്തരങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. നമ്മുടെ ഗ്രാമപ്രദേശത്തെ പ്രത്യേകത കളായിരുന്ന പനംപട്ട മേഞ്ഞവീടുകൾ ഇന്ന് അപ്രത്യക്ഷമായിട്ടുണ്ട്. ഓലയുടെ ലഭ്യത കുറഞ്ഞത് കാരണമാണ്.

സമീപകാലത്തുണ്ടായ മാറ്റങ്ങൾ

പഞ്ചായത്തിൽ ഏകദേശം ആറായിരത്തോളം വീടുകൾ ഉണ്ടെന്നാണ് കണക്ക്.

വീടുകൾ

കോൺക്രീറ്റ്	ഓടിട്ടത്	ഓലമേഞ്ഞവ	കുടിൽ
385	4679	479	417

ആകെ 5960

പൊതുവേ സാമ്പത്തികരംഗത്തും കാർഷിക രംഗത്തും അടുത്തകാലത്തുണ്ടായ പുരോഗതി ഭവന നിർമ്മാണ രംഗത്തും പ്രതിഫലിച്ചുകാണുന്നു. ആശാവഹമായ മാറ്റം ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗങ്ങൾ ഉൾപ്പടെയുള്ള പിന്നോക്ക വിഭാഗങ്ങൾക്കായി സർക്കാർ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ ഏതാനും വർഷങ്ങളിലായി പഞ്ചായത്തിൽ കാര്യക്ഷമമായി മുതൽ മുടക്കിയതും ഇക്കാര്യത്തിൽ ഗുണകരമായിട്ടുണ്ട്.

1990-96 വരെ സർക്കാർ ഭവന പദ്ധതികൾക്ക് അനുവദിച്ച തുകകൾ

1990-91	62040.00	1993-94	319000.00
1991-92	123200.00	1994-95	319000.00
1992-93	123200.00	1995-96	79000.00

ആകെ 102544.00

നമ്മുടെ വീടുകളിൽ ഏകദേശം 7% കോൺക്രീറ്റും 78% ഓടുമേഞ്ഞവയും 8% ഓല മേഞ്ഞവയും 7% കുടിലുകളും ആണ്. കോൺക്രീറ്റ് വീടുകൾ കരിങ്കൽതറയും ചുട്ട ഇഷ്ടിക സിമന്റിൽ പണിത ചുമരും ആണ്. ഓടുമേഞ്ഞ വീടുകൾ ഭൂരിപക്ഷവും ചവിട്ടിക്കുഴച്ച് ഉറപ്പിച്ച മൺതറയോ കരിങ്കല്ല് കെട്ടിയ തറയോ ആണ്. ചുട്ടതോ ചുടാത്തതോ ആയ ഇഷ്ടികയാണ് ചുമർ. അപൂർവ്വം വീടുകൾക്ക് മൺ ചുമരുകളും ഉണ്ട്. മേൽപ്പുര നിർമ്മാണത്തിൽ നാടൻ തടികളും പനയും ഉപയോഗിച്ചിട്ടുണ്ട്. ഉറപ്പുള്ള തറയും ചുമരും ഉണ്ടാക്കാൻ കഴിവുള്ളവർ കടംവാങ്ങിയും മേൽപ്പുര ഓടുമേയുന്ന സമ്പ്രദായമാണ്. അതുകൊണ്ട് ഓലപ്പുരകളും, കുടിലുകളും ഒരേനിലയിൽതന്നെ കണക്കാക്കാം.

പ്രശ്നങ്ങൾ

പുറമ്പോക്കുകളിലും ജീർണ്ണിച്ച PWD കൂലി കോർട്ടേഴ്സുകളിലും ഡാം ക്യാച്മെന്റ് ഏരികളിലും കനാൽ പുറമ്പോക്കുകളിലും കൂരകൾ വെച്ച് താമസിക്കുന്ന ഒട്ടനവധി ഭവനരഹിതർ ഉണ്ട്.

ഇവർ ഉൾപ്പടെ ഓലപ്പുരകളും കുടിലുകളിലുമായി ജീവിക്കുന്ന ആയിരം കുടുംബങ്ങൾക്കും ദുർബല വിഭാഗങ്ങളിൽപ്പെട്ടവരും വരുന്ന അഞ്ച്വർഷത്തിനിടയിൽ പാർപ്പിടം ആവശ്യമായിരുന്നവരുമായ ഏകദേശം 500 ഓളം പേർ ചേർന്നാൽ 1500 കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കേണ്ടതായുണ്ട്. ഏറ്റവും ചിലവ് ചുരുങ്ങിയതും 30 ചതുരശ്രഅടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ളതുമായ 2 മുറിയും വരാന്തയും ചെറിയ ഒരു അടുക്കളയും കക്കൂസും ഉള്ള പ്രൊജക്ട് ഇതിനായി നടപ്പാക്കാം.

വീട്വെക്കുന്നതിന് യുക്തമായ സ്ഥലം ഇല്ലാ എന്നത് പ്രധാനവിഷമതയാണ്. നെൽപാടങ്ങളും കൃഷിഭൂമികളും നികത്തി ഇപ്പോൾ ഭവനനിർമ്മാണത്തിന് ഉപയോഗിക്കുന്നു. ഇതുമൂലം നിർമ്മാണച്ചിലവ് കൂടുന്നു. ഈ സാഹചര്യത്തിൽ ദുർബലവിഭാഗത്തിൽപ്പെട്ടവരും സ്വന്തമായി ഭൂമിയില്ലാത്തവരും പുറംപോക്കുകളിൽ കുടിയിരിക്കുന്നവരുമായ ഒട്ടേറെ പേർക്ക് ആവശ്യമായ സ്ഥലം കണ്ടെത്തേണ്ട ദുഷ്ക്കരമായ അവസ്ഥയും ഉണ്ട്. സർക്കാർ ഉടമയിൽതന്നെയുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടെത്തി അനുമതി ലഭ്യമാക്കിയാൽ ഒരളവുവരെ ഈ പ്രശ്നം പരിഹരിക്കാം.

നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് ഉള്ളവയ്ക്ക് ക്രമാതീതമായ വിലവർദ്ധന, സാധനങ്ങൾ എത്തിക്കുന്നതിനുള്ള ചിലവ്, കൂലിയിൽ അടുത്തകാലത്തായി ഉണ്ടായ അമിതമായ വർദ്ധന, വാഹനങ്ങൾ എത്താത്ത സ്ഥലമാണെങ്കിൽ സാധനങ്ങൾ സ്ഥലത്ത് എത്തിക്കുന്നതിൽ വീണ്ടും വരുന്ന അധികച്ചിലവ്, കരിങ്കല്ല്, മണൽ, തടി എന്നിവയുടെ ലഭ്യതക്കുറവ് എന്നിവയും പ്രശ്നമായിട്ടുണ്ട്. ഇതുകൊണ്ടുതന്നെ ഗുണനിലവാരം കുറഞ്ഞ വസ്തുക്കൾ നിർമ്മാണത്തിന് ഉപയോഗിക്കേണ്ടിവരുന്നു. ഇത് കെട്ടിടങ്ങളുടെ ആയുസ് കുറയാൻ ഇടയാക്കുന്നു. കരിമ്പന, നാടൻ മരങ്ങൾ, മുള എന്നിവയും നമുക്ക് അന്യമായിക്കഴിഞ്ഞു. ചിതൽ, എലി തുടങ്ങിയവയുടെ ശല്യം മറ്റൊരു പ്രശ്നമായി വരുന്നു.

നിർദ്ദേശങ്ങളും പരിഹാരമാർഗങ്ങളും

നമ്മുടെ പഞ്ചായത്തിൽ ധാരാളം വനസമ്പത്ത് ഉണ്ടായിരുന്നു എങ്കിലും വനം ദേശസാൽക്കരണത്തോടെ മരം കിട്ടാനില്ലാത്ത സ്ഥിതിയുണ്ട്. വ്യവാപകമായിതോട്ടവിളകളും നാണ്യവിളകളും കൃഷിചെയ്യാൻ ആരംഭിച്ചതോടെ മരങ്ങൾ ഇല്ലാതായി. ഇത് ഭവന നിർമ്മാണത്തിന് വലിയ വിഷമം സൃഷ്ടിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ധാരാളമായി നമ്മുടെ പ്രദേശങ്ങളിൽനിന്നും അന്യനാടുകളിലേക്കും അന്യജില്ലകളിലേക്കും കയറ്റിപ്പോകുന്ന മേൽത്തരം റബ്ബർതടി സംസ്ക്കരിച്ച് ഭവന നിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. മേൽക്കൂര, ഫർണ്ണിച്ചർ തുടങ്ങി എല്ലാ ആവശ്യങ്ങൾക്കും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

കോൺക്രീറ്റ് കട്ടിള, ജനലുകൾ, വെന്റിലേറ്ററുകൾ എന്നിവയും ഉപയോഗപ്പെടുത്താവുന്നതാണ്.

ഇവയുടെ നിർമ്മാണം സ്റ്റാന്റേഡൈസ് ചെയ്താൽ എല്ലാ വീടുകൾക്കും ആവശ്യമായ വസ്തുക്കൾ ഒരേ അളവിൽ ഒരേ കേന്ദ്രത്തിൽ നിർമ്മിച്ച് എത്തിച്ചുകൊടുക്കാവുന്ന ഒരു പദ്ധതി തയ്യാറാക്കുകയാണെങ്കിൽ പഞ്ചായത്തിൽ തൊഴിലന്വേഷകരായ ചെറുപ്പക്കാർക്ക് ആശ്വാസകരമായിരിക്കും.

ഇഷ്ടിക (സിമന്റ്), ഇഷ്ടിക (ചുടുകട്ട), മരഉരുപ്പടികൾ, ഓട് എന്നിവ മൊത്തമായി ശേഖരിച്ച് ആവശ്യക്കാർക്ക് എത്തിച്ച് പ്രവർത്തികൾ ചെയ്തുകൊടുക്കുന്ന വിപുലമായ തൊഴിൽ മേഖലയും വികസിപ്പിക്കാനാകും.

പ്രവൃത്തിയുടെ മൂലധനവും ചിലവും കുറക്കുന്നതിനായി തറനിരപ്പാക്കൽ, ചാലെടുക്കൽ, തറകെട്ടിയശേഷം മണ്ണുനിറക്കൽ, കലക്കൽ, ഇഷ്ടിക, മണൽ, ഓട്, തടി എന്നിവ റോഡിൽനിന്നും സ്ഥലത്ത് എത്തിക്കൽ തുടങ്ങിയ കാര്യങ്ങൾ ഓരോ ഗുണഭോക്താക്കളും കൂലികൊടുക്കാതെ ചെയ്യുന്നത് നന്നായിരിക്കും.

നല്ല കെട്ടിടനിർമ്മാണത്തിന് വൈദഗ്ധ്യമുള്ള തദ്ദേശീയരായ ധാരാളം ആളുകൾ നമുക്കുണ്ട് എങ്കിലും ഈ രംഗത്ത് തമിഴ്നാട്ടുകാരും ധാരായമായുണ്ട്. ഒരു വിദഗ്ധ തൊഴിലാളി 125 രൂപമുതൽ 150 രൂപവരെ ദിവസ വേതനം പറ്റുന്നു. മുൻവർഷത്തേതിന്റെ 50% കൂടുതലാണ്.

കോൺക്രീറ്റ് വീടുകൾക്ക് പ്രിയം ഏറിവരുന്നുണ്ട്.

ഇവ പകുതിയോളം കരാർ അടിസ്ഥാനത്തിലും ബാക്കി ഉടമസ്ഥൻ ദിവസക്കൂലി അടിസ്ഥാനത്തിലും ചെയ്യിപ്പിക്കുകയാണ് പതിവ്. സാങ്കേതിക പരീക്ഷാ യോഗ്യതയുള്ളവർ പരിമിതമായതിനാൽ നിർമ്മാണത്തിന്റെ മേൽനോട്ടത്തിന് നേതൃത്വം കൊടുക്കാൻ കഴിയുന്നില്ല. ഇതുമൂലം കെട്ടിടങ്ങളുടെ ഗുണമേൻമ കുറയാൻ ഇടവരുന്നു. നിർമ്മാണ സാമഗ്രികളും പാഴായിപ്പോകുന്നു. ഈ രംഗത്ത് തനതായ ഹൗസിംഗ് സഹകരണ സംഘം ഇല്ലാത്തതിനാൽ അതിന്റെതായ പ്രയാസങ്ങളും നേരിടുന്നു.

സാദ്ധ്യതകൾ

കരിങ്കൽ ക്വാറികളിൽ കഴിയുന്നത്ര യന്ത്രവൽക്കരണം നടത്തി ക്രഷർ മെറ്റൽ, പാറപ്പൊടി, ജല്ലി, കോൺക്രീറ്റിനുള്ളതും, റോഡ്, തറ എന്നിവയ്ക്കുള്ള മെറ്റലുകൾ എന്നിവ ഉണ്ടാക്കാൻ പദ്ധതി. മേൽത്തരം സിമന്റ് ഇഷ്ടികകൾ നിർമ്മിക്കുന്നതിനും അനുബന്ധ പദ്ധതികൾ.

ആലത്തൂർ, ചിറ്റൂർ, പാലക്കാട് താലൂക്കുകളിലെ പരമ്പരാഗത രീതി നിലനിർത്തിക്കൊണ്ട് ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാം. ചവിട്ടിക്കുഴച്ച് ഉറച്ച തറ (ചുമരിൽ നിന്നും രണ്ടടി തള്ളിനിൽക്കുന്നത്) ഇവയ്ക്ക് ചുറ്റും കല്ലു കെട്ടിയാൽ പുറംതിണ്ണയാക്കാം.

മണലും 10% സിമന്റും ചേർത്ത് ഉണ്ടാക്കുന്ന 12 x 6 x 4 ഇഞ്ച് അളവിലുള്ള ഇഷ്ടികകൊണ്ട് രണ്ടടി ചുമർ നിർമ്മിക്കുക. ചിതൽശല്യം എലിശല്യം എന്നിവ നേരിടാനാകും.

മണ്ണും 4% സിമന്റും ചേർത്ത് ഉണ്ടാക്കുന്ന 12 x 6 x 4 ഇഞ്ച് അളവിലുള്ള ഇഷ്ടികകൾ കൊണ്ട് ചുമർ നിർമ്മിക്കാം (ഇന്ത്യൻ ഗ്രാമീണ സാങ്കേതിക ഗവേഷണകേന്ദ്രം :IRTDC നിർദ്ദേശം : അവലംബം). ഈ ചുമരുകൾ തേക്കാതെതന്നെ വെള്ളപൂശാം. കോൺക്രീറ്റ് നിർമ്മിത ഉപകരണങ്ങൾ (കട്ടിള, ജനൽ) ഒരേ മാതൃകയിൽ നിർമ്മിച്ച മേൽക്കൂരകൾ എന്നിവ ഉപയോഗിക്കാം.

പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സംഘം ആരംഭിക്കണം. ഇതിൽ വിദഗ്ധരായ തൊഴിലാളികൾ, സാങ്കേതിക വിദഗ്ധർ, തുടങ്ങിയവർക്ക് അംഗത്വം നൽകണം. സാധാരണക്കാർക്കും ഇടത്തരക്കാർക്കും വായ്പ നൽകണം. ചെലവുകുറഞ്ഞ ഭവനനിർമ്മാണശൈലി പ്രോത്സാഹിപ്പിക്കുക.

സ്വന്തമായി സ്ഥലമില്ലാത്തവർക്ക് സ്ഥലം കണ്ടെത്തി ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകി പഞ്ചായത്ത് മേൽനോട്ടം വഹിച്ച് നടത്തണം.

സ്വന്തമായി സ്ഥലമുള്ളവർക്ക് ഭവനിർമ്മാണത്തിന് ഗ്രാന്റ് ലഭ്യമാക്കണം.

സൗകര്യപ്രദമായ സ്ഥലത്ത് ഫ്ലാറ്റുകളും ആകാം.

സ്ഥലം വാങ്ങുന്നതിനും വീട് റിപ്പയർ ചെയ്യുന്നതിനും സഹായം നൽകണം.

ലക്ഷംവീടുകൾ ഭൂരിഭാഗവും ഇപ്പോൾ യഥാർത്ഥ ഗുണഭോക്താക്കൾ അല്ല ഉപയോഗിച്ചുവരുന്നത്. ഇതിന് പട്ടയം നൽകിയാൽ സ്വന്തമായി വീടുണ്ടാക്കാൻ കഴിഞ്ഞേക്കും.

കൂലിക്വാർട്ടേഴ്സുകളിൽ വസിക്കുന്നവർക്ക് പ്രത്യേക ഭവനപദ്ധതികൾ അവരുടെ സഹായത്തോടെ നടപ്പാക്കാൻ കഴിയും. സ്ഥലം PWD- യിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് മുൻകയ്യോടെ നടപ്പാക്കാവുന്നതാണ്.

പുറംപോക്ക് നിവാസികൾക്ക് യുക്തമായ പദ്ധതി തയ്യാറാക്കണം.



സാമൂഹ്യക്ഷേമം

ചരിത്രപശ്ചാത്തലം

ഏറെ പണ്ടുകാലം മുതൽതന്നെ ജൻമിമാർ കിടപ്പാടമില്ലാത്തവർക്ക് ഇതിനാവശ്യമായ സ്ഥലവും ആവശ്യമായ സാമഗ്രികളും കൊടുത്തിരുന്നു. ഇങ്ങനെ സ്ഥലം കൊടുക്കുന്നതിനെ "തറികുത്തി അവകാശം" എന്നാണ് പറഞ്ഞിരുന്നത്. ഇന്ന് നിലവിലുള്ള തറകൾ എന്നറിയപ്പെടുന്ന പ്രദേശങ്ങിലെ മിക്ക വീടുകളും ഈ തരത്തിൽ കിട്ടിയവയാണ്. നാട്ടുവൈദ്യൻമാർ മിക്കവരും സൗജന്യമായിട്ടാണ് മരുന്നുകൾ നൽകിയിരുന്നത്. വിഷചികിത്സയ്ക്ക് പ്രതിഫലം വാങ്ങുന്നത് പാപമാണ് എന്ന കാഴ്ച്ചപ്പാടും നിലവിലുണ്ടായിരുന്നു.

പഞ്ഞമാസങ്ങളിൽ ജന്മി കുടുംബങ്ങൾ പാവങ്ങൾക്ക് "കഞ്ഞിപാർച്ച" നടത്തിവന്നിരുന്നത് അക്കാലത്ത് ദരിദ്രർക്ക് ഒട്ടേറെ ആശ്വാസം പകരാൻ ഇടയായിട്ടുണ്ട്. ചില കർഷക കുടുംബങ്ങൾ നിർദ്ധനരുടെ കുട്ടികൾക്ക് അത്താഴം നൽകൽ, ഓണം, വിഷു, പൊങ്കൽ തുടങ്ങിയ വിശേഷാവസരങ്ങളിൽ തലയിൽ തേക്കാൻ എണ്ണ, പുതുവസ്ത്രങ്ങൾ, കഞ്ഞി തുടങ്ങിയവയും നൽകിയിരുന്നു. കളരിയാശാൻമാരെ കൊണ്ടുവന്ന് വീടുകളിൽ താമസിപ്പിച്ച് കലകളും എഴുത്തും പഠിപ്പിച്ചിരുന്നു.

ഐക്യ കേരളത്തിലെ ആദ്യ മന്ത്രിസഭ രൂപംകൊണ്ടതോടെ ജന്മിത്വത്തിന്റെ കരാളഹസ്തങ്ങളിൽ കിടന്ന് വീർപ്പുമുട്ടിയിരുന്ന അടിയാൻമാർക്കും കുടിയാൻമാർക്കും പുതുജീവൻ വെച്ചു. ഇതിന് മുൻപേ തന്നെ സാമൂഹ്യ മാറ്റത്തിനായുള്ള സംഘടനാ പ്രവർത്തനങ്ങൾ ഗ്രാമങ്ങളിൽ വ്യാപിച്ചുതുടങ്ങിയിരുന്നു.

ഭൂപരിഷ്ക്കരണ ഓർഡിനൻസ് വന്നതോടെ കർഷകർക്കും കുടികിടപ്പുകാർക്കും ഇടയിൽ ആവേശകരമായ ഒരു മുന്നേറ്റത്തിന് കരുത്ത് ലഭിച്ചു. തുടർന്ന് സർക്കാർ തന്നെ ഒട്ടേറെ സാമൂഹിക ക്ഷേമകരമായ കാര്യങ്ങൾക്ക് മുൻകൈ എടുത്ത് നടപ്പാക്കി.

യുദ്ധകാലത്ത്മാത്രം കൺട്രോൾ വിലയ്ക്ക് ചില നിത്യോപയോഗ വസ്തുക്കൽ നൽകിവന്നിരുന്നു. ഈ സ്ഥിതി മാറി റേഷൻ സമ്പ്രദായം ഏർപ്പെടുത്തി. ഇന്നും ഇത് തുടരുന്നു. അക്കാലങ്ങളിൽ കേന്ദ്രഗവൺമെന്റ് ജീവനക്കാർക്ക് മാത്രമായിരുന്നു പെൻഷൻപദ്ധതി. ഇത് സംസ്ഥാന ഗവർമെന്റ് ജീവനക്കാർക്കും ബാധകമാക്കി.

ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പുതിയ സ്ക്കൂളുകൾ, ആശുപത്രികൾ എന്നിങ്ങനെ ഒട്ടേറെ പദ്ധതികൾ നടപ്പാക്കി.

സാമൂഹ്യപുരോഗതി ലക്ഷ്യംവെച്ച് ആദ്യകാലത്ത് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പദ്ധതിയും പിന്നീട് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസും സ്ഥാപിച്ചു.

കുടിവെള്ളത്തിനായി കിണറുകൾ, റോഡുകൾ, കലുങ്കുകൾ, സ്ക്കൂൾ-ആശുപത്രി കെട്ടിടങ്ങൾ, നല്ല തൊഴുത്തുകൾ, ബാലവാടികൾ, വയോജന വിദ്യാഭ്യാസ പദ്ധതികൾ തുടങ്ങി ഒട്ടേറെ പദ്ധതികൾ നടപ്പാക്കിത്തുടങ്ങി. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സാമൂഹിക പുരോഗതി ലക്ഷ്യംവെച്ച് ഇതിനായി മാത്രം മന്ത്രാലയങ്ങൾ, ഡയരക്ട്രേറ്റുകൾ എന്നിവയും ഇവയുടെ നിയന്ത്രണത്തിൽ ഒട്ടേറെ ഏജൻസികളും തുടങ്ങി. RLEGP, NREP, DWCRA തുടങ്ങിയവ ഇതിൽ ചിലതുമാത്രമാണ്. അഗതി പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തയക്കുന്നതിനുള്ള ധനസഹായം, കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം തുടങ്ങി വളരെ വിപുലമായ തോതിൽ ഈ പ്രവർത്തനം എത്തിയിട്ടുണ്ട്. കൂടാതെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, ആർട്ടിസ്സാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ, പട്ടികജാതി-വർഗ്ഗ വികസന കോർപ്പറേഷൻ തുടങ്ങിയവയും വ്യത്യസ്ഥ തൊഴിലുകളുമായി ബന്ധപ്പെട്ട് നിലവിൽവന്നു. ഇവയും പ്രവർത്തനം നടത്തിവരികയാണ്.

ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും വേണ്ടി ഒട്ടേറെ പദ്ധതികൾ നടപ്പിലുണ്ട്. സൗജന്യഭവന പദ്ധതി, കറവമാടുകൾ, കക്കൂസ്, കുടിവെള്ളം, തൊഴിലുകൾക്ക് സഹായം, കാർഷിക വികസനത്തിന് പദ്ധതി തുടങ്ങി ഒട്ടേറെയാണ്. ഇവയെല്ലാം സാമൂഹിക മാറ്റങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്.

പഞ്ചായത്ത് മേൽനോട്ടത്തിൽ ജെ.ആർ.വൈ, ഇന്ദിരാ ആവാസ് യോജന ഭവനപദ്ധതി, രാജീവ് ദശലക്ഷം ഭവനപദ്ധതി, ട്രൈസം, വനിതകൾക്ക് DWCRA, IRDP പദ്ധതി എന്നീ കേന്ദ്രപദ്ധതികളും സംസ്ഥാന സർക്കാർ നൽകുന്ന ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് വിവിധ പദ്ധതികളും വിവിധ പെൻഷൻപദ്ധതികൾ, ESP കക്കൂസ് നിർമ്മാണം എന്നിവയും പഞ്ചായത്തിന്റെ സ്വന്തം ഫണ്ട്

ഉപയോഗിച്ച് സ്ക്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം ഓലപ്പുര കെട്ടിമേയൽ, ചെറിയ റോഡുകളുടെ പണികൾ, കിണറുകൾ, ഗ്രന്ഥശാലകൾക്ക് സഹായം തുടങ്ങിയ എണ്ണമറ്റ പ്രവർത്തനങ്ങൾ ഈ രംഗത്ത് നടപ്പാക്കി വരുന്നു.

മഹിളാസമാജങ്ങൾ

ഏഴ് മഹിളാസമാജങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇവരുടെ സേവനസന്നദ്ധമായ പ്രവർത്തനങ്ങളിലൂടെ സാധാരണക്കാർക്കും നിർദ്ധനകുടുംബങ്ങൾക്കും വിവിധ ഏജൻസികളിലൂടെ ആശ്വാസം എത്തിക്കുന്നു. അംഗൻവാടികളോട് ബന്ധപ്പെട്ട സമാജങ്ങൾ കാര്യക്ഷമമാക്കാൻ ശ്രമിക്കണം. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നാല് വയസിൽ താഴെയുള്ള കുട്ടികൾ എന്നിവരെ കണ്ടെത്തി ഇവർക്കാവശ്യമായ പ്രതിരോധകുത്തിവെയ്പ്, ശുചിത്വം, ആരോഗ്യപ്രശ്നങ്ങൾ തുടങ്ങി, നമ്മുടെ സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്നവർക്കുവേണ്ടി ചെയ്യാവുന്ന ധാരാളം പ്രവർത്തനങ്ങൾ മുൻഗണന നൽകി നടത്താവുന്നതാണ്.

പ്രശ്നങ്ങൾ

▲ പദ്ധതികൾക്ക് ഏകീകരണമില്ല.
▲ ഫണ്ടിന്റെ കുറവ്.
▲ ആനുകൂല്യങ്ങൾ പലതും അനർഹർ പറ്റുന്നു.
▲ ഉദ്യോഗസ്ഥ തലത്തിലെ അഴിമതി.
▲ സർക്കാർ നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞത.
▲ മേൽനോട്ടത്തിന്റെ അഭാവം.
▲ പദ്ധതികൾ വൈകി തയ്യാറാക്കപ്പെടുന്നു.
▲ ആസൂത്രണ വൈകല്യം.

സാദ്ധ്യതകൾ

▲ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പദ്ധതികൾ പഞ്ചായത്തുമുഖേന (ഏകജാലക സമ്പ്രദായം) നടപ്പാക്കണം.
▲ സാമൂഹ്യ സേവന പദ്ധതികൾക്കുള്ള സർക്കാർ ധനസഹായം വർദ്ധിപ്പിക്കുക.
▲ പഞ്ചായത്ത് ജനകീയ സമിതികൾ തയ്യാറാക്കുന്ന മുൻഗണനാലിസ്റ്റ് അടിസ്ഥാനപ്പെടുത്തി അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തണം.
▲ തെരഞ്ഞെടുക്കപ്പെട്ട സമിതിക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്ന ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം.
▲ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള പരിപാടി.
▲ വിവിധ പദ്ധതികളെപ്പറ്റി പൊതുജനങ്ങൾക്ക് അറിവ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ അപ്പപ്പോൾ പഞ്ചായത്ത് നടപ്പാക്കണം.
▲ ഗുണഭോക്താക്കളും പ്രാദേശിക സാദ്ധ്യതകളും കണക്കിലെടുണ്ടുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യണം.

നടപ്പ് പദ്ധതികൾ

നമ്പർ	പദ്ധതിയുടെ പേര്	അനുവദിച്ച തുക	റിമാർക്സ്
1.	പൂതംകുഴിറോഡ് സൈഡ്കെട്ടാൻ	20000	
2.	പൂതംകോട് കൽവർട്ട്	15000	
3.	കടമ്പായി അറുതല റോഡ്	30000	
4.	ആശുപത്രി റോഡ്	30000	
5.	പടിത്തലക്കുളം പാലറോഡ് റീടാറിംഗ്	40000	
6.	കുന്നുപറമ്പ്പാലം	40000	
7.	പയ്യാറോഡ് ടാറിംഗ്	42000	
8.	ആന്തൂർ കുളമ്പ് കിണർ	25000	
9.	ഒലിങ്കടവ് എസ്.സി	30000	
10.	കൊരക്കാലി റോഡ്	90000	
11.	കിഴക്കേപാറക്കൽ കിണർ	25000	
12.	തെക്കേക്കാട് കിണർ	25000	
13.	തെക്കേക്കാട് റോഡ് എസ്.സി	25000	
14.	കിഴക്കുമുറി കുന്നൻകാട്റോഡ്	25000	

നടപ്പ് പദ്ധതികൾ

മുൻപേജിൽ നിന്നും തുടർച്ച....

15.	ഒടുകൂർ ലക്ഷം വീട് എസ്.സി	30000	
16.	ഒടുകൂർ അംഗൻവാടി എസ്.സി	25000	
17.	കോഴിമുട്ടത്തറ ഹരിജൻറോഡ്	25000	
18.	കറാംപാടം കിണർ	25000	
19.	ചേറുംകോട് കുഴൽകിണർ	30000	
20.	കോഴിമുട്ടപ്പറമ്പ് കിണർ	25000	
21.	പൂതംകോട് വാട്ടർ സ്കീം	200000	
22.	വണ്ടാഴി മൃഗാശുപത്രി കെട്ടിടം റിപ്പയർ	20000	
23.	പഞ്ചായത്ത് കിണറുകൾ റിപ്പയർ	30000	
24.	തണ്ടലോട് കുഴൽകിണർ	25000	
25.	വെയിറ്റിംഗ്ഷെഡ് റിപ്പയർ	15000	
26.	പടിഞ്ഞാറെത്തറ അംഗൻവാടി റിപ്പയർ	15000	
27.	പടിഞ്ഞാറെത്തറ കിണർ	25000	
28.	കുന്നുപറമ്പ് കിണർ	25000	
29.	കറാംപാടം കിണർ	25000	
30.	കുന്ന്പറമ്പ് പാലം	35000	
31.	പഞ്ചായത്ത് ഓഫീസ് റിപ്പയർ & ഫർണ്ണീച്ചർ റാങ്കിങ്	70000	
32.	പടുത്തലക്കുളം-പാലറോഡ് ഘഘങ്ക	79800	തുടങ്ങി
33.	തെക്കുംഞ്ചേരി റോഡ്	100000	"
34.	കല്ലാനക്കര റോഡ്	175000	"
35.	പൊൻകണ്ടം മംഗലാംറോഡ്	100000	"
36.	മുടപ്പല്ലൂർ - പുന്നപ്പാടം റോഡ്	60000	"
37.	ഹരിജൻ - കക്കൂസുകൾ. 20	50000	"
	ആകെ	1621800	ലക്ഷം

സാമൂഹ്യക്ഷേമം

കക്കൂസ്

1.	സെപ്റ്റിക്ക് ടാങ്ക്	663
2.	ഇ.എസ്.വി.ടൈപ്പ്	436
3.	മറ്റുള്ളവ	688
	ആകെ	1787

സ്ഥായിയായ രോഗമുള്ളവർ

1.	അന്ധർ	27
2.	മൂകർ	38
3.	ബധിര മൂകർ	13
4.	ചലനവൈകല്യമുള്ളവർ	157
5.	മന്ദബുദ്ധികൾ	43
6.	ഹൃദ്രോഗം, ക്ഷയം, ക്യാൻസർ, ഷുഗർ, വാതം	442
	ആകെ	720

രേഖാംശകടകം

SL. NO.	ARD_NO	NE	E	അളവ്	മൊത്തം	ശരാശരി	അളവ്	അറിയുന്നു	ഗോതമ്പ്	വില	തൊഴിലാളി	കൂലി	ആകെ ചെലവ്	ലാഭം	ആകെ വരവ്
1	26	147	265	412	1775	394	2169	720	100	2	10	120	14	1680	19920
2	82	289	258	547	2348	461	2809	1424	240	11	32	122	29	3480	24632
3	135	201	198	399	1734	323	2057	1000	300	5	20	110	16	1980	16800
4	27	362	253	615	2666	557	3223	1350	384	7	27	168	45	4320	27000
5	29	327	222	549	2669	535	3204	2832	288	8	30	168	21	2616	24948
6	173	139	168	307	1121	284	1605	1404	240	6	20	90	36	4320	12372
7	28	230	212	442	2088	409	2497	2124	240	5	25	132	33	3816	18086
8	86	531	257	788	3578	684	7840	4056	120	12	60	384	16	1800	37548
9	136	476	120	596	2543	535	5621	2916	120	12	60	276	14	1680	31440
10	166	290	29	319	1199	318	2716	1200	60	12	60	108	1	180	18096

62-ൽ നിന്നും തുടർച്ച...

▲ അംഗൻവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുഞ്ഞുങ്ങൾക്ക് ആവശ്യമായ കളിക്കോപ്പുകൾ ഇല്ലാത്ത അവസ്ഥ. സ്വന്തമായി കെട്ടിടം ഇല്ലാത്തവയുടെ ശോചനീയാവസ്ഥ. പോഷകാഹാരങ്ങൾ സമയത്ത് എത്തിച്ചുകൊടുക്കുന്നതിൽ വരുന്ന അനാസ്ഥ. ആരോഗ്യ പരിപാലനകാര്യങ്ങളിൽ ഇന്നത്തേതിൽ നിന്നും വിഭിന്നമായി ഉത്തരവാദിത്ത്വ പൂർണ്ണമായ പ്രവർത്തനം ആവശ്യമാണ്. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ കൂടുതൽ അംഗൻവാടികൾ ഏർപ്പെടുത്തിക്കൊണ്ട് സാമൂഹ്യമായ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ വിപുലമായ പദ്ധതി വേണം. സാധാരണക്കാർക്കായി നിരവധി കാര്യങ്ങൾ ആവിഷ്ക്കരിച്ചുനടപ്പാക്കാൻ കഴിയേണ്ട ഒരു മേഖലയാണിത്. ഇന്ന് നമ്മുടെ നാട്ടിൽ വ്യാപിച്ചുവരുന്ന കോളറ, മലമ്പനി, കുഷ്ഠം, ക്ഷയം തുടങ്ങി ഒട്ടനവധി രോഗങ്ങൾ നിയന്ത്രിക്കുന്നതിന് കർമ്മപരിപാടികൾ ആവശ്യമാണ്. നമ്മുടെ കമ്പോളപരിസരങ്ങൾ, കോളനികൾ, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ധാരാളം ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വത്തിന്റെ കുറവ് പകർച്ചവ്യാധികൾ പടരുന്നതിനിടയാക്കുന്നതായി കണ്ടുവരുന്നു. ഹോട്ടലുകളിലെ ശുചിത്വമില്ലായ്മ മൂലം പല രോഗങ്ങൾ പകരുന്നതിന് സാദ്ധ്യതയുണ്ട്. ഇവയ്ക്കെതിരെ കർമ്മപദ്ധതികൾ ഉണ്ടാവണം. കൊതുക് നിവാരണം പ്രധാനമായും പഞ്ചായത്ത് ഏറ്റെടുക്കണം. കോളനികളിൽ പരിസരശുചിത്വം നിർബന്ധമാക്കണം. ഇതിനായി ആരോഗ്യപ്രവർത്തകർ വീടുകൾ കയറിയിറങ്ങി ബോധവൽക്കരണം നടത്തണം. പഴകിയ ഭക്ഷണം ഉപയോഗിക്കുന്നത് തടയണം. കക്കൂസ് ഇല്ലാത്തവർ വഴിയോരങ്ങളിൽ നടത്തുന്ന മലമൂത്ര വിസർജ്ജനം നിർത്തലാക്കണം. സൗജന്യ കക്കൂസ് എല്ലാവർക്കും ഏർപ്പെടുത്തണം. വ്യക്തികളുടെ ശുചിത്വവും പ്രോത്സാഹിപ്പിക്കണം. കാലവർഷം എത്തിയാൽ ഒറ്റപ്പെട്ടുപോകുന്ന തളികക്കല്ല് ആദിവാസി കേന്ദ്രത്തിലും അതീവശ്രദ്ധയോടെയുള്ള പ്രവർത്തനം ആവശ്യമാണ്.

▲ കുളിക്കുന്നതിനും കുടിക്കുന്നതിനും ഉപയോഗിക്കുന്ന വെള്ളം ശുദ്ധമാണെന്ന് ഉറപ്പ്വരുത്തി നൽകണം. കുളിക്കടവുകൾ, കുളങ്ങൾ, പുഴയിൽ പടവുകൾ എന്നിവ നിർമ്മിച്ച് നൽകാം. കിണറുകൾ ക്ലോറിൻ ഇട്ട് വേനൽക്കാലങ്ങളിൽ അണുബാധ തടയാം. കിണറുകൾ ഇല്ലാത്ത ഇടങ്ങളിൽ കിണറുകൾ കുഴിച്ചുനൽകാം.

▲ കായിക വിനോദങ്ങൾക്ക് കളിസ്ഥലങ്ങൾ, ക്ലബ്ബുകൾ, മിനിസ്റ്റേഡിയം, മംഗലംഡാമിനോടനുബന്ധിച്ച് പാർക്ക് എന്നിവ നിർമ്മിച്ചുനൽകാവുന്നതാണ്. വിദേശികളും സ്വദേശികളുമായ സഞ്ചാരികൾക്ക് വേണ്ടി ടൂറിസം വികസന സാദ്ധ്യത ധാരാളമുണ്ട്. നയനമനോഹരമായ മംഗലംഡാം, പരിസര മലയോര ഗ്രാമങ്ങൾ എന്നിവിടങ്ങളിൽ വൻ വികസന പദ്ധതികൾക്ക് സാദ്ധ്യത ഏറെയുണ്ട്.

▲ റിസർവോയറിൽ ബോട്ടിംഗ് തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ചെയ്യാനാകും. കെ.ടി.ഡി.സി യുടെ ഒരു ഹോട്ടൽ പ്രൊജക്ടും നടപ്പാക്കാനാകും. കാരപ്പാറ, കുഞ്ചാർപതി, തളികക്കല്ല് തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തി കണ്ടക്ടഡ് ടൂർ പരിപാടികളും വനത്തിനുള്ളിൽ വനപഠന കേന്ദ്രം പോലുള്ള പദ്ധതികളും നടപ്പാക്കാം.

▲ മംഗലംഡാം ടൗണിൽ ബസ്സ്റ്റാന്റിനോട് അനുബന്ധമായി ഷോപ്പിംഗ് സെന്ററും സൗകര്യപ്രദമായ ഗസ്റ്റ്ഹൗസും നിർമ്മിക്കാനാകും. ഇതിന്റെ അനുബന്ധമായി കംഫർട്ട് സ്റ്റേഷനും നിർമ്മിക്കാവുന്നതാണ്.

▲ പ്രായമായിവരുന്ന അനാഥർക്കും അശരണർക്കും വേണ്ടി വൃദ്ധമന്ദിരങ്ങൾ, അബലാമന്ദിരങ്ങൾ എന്നിവയും പൊതുശ്മശാനവും നിർമ്മിച്ചുനൽകാവുന്നതാണ്. കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നിരവധി പദ്ധതികൾ സംയോജിപ്പിച്ച് നടപ്പാക്കണം.

▲ പഞ്ചായത്തിൽ ശവം മറവ് ചെയ്യുന്നതിന് പൊതുശ്മശാനങ്ങൾ ഇപ്പോൾ ചില പ്രത്യേകവിഭാഗം ജനങ്ങൾക്കു മാത്രമേ ഉള്ളൂ. വിലേജിൽ ഓരോ ആധുനിക സൗകര്യങ്ങളോട് കൂടിയ പൊതു ശ്മശാനങ്ങൾ നിർമ്മിച്ച് നൽകണം.

▲ കല്ല്യാണമണ്ഡപങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് മുടപ്പല്ലൂരിലും മംഗലംഡാമിലും കല്യാണ മണ്ഡപം നിർമ്മിക്കാവുന്നതാണ്. വിനോദ ഉപാധികളുടെ കുറവ് നികത്തുന്നതാനായി ഒരു സിനിമാ തിയറ്റർ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആരംഭിക്കണം.

നിർദ്ദേശങ്ങൾ

▲ ഒരു വാർഡിൽ 2 എന്ന തോതിൽ അംഗനടാടികൾ തുടങ്ങണം

▲ മാസത്തിൽ ഒന്ന് എന്നനിലക്ക് ആരോഗ്യ പരിശോധനാ സംവിധാനം അംഗനവാടികൾ കേന്ദ്രീകരിച്ച് നടപ്പാക്കണം.

▲ പകർച്ചവ്യാധി നിയന്ത്രണത്തിന് സ്ഥിരമായ മൊബൈൽ ക്ലിനിക്ക് സംവിധാനം ഉണ്ടാവണം.

▲ വഴിയോരങ്ങൾ,കമ്പോളങ്ങൾ, കോളനിപരിസരങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ ജീപ്പ് കം ട്രെയിലർ സംവിധാനം ഉണ്ടാവണം.

▲ മംഗലംഡാമിൽ അനാഥമന്ദിരം, വണ്ടാഴിയിൽ അബലാ മന്ദിരം, മുടപ്പല്ലൂരിൽ വൃദ്ധമന്ദിരം എന്നിവ സ്ഥാപിക്കണം.

▲ മുടപ്പല്ലൂർ, വണ്ടാഴി, മംഗലംഡാം എന്നിവിടങ്ങളിൽ പൊതു കക്കൂസുകൾ ആരംഭിക്കണം.

▲ ജനങ്ങൾ കുളിക്കാൻ ഉപയോഗിക്കുന്ന എല്ലാ കടവുകളിലും കുളിക്കടവുകൾ നിർമ്മിക്കണം.

▲ മുടപ്പല്ലൂരിൽ പഴയ പഞ്ചായത്ത് ഓഫീസ് നിൽക്കുന്ന സ്ഥലത്തും മംഗലംഡാമിലും കല്യാണമണ്ഡപം നിർമ്മിക്കണം.

▲ വണ്ടാഴിയിൽ പഞ്ചായത്ത് വക സിനിമാ തിയേറ്റർ നിർമ്മിക്കുക.

▲ ഒടുകൂർ, ചന്ദനാംപറമ്പ്, പയ്യാറോഡ് എന്നിവിടങ്ങളിൽ പൊതുശ്മശാനങ്ങൾ നിർമ്മിക്കുക.

▲ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് മംഗലംഡാം, വണ്ടാഴി, മുടപ്പല്ലൂർ എന്നിവിടങ്ങളിൽ പ്രത്യേകം സ്ഥലം (അര ഏക്കർ വീതം) എടുക്കുക.

▲ എല്ലാ പാടശേഖരസമിതികൾക്കും ധാന്യസംഭരണ കേന്ദ്രങ്ങൾ നിർമ്മിച്ചുനൽകുക.

▲ മംഗലംഡാം ടൂറിസ്റ്റ് കേന്ദ്രമാക്കാൻ പദ്ധതി.

▲ കുഞ്ചാർപതി, തളികക്കല്ല് എന്നിവിടങ്ങളിൽ വന പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുക.


▲ പഞ്ചായത്ത് ഉടമസ്ഥതയിൽ ആംബുലൻസ് സൗകര്യം ഉണ്ടാക്കുക.

▲ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ റസ്റ്ഹൗസും ഭക്ഷണശാലയും സ്ഥാപിക്കുക.

▲ പഞ്ചായത്തിൽ ഒരു ട്രഷറി സ്ഥാപിക്കുക.

▲ മംഗലംഡാം ടൗണിൽ ബസ്സ്റ്റാന്റിനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.

വിവിധ ക്ഷേമപ്രവർത്തനങ്ങൾ 96



ക്രമനമ്പർ	വീടുകൾ	എണ്ണം	തുക
1.	ഹരിജൻ	32	505600
2.	മറ്റുള്ളവർ	28	442400
	ആകെ	60	948000

IRDP ലോണുകൾ 40 എണ്ണം

ക്രമനമ്പർ	കക്കൂസ്	എണ്ണം	തുക
1.	C.R.S.P. കക്കൂസ്	18	45000

സംസ്കാരം

കോഴിക്കോട് സാമൂതിരി രാജാവിന്റെ ആശ്രിതനായിരുന്ന പാലക്കാട് രാജാവിന്റെ കീഴിലായിരുന്നു ഈ പ്രദേശങ്ങളത്രയും. പാലക്കാട് രാജവംശത്തിന്റെ തായ്വഴിയിൽപ്പെട്ട നെല്ലിക്കൽഇടം ആയിരുന്നു ജൻമി കുടുംബം. ആ കാലഘട്ടത്തിൽ ഹിന്ദുമത, സവർണ്ണമേധാവിത്വം കൊടികുത്തി വാഴുകയായിരുന്നു. മനുഷ്യരെ ജാതിയുടേയും ഉപജാതിയുടേയും പേരിൽ തരംതിരിച്ചുനിർത്തിയിരുന്നു. തൊഴിലുകൾ പോലും ഈ അടിസ്ഥാനത്തിൽ നിലനിന്നിരുന്നു. കേരളപ്പിറവിക്കുശേഷവും പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശത്തെ ജനങ്ങൾ തമിഴ്നാടുമായുള്ള വ്യാപാരം, വ്യവസായം തുടങ്ങി മുൻപുണ്ടായിരുന്ന കുടുംബബന്ധങ്ങളും അഭംഗുരം തുടർന്നുവരുന്നു. ഇതുമൂലം തമിഴ്-മലയാളം സങ്കര സംസ്കാരം നിലനിൽക്കുന്നു. ജന്മിവാഴ്ചയുടെ അവസാന കാലഘട്ടങ്ങളിൽ പുറംനാടുകളിൽനിന്നും ഉണ്ടായ കുടിയേറ്റവും വ്യത്യസ്ഥ സംസ്കാരങ്ങളുടെ സമന്വയത്തിനിടയാക്കി. അടിയാന്മാരായിരുന്ന ഹരിജനങ്ങൾ, ആദിവാസി വിഭാഗക്കാരായ മലയർ തുടങ്ങിയവർ പ്രാചീനകാലം മുതൽ നടത്തിവരുന്ന കതിരുത്സവം, സവർണ്ണർ നടത്തിയിരുന്ന വേല തുടങ്ങിയവയും തമിഴ്വംശജരുടെ പൈതൃകകലാരൂപങ്ങളായ കുംഭക്കളി, പൊങ്കൽ തുടങ്ങിയ ആഘോഷങ്ങളും, തായ്പൂയം, നിറഉത്സവം തുടങ്ങിയ ആഘോഷങ്ങളും ഇപ്പോൾ എല്ലാ വിഭാഗങ്ങളുടേയും പൊതുവായ ആഘോഷങ്ങളുടെ ഭാഗമായി മാറിയിട്ടുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിദ്യാഭ്യാസത്തിന്റെ വെളിച്ചം പ്രസരിച്ചുതുടങ്ങിയതോടെ അപ്രത്യക്ഷമായിട്ടുണ്ട്. ജാതീയമായ വേർതിരിവ് ദൃശ്യമല്ല. അനുഷ്ഠാനങ്ങളുടെ കാര്യത്തിൽ എല്ലാജാതിക്കാർക്കും അവരവരുടേതായ പ്രത്യേകതകൾ ഉണ്ട്. പഴനി സുബ്രഹ്മണ്യ ക്ഷേത്രത്തിൽ പോകുന്നതിന്റെ ഭാഗമായി പയനം കിടക്കുന്ന രീതി നിലനിന്നിരുന്നു. കൊടുങ്ങല്ലൂരമ്മയുടെ ദർശനത്തിന് പോകുന്ന രീതി ഇപ്പോഴുമുണ്ട്. അഭിനയിച്ചിരുന്ന കലാരൂപങ്ങളിൽ പ്രധാനപ്പെട്ടവ ഹരിച്ചന്ദ്ര, അല്ലിറാണി, ആര്യമാല, പുറാട്ട്നാടകം എന്നിവയായിരുന്നു. ഓണത്തല്ല്, ഭരണിപ്പാട്ട്, മലമക്കളി, പുള്ളുവൻപാട്ട്, തോറ്റംപാട്ട് എന്നിവ ആചാരങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങളാണ്. ഈഴവാദ്യം, ചെണ്ട, നാദസ്വരം എന്നിവയായിരുന്നു പ്രധാന വാദ്യങ്ങൾ. ഇവ ഇപ്പോഴും നിലനിൽക്കുന്നു.

കായിക പരിശീലനക്കളരികളൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോഴും ഇതേ സ്ഥിതിതന്നെയാണ്. മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, കേരളകൗമുദി, മാധ്യമം, ദീപിക, ചന്ദ്രിക, മംഗളം എന്നീ മലയാള ദിനപത്രങ്ങളും ഹിന്ദു, ഇൻഡ്യൻ എക്സ്പ്രസ് എന്നീ ഇംഗ്ലീഷ് ദിനപത്രങ്ങളും, മാതൃഭൂമി, മലയാള മനോരമ, മംഗളം, ചിന്ത, ഇൻഡ്യാടുഡേ, എക്സ്പ്രസ്, കേരളശബ്ദം, കന്യക, വനിത, ഗൃഹലക്ഷ്മി, ബാലരമ, ബാലമംഗളം, തത്തമ്മ, ബാലഭൂമി, യൂറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി, നാന, രാഷ്ട്രദീപിക സിനിമ, ചിത്രഭൂമി എന്നീ വാരികകളും മാസികകളും പ്രചാരത്തിലുണ്ട്.

ടെലിവിഷൻ, റേഡിയോ, കേബിൾടിവി തുടങ്ങിയവ പ്രചാരത്തിലുണ്ട്. റേഡിയോ സർവ്വസാധാരണമാണ്. ടെലിവിഷൻ സ്ഥാപിച്ചിട്ടുള്ള ഒരു ഹരിജൻ കോളനി ഉണ്ട്.

ഗ്രന്ഥശാലകൾ

1. വണ്ടാഴിയിൽ ആദ്യമായി രൂപം കൊണ്ട ഗ്രന്ഥശാലയും വായനശാലയും പ്രഭാത് റീഡിംഗ് റൂം & ലൈബ്രറിയാണ്. 1956-ൽ തുടങ്ങി.
2. മുടപ്പല്ലൂർ പന്തപ്പറമ്പിൽ ആരംഭിച്ചിട്ടുള്ള പ്രഭാത് ഗ്രന്ഥശാല.
3. മംഗലംഡാമിലെ യംഗ് മെൻസ് പബ്ലിക്ക് ലൈബ്രറി. 1971-ൽ ആരംഭിച്ചു.
4. പഞ്ചായത്ത് ആഭിമുഖ്യത്തിൽ തുടങ്ങിയ ഗ്രന്ഥശാല. 1988-ൽ ആരംഭിച്ചു. ഏകദേശം അയ്യായിരത്തോളം ഗ്രന്ഥങ്ങളും പ്രധാനപ്പെട്ട ആനുകാലിക പ്രസിദ്ധീകരണങ്ങളും ഓരോ സ്ഥാപനങ്ങളിലും ലഭ്യമാണ്. 2500 ഓളം അംഗങ്ങൾ ഇവ പ്രയോജനപ്പെടുത്തുന്നു.

പ്രശ്നങ്ങൾ

- ടെലിവിഷൻ, സിനിമ എന്നിവ കുട്ടികളിൽ ഉണ്ടാക്കുന്ന ദൃഷ്യഫലങ്ങൾ.
- അന്ധവിശ്വാസ ജഡിലമായ കലാരൂപങ്ങൾ ഉത്സവങ്ങളോനുബന്ധിച്ച് അവതരിപ്പിക്കുന്നതുകൊണ്ടുള്ള പ്രശ്നം.
- കലാഭിരുചിയുടെ വികസനത്തിന് വേണ്ടത്ര സൗകര്യമില്ലാത്ത അവസ്ഥ.
- കളിസ്ഥലങ്ങളുടെ അപര്യാപ്തത.
- കലാകായിക രംഗത്ത് യുവാക്കളെ ക്രിയാത്മക

രമാക്കാൻ കഴിയാത്ത അവസ്ഥ.

കലാസാസ്കാരിക രംഗത്തെ പ്രസ്ഥാനങ്ങളുടെ കുറവ്.

നാടൻ കലാരൂപങ്ങളുടെ നാശം.

നാടൻപാട്ടുകൾ, ഗാനങ്ങൾ, കലാരൂപങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിച്ചുവെക്കാൻ കഴിയാത്ത അവസ്ഥ.

സാദ്ധ്യതകൾ

ടെലിവിഷൻ, സിനിമ എന്നിവ കുട്ടികളിൽ ദൃഷ്യഫലങ്ങൾ അതിശക്തമായി കടത്തിവിടുന്ന തരത്തിലാണ് ഇന്നത്തെ അവസ്ഥ. ഇത് തിരുത്തിയെടുക്കണം. മാധ്യമങ്ങളുടെ പരിപാടികൾ ഗുണകരമായി പുനരാവിഷ്ക്കരിക്കാവുന്നതാണ്. കുട്ടികളുടെ മസ്തിഷ്ക്ക വികസനത്തിനാവശ്യമായ പരിപാടികൾ പ്രക്ഷേപണം ചെയ്യാവുന്നതാണ്.

നഗ്നതാ പ്രദർശനം പോലുള്ള പരസ്യങ്ങളും പരിപാടികളും സെൻസർ ചെയ്യണം.

കാർഷിക, വ്യാവസായിക രംഗവുമായും കലാസാംസ്കാരിക രംഗവുമായും ബന്ധമുള്ള പരിപാടികൾ സമയ ബന്ധിതമായി അവതരിപ്പിക്കാം.

ചരിത്രപ്രാധാന്യമുള്ള പ്രാദേശിക കലാരൂപങ്ങൾക്ക് മുൻതൂക്കമുള്ള പരിപാടികൾ നടത്താം.

വായനശാലകൾ, ഗ്രന്ഥശാലകൾ, കലാകായിക സ്ഥാപനങ്ങൾ എന്നിവ വാർഡിൽ ഒന്ന് എന്നതോതിൽ തുടങ്ങാം.

നിലവിലുള്ള കലാസ്ഥാപനങ്ങൾക്ക് പഞ്ചായത്ത് സഹായത്തോടെ പുതുജീവൻ നൽകണം.

സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടിയുടെ തുടക്കം.

പഞ്ചായത്ത് ഗ്രന്ഥശാല മാസ്റ്റർ ഗ്രന്ഥശാലയാക്കി ഉയർത്തി മറ്റ് ഗ്രന്ഥശാലകളെ ഇതുമായി ബന്ധപ്പെടുത്തി ഓരോ ഗ്രന്ഥശാലയുടെയും പരിധിയിലുള്ള വീടുകളിൽ പുസ്തകങ്ങൾ സൗജന്യമായി എത്തിച്ചുകൊടുക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ചർച്ചാക്ലാസുകൾ, കലാകായിക സാംസ്കാരിക പരിപാടികൾ, മത്സരങ്ങൾ എന്നിവ നടത്താവുന്നതാണ്. ഇവയ്ക്ക് നേതൃത്വം മാസ്റ്റർ ഗ്രന്ഥശാലയായിരിക്കണം.

കാലഹരണപ്പെട്ടു പോയേക്കാൻ ഇടയുള്ള നാടൻപാട്ടുകൾ, താളിയോല ഗ്രന്ഥങ്ങൾ, ഐതിഹ്യങ്ങൾ എന്നിവ പഞ്ചായത്ത് ഗ്രന്ഥശാലയിൽ സംഭരിച്ച് സൂക്ഷിച്ചു വെക്കാനുള്ള സംവിധാനം.

നിർദ്ദേശങ്ങൾ

ഗ്രന്ഥശാലകൾ, കലാസമിതികൾ, മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിലവിലുള്ള ഗ്രാന്റിനുപുറമെ പഞ്ചായത്ത് പ്രത്യേകം ഗ്രാന്റ് നൽകണം.

പഞ്ചായത്തിൽ ഒന്നാം വാർഡിൽ പൊൻകണ്ടത്തും എട്ടാം വാർഡിൽ മാത്തൂരിലും പഞ്ചായത്ത് ഗ്രന്ഥശാലകൾ ആരംഭിക്കണം.

പഞ്ചായത്ത് സഹായത്തോടെ താഴെപറയുന്ന സ്ഥലങ്ങളിൽ വായനശാലകളും കലാസമിതികളും സ്ഥാപിക്കണം.

വാർഡ്	സ്ഥലം
2	കല്ലാനക്കര
3	ചിറ്റടി
4	നെല്ലിക്കോട്
5	കിഴക്കേത്തറ
6	തെക്കേക്കാട്
10	പയ്യാറോഡ്
11	ചല്ലുവടി
12	കുന്നുപറമ്പ്

എഴാം വാർഡിൽ ഒരു നൃത്ത, താള, വാദ്യ കലാകേന്ദ്രം തുടങ്ങണം.

ഒൻപതാം വാർഡിൽ ഒരു ജിംനേഷ്യം തുടങ്ങണം.

മംഗലംഡാമിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു മിനി സ്റ്റേഡിയം ആരംഭിക്കണം.

പഞ്ചായത്ത് തലത്തിൽ അത്ലറ്റിക്സ്, ഗെയിംസ് തുടങ്ങിയവയ്ക്ക് പരിശീലകനെ നിയോഗിക്കണം.

പഞ്ചായത്തിൽ പ്രചാരത്തിലുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ

പത്രങ്ങൾ		
മനോരമ	–	600
മാതൃഭൂമി	–	480
ദേശാഭിനാനി	–	125
ഇന്ത്യൻ എക്സ്പ്രസ്	–	30
ദീപിക	–	40
രാഷ്ട്രദീപിക	–	40
കൗമുദി	–	20
ജനയുഗം	–	5
ആകെ	–	**1330**

വാരികകൾ / മാസികകൾ

മനോരമ	–	1000
മംഗളം	–	600
മാതൃഭൂമി	–	60
ചിത്രഭൂമി	–	50
വനിത	–	150
ചിന്ത	–	35
കർഷകശ്രീ	–	50
കന്യക	–	20
മഹിളാരത്നം	–	30
ബാലരമ	–	120
ബാലമംഗളം	–	80
കളിക്കുടുക്ക	–	50
ബാലഭൂമി	–	100
മുത്തശ്ശി	–	60
കേരളശബ്ദം	–	30
നാന	–	50
വിവിധയിനം ചിത്രകഥകൾ	–	300
ആകെ	–	**2785**



വനിതാ ക്ഷേമം

പുരാണങ്ങളിലും ഇതിഹാസങ്ങളിലും സ്ത്രീകളെ ദേവതകളായും സൃഷ്ടികർത്താക്കളായും പ്രപഞ്ചത്തിന്റെ അമ്മയായും സങ്കൽപ്പിച്ച് ആരാധിച്ചിരുന്നു. ചരിത്രാതീത കാലത്തുമുതലേ സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനവും, അംഗീകാരവും ഉണ്ടായിരുന്നു.

ഏതു കഠിനമായ ജോലികളും ചെയ്ത് പുരുഷനോടൊപ്പമോ അതിനു മുകളിലോ തന്നെ കുടുംബത്തേയും സമൂഹത്തേയും സ്ത്രീ സംരക്ഷിച്ചു പോന്നിരുന്നു. കലാസാംസ്കാരിക രംഗങ്ങളിലും കായിക രംഗങ്ങളിലും മാത്രമല്ല, ഭരണ രംഗത്തും വൈദഗ്ധ്യം തെളിയിച്ച നിരവധി വനിതകൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഭാരതത്തിലും ജീവിച്ചിരുന്നു. ഏതൊരു സമൂഹത്തിന്റെയും പുരോഗതിയിൽ വളരെ നിർണ്ണായകമായ പങ്ക് സ്ത്രികൾ വഹിച്ചിരുന്നതായി ചരിത്രം പരിശോധിച്ചാലും കാണാൻ കഴിയും. കുടുംബത്തിന്റെ ഐശ്വര്യമായും, വീടിന്റെ വിളക്കായും സ്ത്രീകളെ ഇന്നും ചിലർ ആദരിക്കുന്നതുകൊണ്ടാണ്.

എന്നാൽ ആര്യൻമാരുടെ വരവോടുകൂടി ഭാരതത്തിൽ ന: സ്ത്രീ സ്വാതന്ത്യമർഹിനി, എന്നും സ്ത്രീ എല്ലാകാലത്തും പുരുഷന്റെയും സമൂഹത്തിന്റെയും അടിമയാണെന്നും കൽപ്പിക്കപ്പെട്ടു. പുരുഷമേധാവിത്വത്തിന്റെ ആരംഭമായിരുന്നു അത്. ഇന്ത്യയിലേക്ക് പിന്നീട് കടന്നുവന്ന മറ്റുമതങ്ങളും സ്ത്രീകളെ അബലകളെന്നു മുദ്രകുത്തി അവളുടെ അധികാരാവകാശങ്ങൾ നിഷേധിച്ചുകൊണ്ട് മുന്നോട്ട് പോയി. ചില മതങ്ങൾ സ്ത്രീകൾക്ക് വിദ്യാഭ്യാസവും തൊഴിലും നിഷിദ്ധമാണെന്നു കല്പിച്ചു.

ജന്മിത്വം അവസാനിച്ചതോടുകൂടി കാർഷിക വ്യാവസായിക രംഗങ്ങളിൽ മാറ്റവും, പുരോഗതിയുമുണ്ടായി. അതോടൊപ്പം സാമൂഹ്യസേവനമേഖലകളും വികസിക്കാൻ തുടങ്ങി. സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുടേയും, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയുമെല്ലാം പ്രവർത്തനഫലമായി സ്ത്രികൾക്ക് പഠിക്കുവാനും, പുതിയ തൊഴിലുകളിലേർപ്പെടാനും ഉള്ള അവസരങ്ങൾ ഉണ്ടായി. സമൂഹത്തിൽ സ്ത്രീകളുടെ പദവി മെച്ചപ്പെടാൻ തുടങ്ങി. പക്ഷേ സ്ത്രീകൾക്ക് നേരെയുള്ള ചൂഷണം പുതിയ രൂപത്തിൽ, ഭാവത്തിൽ വർദ്ധിച്ചുകൊണ്ടേയിരുന്നു.

ആധുനിക യുഗത്തിൽ മുതലാളിത്ത സാമൂഹ്യ വ്യവസ്ഥ സ്ത്രീയെ ഉപഭോഗവസ്തുവായി കണക്കാക്കി. സ്ത്രീകളുടെ ശരീരത്തെയും, സൗന്ദര്യത്തേയും പണമുണ്ടാക്കാനുള്ള ഉപാധിയാക്കി മാറ്റുന്ന അധമ സംസ്കാരം വളർന്നുവന്നു. സ്ത്രീകൾക്കിടയിലും സമൂഹത്തിലാകേയും ഒരു മാറാവ്യാധി പോലെ നിലനിൽക്കുന്ന ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും ഫലമായി വേശ്യാവൃത്തിയിലേക്കും കൂട്ട ആത്മഹത്യയിലേക്കും സ്ത്രീകൾ വലിച്ചിഴക്കപ്പെട്ടു. ലൈംഗിക പീഡനങ്ങളും ചൂഷണങ്ങളും അശ്ലീല പരസ്യങ്ങളും പെരുകി. സാമൂഹ്യ നീതിയുടെ കാര്യത്തിൽ സ്ത്രീകൾക്ക് എതിരായ വിവേചനം ഇപ്പോഴും തുടരുക തന്നെയാണ്. സർവ്വ രംഗങ്ങളിലും ഈ വിവേചനവും അവഗണനയും നമുക്ക് കാണാൻ കഴിയും.

പ്രശ്നങ്ങൾ

1. ദാരിദ്ര്യവും തൊഴിലില്ലായ്മയും
2. നിരക്ഷരതയും സാമൂഹ്യബോധമില്ലായ്മയും.
3. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും.
4. സ്ത്രീധനം.
5. ലൈംഗിക അജ്ഞത.
6. തുല്യതയില്ലായ്മ.
7. സ്ത്രീ സംവരണ നിയമങ്ങളുടെ അഭാവങ്ങളും പോരായ്മകളും.
8. സ്ത്രീപീഡനം.
9. മദ്യം, മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള പദാർത്ഥങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ.
10. വിധവകളുടെയും അനാഥകളുടെയും പ്രശ്നങ്ങൾ.
11. അവിവാഹിതകളായ അമ്മമാരുടെ പ്രശ്നങ്ങൾ.
12. അശ്ലീല മാധ്യമങ്ങളും പരസ്യങ്ങളും.
13. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ നഗ്നതാ പ്രദർശനം.
14. പുരുഷമേധാവിത്വം.

പട്ടിക 1

വനിത	–	18082
അമ്മമാർ	–	4631
വിദ്യാർത്ഥിനികൾ	–	3536
ഗർഭിണികൾ	–	217
വിധവ പെൻഷൻ കുടുംബാസൂത്രണം	–	248
സ്വീകരിച്ച സ്ത്രീകൾ	–	2518
തൊഴിലെടുക്കുന്ന സ്ത്രീകൾ	–	6910
ഉദ്യോഗസ്ഥ സ്ത്രീകൾ	–	189

നിർദ്ദേശങ്ങൾ

1. ദുർബല ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സൗജന്യമായി പോഷകാഹാരം വിതരണം ചെയ്യാൻ വേണ്ട നടപടി സർക്കാർ സ്വീകരിക്കുക. സ്ത്രീകൾക്ക് ചെയ്യാവുന്ന സ്വയംതൊഴിലുകളും കുടിൽവ്യവസായങ്ങൾ തുടങ്ങി ആടുമാടുകോഴി വളർത്തൽ പരിശീലന പരിപാടി സംഘടിപ്പിച്ച് പ്രോത്സാഹിപ്പിക്കുക.
2. സ്ത്രീ സാക്ഷരതാ തുടർ പരിപാടി സംഘടിപ്പിക്കുക. സ്ത്രീകളിൽ സാമൂഹ്യബോധം വളർത്തുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ബോധപൂർവ്വം സംഘടിപ്പിക്കുക.
3. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ ക്യാമ്പയിനുകൾ ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ജനങ്ങളെ ബന്ധപ്പെടുത്തി നടത്തുക. ശാസ്ത്രബോധവും കണ്ടുപിടുത്തവും ജനങ്ങളിൽ എത്തിക്കുവാൻ ശാസ്ത്ര സംഘടനകളെയും യുവജന സംഘടനകളെയും ഉപയോഗിക്കുക.
4. സ്ത്രീധന സമ്പ്രദായം അവസാനിപ്പിച്ച് സ്ത്രീകൾക്ക് കുടുംബസ്വത്തിൽ തുല്യമായ ഷെയർ അനുവദിച്ചുകൊടുക്കുക.
5. ലൈംഗിക വിദ്യാഭ്യാസം ശരിയായ രീതിയിൽ സ്ക്കൂൾതലം മുതൽ ആരംഭിക്കുക. സ്ത്രീ സംഘടനകളേയും ആരോഗ്യരംഗത്തെ പ്രവർത്തകരേയും ഉപയോഗപ്പെടുത്തി സ്ത്രീകൾക്ക് ലൈംഗിക വിദ്യാഭ്യാസം കൊടുക്കുക.
6. തുല്യസ്വത്ത്, തുല്യവേതനം, കൂടുതൽ തൊഴിലവസരങ്ങൾ എന്നിവ സൃഷ്ടിക്കുക.
7. സ്ത്രീകൾക്ക് സമൂഹത്തിൽ തുല്യത ലഭിക്കുന്നതിനുള്ള അടിസ്ഥാന നിയമനിർമ്മാണങ്ങൾ ഉണ്ടാക്കുക. ജനാധിപത്യ വേദികളിലും തെരഞ്ഞെടുപ്പുകളിലും സ്ത്രീകൾക്ക് പുരുഷനോടൊപ്പം തുല്യസംവരണം വേണം. വിവാഹങ്ങളെ സംബന്ധിച്ച് മതങ്ങളും ജാതികളും ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ പൊളിച്ചെഴുതി കാലോചിതമായി പരിഷ്ക്കരിക്കണം. സ്ത്രീകളെക്കുറിച്ച് സമൂഹത്തിനുള്ള തെറ്റായ ധാരണകൾ മാറ്റിയെടുക്കുന്നതിനുള്ള ബോധവൽക്കരണം നടത്തണം.
9. സമ്പൂർണ്ണ മദ്യവർജ്ജനത്തിനുള്ള ശക്തമായ ബോധവൽക്കരണം. ലഹരി പദാർത്ഥങ്ങളുടെ കർശനമായ നിയന്ത്രണം.
10. യൗവനത്തിൽ വിധവകളാകുന്നവരെ പുനർവിവാഹത്തിന് പ്രേരിപ്പിക്കുക. അതിനാവശ്യമായ സാമ്പത്തിക സഹായവും തൊഴിലുകളിൽ മുൻഗണനയും സർക്കാർ നൽകുക. വാർദ്ധക്യം ബാധിച്ച വിധവകൾക്ക് പെൻഷൻ കൊടുക്കുക. അനാഥർക്ക് തൊഴിലിൽ മുൻഗണനയും അനാഥമന്ദിരങ്ങളിൽ സംരക്ഷണവും നൽകുക.
11. അവിവാഹിതകളായ അമ്മമാർക്ക് വിവാഹത്തിനുള്ള സാമ്പത്തിക സഹായം നൽകുക. അവരുടെ കുട്ടികളെ സർക്കാർ ശിശുമന്ദിരങ്ങളിൽ സംരക്ഷിക്കുക.

12. അശ്ലീല മാധ്യമങ്ങളും പരസ്യങ്ങളും കർശനമായി നിരോധിക്കുക.
13. ടൂറിസ്റ്റുകേന്ദ്രങ്ങളിലെ നഗ്നതാ പ്രദർശനം നിയമം മൂലം നിരോധിക്കുക.
14. സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീകളെ ബോധപൂർവ്വം പങ്കാളികളാക്കുക.

പട്ടിക 2

വനിതകൾ മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

സ്ക്കൂളുകൾ (H.S-1, L.P-1)	2
ആശുപത്രി	1
കോളേജ് (പാരലൽ)	1
അംഗൺവാടികൾ	13
I.P.P. സെന്റർ	6
ടൈലറിംഗ് പരിശീലന കേന്ദ്രം	3
തുന്നൽ കടകൾ	9
മറ്റ് കടകൾ, സ്ഥാപനങ്ങൾ	13
ചായക്കടകൾ	5
പ്രസ്സ്	1
ബ്യൂട്ടിപാർലർ	1

ഗ്രാമസഭാ നിർദ്ദേശങ്ങളും സാദ്ധ്യതകളും

➾ ഓരോ വാർഡിലും ഓരോ ക്രഷ് ഉണ്ടാക്കുക.

➾ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷിത്തോട്ടങ്ങൾ, അടുക്കളത്തോട്ടം എന്നിവ തുടങ്ങുക.

➾ മുടപ്പല്ലൂർ, വണ്ടാഴി, മംഗലംഡാം വില്ലേജുകളിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

➾ പുഷ്പക്കൃഷി (ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല) യൂണിറ്റുകൾ എല്ലാവാർഡിലും ആരംഭിക്കുക.

➾ കറിപൗഡറുകൾ, അച്ചാറുകൾ നിർമ്മാണ യൂണിറ്റ് വനിതാ സഹകരണസംഘം നേതൃത്വത്തിൽ പഞ്ചായത്തിൽ രണ്ട് കേന്ദ്രങ്ങളിൽ ആരംഭിക്കുക.

➾ കോഴി വളർത്താൻ താല്പര്യമുള്ള മുഴുവൻ വീടുകൾക്കും കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി ലഭ്യമാക്കുക.

➾ ഓരോ വാർഡിലും നൂറു വീടുകളിലെങ്കിലും നല്ലയിനം കിടാരികളെ വളർത്താൻ പദ്ധതി.

➾ മുടപ്പല്ലൂരിൽ ഇലക്ട്രോണിക് സ്റ്റെബിലൈസർ, ചോക്ക്, കപ്പാസിറ്റർ യൂണിറ്റ്.

➾ പേപ്പർകവർ, ഗ്രീറ്റിംഗ് കാർഡ്, കസേര നെയ്ത്ത് യൂണിറ്റ് മംഗലംഡാമിൽ സ്ഥാപിക്കുക.

➾ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ തുന്നൽ പരിശീലനം എംപ്രോയിഡറി പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

➾ വനിതകൾ അംഗങ്ങളായ വനിതാ ഗ്രന്ഥശാലകൾ മംഗലംഡാം, വണ്ടാഴി, മുടപ്പല്ലൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

➾ മംഗലംഡാമിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കുക.

➾ വണ്ടാഴി പ്രൈമറി ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റ് തസ്തിക അനുവദിക്കുക.

➾ എല്ലാവീടുകളിലും പുകയില്ലാത്ത അടുപ്പുകൾ പ്രോത്സാഹിപ്പിക്കുക.

➾ സ്ക്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രത്യേക കലാകായിക പരിശീലനം.


➾ വനിതകൾക്ക് മാത്രമുള്ള നെഴ്സിംഗ് പരിശീലന കേന്ദ്രം വണ്ടാഴിയിൽ തുടങ്ങുക.


➾ മഹിളാസംഘങ്ങൾ വാർഡടിസ്ഥാനത്തിൽ രൂപീകരിക്കുക.

➾ കരണ്ടബിൽ, ടെലിഫോൺ ബില്ല്, വാട്ടർബില്ല്, പഞ്ചായത്ത്-വില്ലേജ് ടാക്സുകൾ എന്നിവ വീടുകളിൽ നിന്ന് ശേഖരിച്ച് അതാതു സ്ഥാപനങ്ങളിൽ അടക്കുവാൻ മഹിളാ ഏജന്റുമാരെ നിയമിക്കുക.

➾ മംഗലംഡാം, വണ്ടാഴി, മുടപ്പല്ലൂർ കേന്ദ്രങ്ങളിൽ വനിതാ ഹോട്ടലുകൾ.

➾ വനിതാ സ്പോർട്സ് ക്ലബ്ബ് പഞ്ചായത്തിൽ ഒരെണ്ണം സ്ഥാപിക്കുക.





സഹകരണം

ഇന്നിത്ര നാടുവാഴിത്ത കാലങ്ങളിലും അതിനു ശേഷവും വിവിധമേഖലകളിൽ ജനങ്ങൾ സഹകരിച്ചു പ്രവർത്തിച്ചിരുന്നത്. സാമുദായിക അടിസ്ഥാനത്തിലായിരുന്നു. ഈ കൂട്ടായ്മകൾ കാർഷികരംഗത്ത് കൂട്ടായി കന്നുപൂട്ടൽ, ഞാറ്, വിത്ത്, വളം എന്നീകാര്യങ്ങളിലും തുടർന്ന് അടിയന്തിരം, കല്യാണം തുടങ്ങിയ കാര്യങ്ങളിൽ എല്ലാവരും ചേർന്നാണ് നടത്തിയിരുന്നത്. ബന്ധുമ എന്ന നിലയിൽ സാമ്പത്തിക സഹായവും പെമ്പ്, ചരക്ക്, പാത്രങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളും കൂട്ടായി ചെയ്തിരുന്നതായി കാണാം. നായാട്ട്, മീൻപിടുത്തം തുടങ്ങിയ കാര്യങ്ങൾ കൂട്ടായി ചെയ്തിരുന്നു. ഇങ്ങനെ കിട്ടുന്ന മാംസം, മത്സ്യം തുടങ്ങിയവ പങ്കുവെച്ച് എടുത്തിരുന്നു. പങ്കെടുക്കാത്ത ചിലർക്കും എത്തിച്ചുകൊടുത്തിരുന്നു. നെല്ല്നറുക്ക് നടത്തിയിരുന്നു. സാമൂഹ്യവികസനത്തിന്റെ ഒരു ഘട്ടം കഴിഞ്ഞതോടെ, ജനങ്ങളിൽ വിദ്യാഭ്യാസവും മറ്റും സാർവ്വത്രികമായതോടെ സഹകരണത്തിന്റെ പുതിയമാനങ്ങളിലേക്കെത്തി.

സഹകരണ സംഘങ്ങൾ എന്ന ആശയം 1960-കളുടെ അവസാനത്തോടെയാണ് രൂപംകൊണ്ടത്. ക്രഡിറ്റ് രംഗത്തിൽ പഞ്ചായത്തിൽ തനതായ ഒരു സംഘം ഇല്ല. വടക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിലാണ് ഉൾപ്പെട്ടിരിക്കുന്നത്. 1.4.75 മുതൽ ഈ സംഘത്തിന്റെ ഒരു ബ്രാഞ്ച് വണ്ടാഴിയിൽ ആരംഭിച്ചു. വിഎൻ. പങ്ങിയച്ചനും, സിവി. മുത്തുവേലനും മറ്റും മുൻകൈ എടുത്ത് വണ്ടാഴി ക്ഷീരവ്യവസായ സഹകരണ സംഘവും ഇതേ കാലയളവിൽ മുടപ്പല്ലൂരിൽ ശ്രീ. സി. രാജഗോപാലൻ നായർ മുൻകൈ എടുത്ത് പനഞ്ചക്കര സംഘവും ശ്രീ. കുമാരൻമാസ്റ്റർ മുൻകൈ എടുത്ത് പനമ്പ്നെയ്ത്ത് സഹകരണ സംഘവും ആരംഭിച്ചു.

വണ്ടാഴി ക്ഷീരവ്യവസായ സഹകരണ സംഘം പ്രവർത്തനം പിന്നീട് മംഗലംഡാമിലേക്ക് മാറ്റുകയും കുറച്ചു കാലം അവിടെ പ്രവർത്തിച്ചശേഷം അടച്ചുപൂട്ടിക്കുകയും ചെയ്തു. 1990-ൽ ശ്രീ. ജോസഫ്മാത്യുവിന്റെ നേതൃത്വത്തിൽ ഈ സംഘം ഭരണഘടനാ ഭേദഗതി നടത്തി പുതിയ ആനന്ദ്മാതൃകാ നിയമാവലി അംഗീകരിക്കുകയും പ്രവർത്തന പരിധി മൂന്ന് വാർഡിൽ ഒതുക്കുകയും ചെയ്തു. ഇതേതുടർന്ന് പഞ്ചായത്തിൽ നാല് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ കൂടി ആരംഭിച്ചു. ഇപ്പോൾ ഈ രംഗത്ത് 1110 അംഗങ്ങളും 1900 ലിറ്റർ പാലും പ്രതിദിന ഉൽപാദനവും 17 ജീവനക്കാരും ഉള്ള വിപുലമായ ശൃംഗലയായി മാറിയിട്ടുണ്ട്.

പ്രശ്നങ്ങൾ

- പഞ്ചായത്തിൽ ക്രഡിറ്റ്സംഘം ഇല്ലാത്ത അവസ്ഥ.
- സഹകരണ സംഘത്തിന്റെ വളം, വിത്ത്, കീടനാശിനികൾ എന്നിവയുടെ ഡിപ്പോകൾ ഇല്ലാത്ത സ്ഥിതി.
- വായ്പകളിൻമേലുള്ള നിയന്ത്രണം. വായ്പകളുടെ പലിശയിൽ ഉള്ള വ്യത്യാസം.
- ആവശ്യങ്ങൾക്കനുസരിച്ച് വായ്പകൾ ലഭിക്കാത്ത സ്ഥിതി.
- നിക്ഷേപങ്ങളുടെ കുറവ്.
- അംഗത്വം പരിമിതപ്പെടുത്തുന്ന സ്ഥിതി.
- അർഹത ഇല്ലാത്തവർക്ക് അംഗത്വം നൽകുന്ന സ്ഥിതി.
- അനർഹർ ലോൺ എടുക്കുന്ന സ്ഥിതി.
- പാൽ സൊസൈറ്റികളുടെ എണ്ണത്തിലുള്ള കുറവ്.
- ഉൽപാദന രംഗത്ത് ചിലവിന്റെ വർദ്ധന.
- മിൽമയിലെ കെടുകാര്യസ്ഥത.
- ഉൽപാദന ചിലവിനനുസൃതമായ വില ലഭിക്കാത്ത സ്ഥിതി.
- നല്ലയിനം പശുക്കളുടെ ലഭ്യതക്കുറവ്.
- പനമ്പ്നെയ്ത്ത് രംഗത്ത് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്.
- ഉൽപ്പന്നങ്ങളുടെ വിലക്കുറവ്.
- സംഘത്തിന്റെ കെടുകാര്യസ്ഥത.
- പനഞ്ചക്കര സംഘത്തിൽ തൊഴിലെടുക്കാൻ ആളില്ലാത്ത സ്ഥിതി.
- വ്യവസായം നിലനിർത്താൻ അടിസ്ഥാന

സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥ.

- ❒ മത്സ്യക്കൃഷിയുടെ അടിസ്ഥാന സൗകര്യക്കുറവ്.
- ❒ മത്സ്യക്കൃഷിയെക്കുറിച്ചുള്ള അറിവില്ലായ്മ.
- ❒ സാമ്പത്തിക ദൗർലഭ്യം.
- ❒ നല്ലയിനം വിത്തിന്റെ ലഭ്യതക്കുറവ്. വിപണന രംഗത്ത് വിലയിൽ വരുന്ന ഏറ്റക്കുറച്ചിൽ.
- ❒ ഹരിജൻ സഹകരണസംഘത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ.
- ❒ ഭരണകാര്യങ്ങളിൽ പരിശീലനക്കുറവ്.
- ❒ ലോണുകൾ തിരിച്ചടക്കാത്ത സ്ഥിതി.
- ❒ ഹരിജന സഹകരണ സംഘത്തിന് ഈ മേഖലയിൽ പ്രവർത്തനമില്ലായ്മ.
- ❒ ഗിരിജനങ്ങളുടെ ഉൽപ്പന്നങ്ങൾ സ്വകാര്യ ഇടപാടുകാർ ചൂഷണം ചെയ്യുന്ന അവസ്ഥ.
- ❒ ഗിരിജനങ്ങൾക്ക് ഇക്കാര്യങ്ങളിൽ ഉള്ള അറിവില്ലായ്മ.
- ❒ പരമ്പരാഗത കരകൗശല കൈത്തൊഴിൽ രംഗത്ത് പഴം-പച്ചക്കറി സംസ്ക്കരണ വിപണന രംഗത്തും വനിതാ തൊഴിൽ രംഗത്തും സംഘങ്ങൾ ഇല്ലാത്ത സ്ഥിതി.

സാദ്ധ്യതകൾ

❒ 56 ച.കി.മീ. വിസ്തൃതിയുള്ള പഞ്ചായത്തിൽ ആവശ്യമായത്ര അംഗങ്ങൾ, വേണ്ടത്ര നിക്ഷേപസാദ്ധ്യത, കാർഷികാവശ്യത്തിനുള്ള വളം, കീടനാശിനി എന്നിവയ്ക്ക് വിപണന സാദ്ധ്യതയുണ്ട്. ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെ 4 ബാങ്കുകളും ചില പ്രൈവറ്റ് ബാങ്കുകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. സഹകരണ ബാങ്കിൽ ലഭിക്കേണ്ട നിക്ഷേപങ്ങൾ ഇവർ കയ്യടക്കുന്നു. ഇവയെല്ലാം ഒരു ക്രഡിറ്റ് സംഘത്തിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

❒ പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരും അംഗങ്ങളായ സംഘം ഉണ്ടാവുകയും ഇവരുടെ നിക്ഷേപങ്ങൾ സ്വീകരിച്ചുകൊണ്ട് നിയന്ത്രിത പലിശക്ക് അംഗങ്ങൾക്ക് ആവശ്യാനുസരണം എല്ലാ സമയങ്ങളിലും വായ്പകൾ ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. കൃഷിക്കാർക്കാവശ്യമായ വികസന പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനും നേതൃത്വം വഹിക്കുന്നതിനും കഴിയണം.

❒ പാൽ ഉൽപാദന രംഗത്തുള്ള അടിസ്ഥാന പരമായ പ്രശ്നങ്ങളായ നല്ലയിനം കന്നുകാലികളെ ലഭ്യമാക്കൽ. പുൽകൃഷിവികസനം, കാലിത്തീറ്റയുടെ പ്രാദേശികമായ ഉൽപാദനം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾ പ്രാദേശിക സംഘങ്ങൾ തന്നെ നടത്താവുന്ന തരത്തിൽ ഭരണഘടനാ ഭേദഗതി നടത്തിയാൽ ഇതിന് അളവറ്റ സാദ്ധ്യത പഞ്ചായത്തിലുണ്ട്.

❒ മത്സ്യക്കൃഷി കാര്യക്ഷമമാക്കുന്നതിന് ഉൾനാടൻ ജലാശയങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുകയും പഞ്ചായത്തിലെ പുഴകൾ ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്. മംഗലം ഡാം റിസർവോയറിന്റെ പൂർണ്ണമായ സാദ്ധ്യതകൾ ചൂഷണം ചെയ്യുകയും ചെയ്ത് വൻനേട്ടം ഈ രംഗത്ത് കൈവരിക്കാനാകും. വികസിച്ച്വരുന്ന മൂന്ന് ടൗണുകൾ പഞ്ചായത്തിലുള്ളതിനാൽ വിപണനത്തിനും അനന്തസാദ്ധ്യതയുണ്ട്.

❒ പരമ്പരാഗത വ്യവസായങ്ങളായ പനമ്പ്നെയ്ത്ത് രംഗത്ത് പ്രവർത്തനം മലയോരമേഖലയുമായി ബന്ധപ്പെട്ട് കൂടുതൽ വ്യാപിപ്പിക്കാൻ കഴിയുകയും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കിക്കൊടുക്കാൻ പഞ്ചായത്ത് തലത്തിൽ നേതൃത്വം ഉണ്ടായാൽ ഈ രംഗം വിപുലമാക്കാൻ കഴിയും.

❒ പനഞ്ചക്കര സംഘത്തിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് നേതൃത്വത്തിൽ ലഭ്യമാക്കിക്കൊടുക്കുകയും ചെയ്താൽ ഈ രംഗത്ത് കുറേ തൊഴിൽ സാദ്ധ്യതകളുണ്ട്.

❒ വനിതകളുടെ വിവിധ തൊഴിലുകൾക്ക് പ്രാമുഖ്യം കൊടുത്ത് മുടപ്പല്ലൂർ കേന്ദ്രമായി ഒരുസംഘം പഞ്ചായത്തിൽ രൂപീകരിക്കണം. എല്ലാവാർഡുകളിലും അനുബന്ധയൂണിറ്റുകളും ആരംഭിച്ച് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, തയ്യൽ, കോഴിവളർത്തൽ, അച്ചാർ നിർമ്മാണം തുടങ്ങിയ രംഗത്ത് വൻപുരോഗതി കൈവരിക്കാൻ സാദ്ധ്യതയുണ്ട്.

❒ ഇപ്പോൾ നെല്ലിയാമ്പതി കേന്ദ്രമായിട്ടുള്ള ഗിരിജൻ സഹകരണ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിൽ തൃപ്തികരമല്ല. സ്വകാര്യവ്യക്തികൾ ഈ രംഗത്ത് ആധിപത്യം പുലർത്തുന്നു. ഇതുമൂലം ലക്ഷക്കണക്കിന് രൂപയുടെ വന വിഭവങ്ങൾ ശേഖരിക്കുന്ന ആദിവാസികൾ ചൂഷണത്തിന് വിധേയമാകുന്നു. അതുകൊണ്ട് പഞ്ചായത്തിൽ തനതായ ഒരു സംഘം കടപ്പാറ കേന്ദ്രീകരിച്ച് ആരംഭിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

- മംഗലംഡാം കേന്ദ്രമായി ഒരു ക്രഡിറ്റ് സഹകരണ സംഘം രൂപീകരിക്കണം.
- വണ്ടാഴി, മുടപ്പല്ലൂർ, മംഗലംഡാം എന്നിവിടങ്ങളിൽ വളം ഡിപ്പോയും ഈ സംഘത്തിന്റെ കീഴിൽ തുടങ്ങണം
- താഴെപറയുന്ന സ്ഥലങ്ങളിൽ പുതിയ പാൽ സൊസൈറ്റികൾ രൂപീകരിക്കണം.

വാർഡ്	സ്ഥലം
1	പൊൻകണ്ടം
5	കിഴക്കേത്തറ
8	മാത്തൂർ
11	പടിഞ്ഞാറേക്കാട്
12	കുന്നുപറമ്പ്

a). വണ്ടാഴികേന്ദ്രമായി മത്സ്യഭവൻ രൂപീകരിക്കുക.

b). ഫിഷറീസ് സഹകരണ സംഘത്തിന്റെ മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ മുടപ്പല്ലൂർ, വണ്ടാഴി എന്നിവിടങ്ങളിൽ ആരംഭിക്കണം.

c). മത്സ്യകുഞ്ഞുങ്ങളെ ഉൽനാടൻകൃഷിക്ക് ലഭ്യ മാക്കുന്നതിലേക്ക് മംഗലംഡാമിൽ ഹാച്ചറി സ്ഥാപിക്കണം.

• പനമ്പ്നെയ്ത്ത് സംഘത്തിന്റെ അംഗസംഖ്യ കൂട്ടി പ്രവർത്തനം മെച്ചപ്പെടുത്തി മംഗലംഡാം, കല്ലാനക്കര, തെക്കേക്കാട് എന്നിവിടങ്ങളിൽ ഡിപ്പോകൾ സ്ഥാപിക്കുക. ഗ്രാന്റ് ലഭ്യമാക്കുക.

• പനഞ്ചക്കര സംഘം രൂപീകരിച്ച് പ്രവർത്തനം വിപുലമാക്കുക.

• കളിമൺപാത്ര നിർമ്മാണ തൊഴിലാളി സഹകരണ സംഘം മുടപ്പല്ലൂരിൽ ആരംഭിക്കുക.

• മുടപ്പല്ലൂർ, വണ്ടാഴി, മംഗലംഡാം വില്ലേജുകളിൽ ഓരോ പഴം, പച്ചക്കറി സംസ്കരണ വിപണന സഹകരണ യൂണിറ്റുകൾ ആരംഭിക്കണം.

• ചെല്ലുവടി കേന്ദ്രമായി കരിങ്കൽ തൊഴിലാളി സഹകരണ സംഘം രൂപീരിക്കുക.

• മുടപ്പല്ലൂർ കേന്ദ്രമാക്കി വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക. 12 വാർഡുകളിലും അനുബന്ധയൂണിറ്റുകൾ ആരംഭിക്കണം.

• കടപ്പാറ കേന്ദ്രമായി ഒരു ഗിരിജൻ സഹകരണ സ്ഘം രൂപീകരിച്ച് വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തണം.

• വണ്ടാഴി കേന്ദ്രമായി (കർഷരുടെ ഉൽപ്പന്നങ്ങൾ) വ്യാപാരം നടത്തുന്നതിലേക്കായി) ഒരു മാർക്കറ്റിംഗ് സഹകരണ സംഘം രൂപീകരിക്കണം.

• റബ്ബർ അധിഷ്ഠിത വ്യവസായ സഹകരണ സംഘം രൂപീകരിക്കാൻ ചിറ്റടിയിൽ പ്രൊജക്ട്.

• മംഗലംഡാം കേന്ദ്രമായി സഹകരണ ആശുപത്രി.

• പഞ്ചായത്തിൽ ഒരു കൺസ്യൂമർ സഹകരണ സംഘം രൂപീകരിച്ച് വാർഡുകളിൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുക.


കാർഷിക വികസന ബേങ്ക് വണ്ടാഴി പഞ്ചായത്ത് പ്രദേശത്ത് ചെയ്ത വായ്പകളുടെ വിവരം

എത്രപേർക്ക്	ഏതിനം വായ്പകൾ	നൽകിയ തുക
46	പുതിയ ഭവനം നിർമ്മിക്കുവാൻ	34,35000
26	പുര പുതിക്കി പണിയുവാൻ	8,41,800
5	സെറി കൾച്ചറൽ സ്ക്കീം	86,870
36	മൈനർ ഇറിഗേഷൻ സ്ക്കീം	6,68,860
39	റബ്ബർ സ്ക്കീം	12,11,240
14	ഓർഡിനറി സ്ക്കീം 3,30,300	
3	കുരുമുളക് കൃഷി	26,646
10	SAP സ്ക്കീം	3,07,228
11	തെങ്ങ്കൃഷി	1,00,323
15	പശു വളർത്തൽ	2,55,630
7	ഗുഡ്സ് വാഹനങ്ങൾ	14,97,000
9	വ്യവസായ ലോണുകൾ	2,67,500
2	ട്രാക്ടർ & ട്രൈലർ 5,25,000	
4	എജത മൈനർ ഇറിഗേഷൻ	41,400
1	ഓയിൽ & ഫ്ലഫർ മിൽ	3,35,000
228	ആകെ	99,29,797

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

	പേര്	വർഷം	അംഗങ്ങൾ	മൂലധനം
1.	വണ്ടാഴി സർവ്വീസ് കോ.ഓ. ബാങ്ക്	1975	3050	25 ലക്ഷം
2.	പനംചക്കര സഹകരണ സംഘം	1947	505	3000. ക
3.	ഖാദി വില്ലേജ് ഇൻഡസ്ട്രീസ് സഹ സംഘം	1975	195	3500. ക
4.	ഹരിജൻ സേവന സഹകരണ സംഘം			
5.	മംഗലംഡാം പട്ടികജാതി-വർഗ്ഗ സഹകരണ സംഘം	1985	53	40000. ക
6.	മംഗലംഡാം ക്ഷീര സഹകരണ സംഘം	1990	328	3080. ക
7.	നെല്ലിക്കോട് ക്ഷീരസഹകരണ സംഘം	1993	96	1100. ക
8.	വടക്കുമുറി ക്ഷീരസഹകരണ സംഘം	1995	50	2180. ക
9.	മുടപ്പല്ലൂർ ക്ഷീരസഹകരണ സംഘം	1993	124	2290. ക
10.	പന്തപ്പറമ്പ് ക്ഷീരസഹകരണ സംഘം	1996	145	2520. ക

ക്ഷീരം ശേഖരണം വിതരണം



പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ഇന്ത്യ ആദിമ ഗോത്രവർഗ്ഗക്കാരുടെ നാടായിരുന്നു ഈ ഗോത്രങ്ങൾക്ക് മെച്ചപ്പെട്ട സംസ്ക്കാരവും ജീവിതരീതിയും ഉണ്ടായിരുന്നു. ആര്യൻമാർ ഇന്ത്യയിൽ കടന്നുവന്ന് ഇവിടെ പാരമ്പര്യമായി ജീവിച്ച ആദിമമനുഷ്യസമൂഹത്തെ ആക്രമിച്ചു. ആക്രമത്തിൽ നിന്നും രക്ഷപ്പെട്ട ആദിമമനുഷ്യർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും ദുർഘടം പിടിച്ച വനമേഖലകളിലേക്കും പാലായനം ചെയ്തു. അവശേഷിച്ച ജനത ആര്യൻമാരുമായി ബന്ധംപുലർത്തി ജീവിച്ചു. പാലായനം ചെയ്ത ജനവിഭാഗങ്ങൾ അവരുടെ പൂർവ്വിക ആചാരാനുഷ്ഠാനങ്ങൾ നിലനിർത്തിയും പരിഷ്ക്കരിച്ചും ജീവിച്ചുപോന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് നാടുവാഴി ജൻമിത്വ കാലഘട്ടങ്ങളിൽ സവർണ്ണരുടെ അടിമകളായി ഇവർ അവരുടെ പണിസ്ഥലങ്ങളിൽ കൂലിപ്പണിക്കാരായി മാറി. തീർത്തും നിരക്ഷരരായിരുന്ന ഈ ജനവിഭാഗം അന്ധവിശ്വാസികളും ദൈവാരാധനയ്ക്കുവേണ്ടി മൃഗബലി അടക്കം നടത്തിവന്നവരുമായിരുന്നു. ഇവരുടെ അറിവില്ലായ്മയെ ജൻമിമാരും മേലാളൻമാരും സമർത്ഥമായി ചൂഷണം ചെയ്തു. ഓല കൊണ്ടും വൈക്കോൽ കൊണ്ടും മേഞ്ഞ് ചുമരില്ലാതെ മരത്തിന്റെ ഇലകൾ കൊണ്ട് മറച്ച ചെറ്റക്കുടിലിലായിരുന്നു ഇവരുടെ താമസം.

മണ്ണ് കുഴച്ച തറയിൽ തന്നെ അടുപ്പുണ്ടാക്കി വൃത്തിഹീനമായ സാഹചര്യത്തിൽ ഇവർ ജീവിച്ചിരുന്നു. നല്ല വസ്ത്രങ്ങളോ വീട്ടുപകരണങ്ങളോ ഉണ്ടായിരുന്നില്ല. സ്ത്രീകൾക്ക് ആഭരണങ്ങൾക്കുവേണ്ടി ചിലതരം മരത്തിന്റെ കായ്കൾ നാരിൽ കോർത്ത് കഴുത്തി അണിഞ്ഞിരുന്നു. പ്രത്യേകരീതിയിൽ വസ്ത്രധാരണം ഇവർ നടത്തിയിരുന്നു. ജൻമിമാരും മേലാളൻമാരും ഉപയോഗിച്ചിരുന്ന ഭാഷാവാക്കുകളൊന്നും അടിയൻമാരായ ഇവർക്ക് പറയുവാൻ അവകാശം ഉണ്ടായിരുന്നില്ല. ചെറമമാള, മലയപ്പതി എന്നിവ ഹരിജനങ്ങളുടെയും ഗിരിജനങ്ങളുടെയും വീട്ടുകാർക്ക് ഇട്ട പേരായിരുന്നു. മറ്റ് വിഭാഗങ്ങൾക്ക് "കുടി" എന്നും നായർക്ക് വീട് എന്നും നമ്പൂതിരിമാർക്കും സമ്പന്നർക്കും ഇല്ലം-മന എന്നുമാണ് പേരിട്ടിരുന്നത്. അരിക്ക് കല്ലരി എന്നും പണത്തിന് ചെമ്പുകാശ് എന്നും കഞ്ഞികുടിക്കുന്നതിന് അരിക്കാടി എന്നുമാണ് പറഞ്ഞിരുന്നത്. ആദിവാസികളായ ഗിരിജനങ്ങൾ മലങ്കാടുകളിൽ വനവിഭവങ്ങൾ ശേഖരിച്ച് ഭക്ഷിച്ചും മിച്ചം വരുന്നത് മറ്റാളുകൾക്ക് കൊടുത്തും ജീവിച്ചുവന്നിരുന്നു. കാടിന്റെ മക്കളായ ഇവർ വർഷങ്ങളോളം പുറം ലോകവുമായി ബന്ധമില്ലാതെ ജീവിച്ചുവന്നു. മറ്റ് ജനവിഭാഗങ്ങളുമായി ബന്ധപെടാതെ ഈ വിഭാഗം ജനങ്ങളെ ക്രമേണ നായാട്ടിന് പോയ ആളുകൾ ഭയപ്പെടുത്തി വനവിഭവങ്ങളും മറ്റും അവരിൽ നിന്ന് കൈവശപ്പെടുത്തുകയാണ് ഉണ്ടായത്. ലിപികളില്ലാത്ത ഭാഷയാണ് ആദിവാസികൾ, കവറ സമുദായക്കാർ, ഭാരൻമാർ തുടങ്ങിയ വിഭാഗങ്ങൾ ഇന്നും ഉപയോഗിച്ച് വരുന്നത്. പട്ടികജാതി ജനവിഭാഗങ്ങളിൽ ഒട്ടനവധി സമാന്തര വിഭാഗങ്ങളുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കണക്കച്ചെറുമൻ, കൂടാൻ ചെറുമൻ, ഏറായിചെറുമൻ, കവറ, ചക്കിളിയൻ, ചാത്തൻ, മലയൻ, മണ്ണാൻ, തൊട്ടിയൻ, നായാടികൾ, പറയൻ എന്നീ വിഭാഗം പട്ടികജാതിക്കാരും കൊച്ചിക്കാടൻ എന്ന ആദിവാസി വിഭാഗം തളികക്കല്ലിലും നിലവിലുണ്ട്. ഈ ജാതികൾ തമ്മിൽ ബദ്ധവൈരത്തിലായിരുന്നു. പരസ്പരം വിവാഹ ബന്ധത്തിൽ ഏർപ്പെട്ടിരുന്നില്ല. ഇവർക്കൊക്കെ പ്രത്യേകം രീതിയിലുള്ള ആചാരങ്ങളും ദൈവാരാധനകളും ഉണ്ടായിരുന്നു. ഒരേ പ്രദേശങ്ങളിൽതന്നെ ചേരികളായി ഇവർ നിലനിന്നിരുന്നു. ജൻമിമാർ നേതൃത്വംകൊടുത്ത് നടത്തിയ ആഘോഷങ്ങളിലും ഉത്സവങ്ങളിലും കീഴ്ജാതിക്കാരായ ഇവർ എല്ലാം ഒരുപോലെ സഹകരിച്ചിരുന്നു. ഓരോ ജാതിയും മറ്റ് ജാതിയിൽനിന്നും മേൻമയുള്ളവരാണെന്ന് ഇവർ ധരിച്ചത് മൂലമാണ് വ്യത്യസ്ത ജീവിത രീതികളുമായി ജീവിച്ചുപോന്നത്. ചെറുമവിഭാഗക്കാർ കൃഷിത്തൊഴിലാളികളായിരുന്നു. തൊട്ടിയാൻമാർ വീട്ടുസാധനങ്ങൾ തൂക്കിയിടാൻ ഉറി, തിരുപ്പൻമുടി, കുരങ്ങ്കളി, പന്നിവളർത്തൽ എന്നീ കൈത്തൊഴിലുകളും കൂലത്തൊഴിലായി ചെയ്തുവന്നു. ഇവർ തോട്ടിപ്പണിയും ചെയ്തിരുന്നു. പറയജാതിയിൽപ്പെട്ടവർ പനയുടെ ഈറകൊണ്ട് കയർ ഉണ്ടാക്കി വിറ്റിരുന്നു. പായനെയ്ത്ത്, പനമ്പ്നെയ്ത്ത് എന്നിവയും കൃഷിപ്പണിയും ചെയ്ത് ജീവിച്ചുവന്നു. ദുർമന്ത്രവാദങ്ങൽ, ഒടിയൻപ്രയോഗങ്ങൾ തുടങ്ങിയ ദുരാചാരങ്ങൾ ഇവർ

നടത്തിവന്നവരായിരുന്നു, എന്നാണ് പറയുന്നത്.

ചക്കിലിയ വിഭാഗം

ചെരുപ്പുകുത്തികളും ചത്തമൃഗങ്ങളുടെ തോലുകൾ ഉരിച്ച്കൊണ്ടുപോയി വിറ്റ് ജീവിച്ചിരുന്നു. ചത്തമൃഗങ്ങളെ ധാരാളമായി ഇവർ ഭക്ഷിച്ചിരുന്നു. ഇവരുടെ സംഭാവനയാണ് പറവാദ്യം, ചക്ലിയക്കൊട്ട് എന്നിവ. വളരെ അപരിഷ്കൃതരായിരുന്നു ഈ ജനവിഭാഗം.

പാണൻവിഭാഗം

ഓലക്കുട, വല്ലിക്കുട ഇവ നിർമ്മാണം നടത്തിയിരുന്നു. ദൈവപ്രീതിക്കായി പ്രത്യേകതരം പാട്ടുകൾ ഇവർക്ക് ഉണ്ടായിരുന്നു. പൊറോട്ടനാടകം തുടങ്ങിയ കലാരൂപങ്ങൾക്ക് ഇവരാണ് രൂപം നൽകിയത്. വണ്ടാഴി പഞ്ചായത്തിൽ ഈ സമുദായക്കാരനായ മരുതൻപാടം കേലിയാണ് പൊറാട്ടനാടകം ഇവിടെ ആദ്യമായി പഠിപ്പിച്ചത് എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്.

കാളകളുടേയും പോത്തുകളുടേയും വരികൾ പാണത്തോലുകൊണ്ട് ഇവർ ഉടച്ചുകൊടുത്തിരുന്നു എന്ന് പറയപ്പെടുന്നു. കണ്ടമുത്തൻ, കണ്ടകർണ്ണൻ, മൂക്കൻചാത്തൻ എന്നീ കുലദൈവങ്ങളെ ആരാധിച്ചിരുന്നു. മൂക്കൻചാത്തന്റെ പ്രതിമയിൽനിന്നും മുളക് അരച്ചുതേച്ച് ഇവർ ശത്രുസംഹാര ക്രിയ നടത്തിവരുന്നു. പച്ചമരുന്നുകൾ കൊടുത്ത് ഗർഭം അലസിപ്പിച്ചിരുന്ന ഏർപ്പാട് ഇവരുടെ സ്ത്രീകൾ നടത്തിയിരുന്നു. ഇപ്പോൾ ഈ സമ്പ്രദായം നിലവിലില്ല. ഈഴവസമുദായങ്ങളുടെ കുറിവിതരണം ഇവരാണ് ഇപ്പോഴും നടത്തുന്നത്.

മണ്ണാൻ

വസ്ത്രം അലക്കിക്കൊടുക്കുക, മരണാനന്തര ക്രിയകൾക്ക് സഹായിക്കുക, പ്രസവവുമായി ബന്ധപ്പെട്ട് വസ്ത്രങ്ങൾ കൊടുക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്ത് ജീവിച്ചുവന്നു. ഇത്തരം സന്ദർഭങ്ങളിൽ ഇവർക്ക് ചില പ്രത്യേക അവകാശങ്ങളും പ്രതിഫലങ്ങളും ലഭ്യമായിരുന്നു. മണ്ണാൻചാട്ട്, കൊടുങ്ങല്ലൂർ ചാട്ട്, തോറ്റംപാട്ട് എന്നിവ ഇവരുടെ കലാപൈതൃകങ്ങളായിരുന്നു.

കവറ

വനങ്ങളുമായും ആദിവാസികളുമായും ബന്ധപ്പെട്ട ജീവിതമാണ് ഇവരുടേത്. കാടുകളിൽപോയി ഈറ്റ, മുള എന്നിവ ശേഖരിച്ച് വട്ടിയും കൊട്ടയും പനമ്പും നെയ്ത് വിറ്റ് ഉപജീവനം നടത്തിയിരുന്നു. ലിപിയില്ലാത്ത ഭാഷയാണ് അവരുടേത്. കർണ്ണാടക ഭാഷയുമായി അവരുടെ സംസാരഭാഷക്ക് ബന്ധമുണ്ട്. കടുത്ത വിശ്വാസികളായിരുന്നു ഇവർ. പുരുഷൻ സ്ത്രീക്ക് ധനം കൊടുത്താണ് വിവാഹങ്ങൾ നടത്തിവന്നിരുന്നത്. മറ്റ് ജനവിഭാഗങ്ങളുമായി വേണ്ടത്ര ഇടകലർന്ന് ജീവിക്കാൻ ഇപ്പോഴും ഇവർ തയ്യാറായിക്കാണുന്നില്ല. മറ്റ് പട്ടികജാതിക്കാരിൽ നിന്നും വ്യത്യസ്ഥമായി ഇവർക്ക് വെളുപ്പുനിറമാണ് ഉള്ളത്.

മലയൻ

ആദിവാസികളുമായി കൂടുതൽ സാമ്യമുള്ള വിഭാഗമാണിവർ. കാട്ടുകിഴങ്ങ് ശേഖരിക്കുക, പച്ചമരുന്നുകൾ കുഴിച്ചെടുക്കുക, മരം മുറിച്ചെടുക്കുക തുടങ്ങിയ തൊഴിലുകളും-കർഷകത്തൊഴിലാളികളുമാണിവർ.

നായാടികൾ

വിവിധ പ്രദേശങ്ങളിൽ പോയി കൃഷിയിടങ്ങളിലെ എലികളെ പിടിക്കുക, മത്സ്യം പിടിക്കുക, ആമ പിടിക്കുക, പാമ്പിനെ പിടിച്ച് തൊലിയുരിച്ച് വിൽക്കുക. എന്നീതൊഴിലും വീടുകളിൽപോയി നാവൂർപാടി സംഭാവന വാങ്ങിച്ചാണ് ജീവിച്ചിരുന്നത്. ഒരു സ്ഥലത്ത് സ്ഥിരമായി കേന്ദ്രീകരിക്കാതെ സാദ്ധ്യതയുള്ള മേഖലകളിൽപോയി ഭിക്ഷാടനം അടക്കമുള്ള ജീവിതരീതിയാണ് ഇവർക്കുള്ളത്.

സവർണ്ണർ സ്ഥാപിച്ച ക്ഷേത്രങ്ങളിൽ ആരാധന നടത്തുവാനും ക്ഷേത്രക്കുളങ്ങളിൽ കുളിക്കുവാനും സവർണ്ണർ നടക്കുന്ന വഴികളിലൂടെ യാത്രചെയ്യുവാനോ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുവാനോ ഇവർക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യസമര പോരാട്ടങ്ങളും നവോത്ഥാന പ്രസ്ഥാനത്തിന്റെ ആവിർഭാവവും ഇവരുടെ സാമൂഹ്യവിദ്യാഭ്യാസ പാശ്ചാത്തലങ്ങളിൽ ഗുണകരകമായ മാറ്റങ്ങൾ ഉണ്ടായി. ക്ഷേത്രപ്രവേശനത്തിലും അയിത്തം, അനാചാരങ്ങൾ എന്നിവയ്ക്കുമെതിരായി നടന്ന ഒട്ടനവധി പോരാട്ടങ്ങളിൽ ഈ വിഭാഗം സജീവമായി പങ്കെടുത്തു. അംബേദ്കർ തയ്യാറാക്കിയ ഭരണഘടനയിൽ പട്ടികജാതി, വർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം വ്യവസ്ഥചെയ്തു. ഭരണഘടനാപരമായി സംവരണാനുകൂല്യങ്ങൾ ലഭിച്ചു തുടങ്ങിയതോടുകൂടി വിദ്യാഭ്യാസമേഖലകളിലും തൊഴിൽ മേഖലകളിലും ഈ വിഭാഗങ്ങൾക്ക് ശ്രദ്ധേയമായ സ്ഥാനംകൈവന്നു. സർക്കാരിന്റെ സൗജന്യപദ്ധതികളുടെ ആനുകൂല്യം കൂടിയതോടുകൂടി ഇവരുടെ ജീവിതം പച്ചപിടിച്ചുതുടങ്ങി. ജൻമിത്വം അവസാനിച്ചതോടുകൂടി പട്ടികജാതിക്കാരിൽ നല്ലൊരു വിഭാഗത്തിന് കുടികിടപ്പ് സ്വന്തമായി. അതോടെ സ്വന്തം മണ്ണിലെ ഉൽപ്പന്നങ്ങൾ ഇവർക്ക് അനുഭവിക്കാൻ കഴിഞ്ഞു. ആശ്രിതരായിരു ഈ വിഭാഗം സ്വാത്രന്ത്യത്തി ന്റെ വെളിച്ചം ഏറ്റ്

ഊർജ്ജസ്വലരായി. കൃഷിഭൂമി കൃഷിക്കാരന്റെ കയ്യിലായതോടെ തൊഴിൽ സാദ്ധ്യതയും അതുകൊണ്ട് വരുമാന വർദ്ധനവ് ഉണ്ടായതും ഇവരുടെ ജീവിത നിലവാരം ഉയർത്തി. പിന്നോക്ക ജനവിഭാഗങ്ങളുടെ സംഘടിതരാക്കി നടത്തിയ അടിസ്ഥാനപരമായ പോരാട്ടങ്ങൾ വിജയിച്ചതിന്റെ ഫലമായി മിച്ചഭൂമിയിൽ നല്ലൊരുഭാഗം ഇവരുടെ സ്വന്തമായി. അതോടെ നല്ലൊരു വിഭാഗം പിന്നോക്കക്കാർ കൃഷിക്കാരായി. തൊഴിൽ സാദ്ധ്യതകൾ വർദ്ധിച്ചതിന്റെ ഫലമായി ഗവൺമെന്റ് മേഖലകളിൽ പിന്നോക്കക്കാർക്ക് ധാരാളം തൊഴിൽ കിട്ടിത്തുടങ്ങി. വിദ്യാഭ്യാസം കിട്ടിയ ധാരാളം യുവാക്കൾ ഇന്ന് സർക്കാർ തലങ്ങളിൽ സേവനം അനുഷ്ഠിച്ചുവരുന്നു.

ഭവനവൈദ്യുതി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഇന്ന് 60% പിന്നോക്കക്കാർക്ക് ലഭ്യമായിട്ടുണ്ടെന്ന് കാണാം. ഇതൊക്കെയാണെങ്കിലും നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ഈ വിഭാഗം മറ്റ് ജനവിഭാഗങ്ങളെപ്പോലെ സമൂഹ്യമായി വളർന്നിട്ടുണ്ടെന്ന് പറയുക വയ്യ. അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാകുന്നതിന് ഇനിയും കാത്തിരിക്കേണ്ടിവരും.

മറ്റ് ജനവിഭാഗങ്ങൾ സാമൂഹ്യവിദ്യാഭ്യാസ രംഗത്ത് വളർന്നുവന്നതുപോലെ ഈ വിഭാഗങ്ങൾക്ക് വളരുവാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യപദവിയുടെ കാര്യത്തിൽ ഈ വിഭാഗം പിന്നിലായതും മറ്റ് ജനവിഭാഗങ്ങളിൽ ഇവർ ഇപ്പോഴും പിന്നോക്കക്കാരാണെന്നുള്ള മനസ്ഥിതിയും അതിനു പറ്റിയ രീതിയിലുള്ള ഈ വിഭാഗത്തിന്റെ ഇപ്പോഴുമുള്ള ജീവിതരീതിയും മൂലം ഇവർ മുൻനിരയിലേക്ക് വരുന്നില്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇപ്പോഴും വളരെ പിറകിലാണിവർ. കുട്ടികളെ യഥാസമയം സ്ക്കൂളിൽചേർക്കുകയോ എഴുത്തും വായനയും പഠിപ്പിക്കുകയോ ചെയ്യാനുള്ള മനസ്ഥിതി രക്ഷകർത്താക്കളിൽ ഉണ്ടെന്ന് പറഞ്ഞുകൂടാ. കോളനികളായി താമസിക്കുന്ന ഇവരിൽ 60% പേരും ഈ രംഗത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. നിരക്ഷരരിൽ ഭൂരിഭാഗവും പട്ടികജാതിക്കാരാണെന്നത് കാണാം. ആദിവാസികളിൽ വിദ്യാഭ്യാസമുള്ളവർ ഇല്ലെന്നുതന്നെ പറയാം. സാമൂഹ്യപദവിയുടെ കാര്യത്തിലും സംഘടനാ നേതൃത്വരംഗത്തും വേണ്ടത്ര പദവി ഇവർക്ക് ലഭിച്ചുകാണുന്നില്ല. വിവാഹങ്ങളിലും പൊതുചടങ്ങുകളിലും സദ്യകളിലും മറ്റിതര ജനവിഭാഗങ്ങൾ വേണ്ടത്ര സഹകരിക്കുന്നതായി കാണുന്നില്ല. അതുമൂലം ആവിഭാഗം ആളുകളെ കാര്യമായി ക്ഷണിക്കുന്ന പ്രവണതയും ഇല്ല. മറ്റ് ജനവിഭാഗങ്ങളുമായി ഇടകലർന്ന് ജീവിക്കുന്ന മേഖലകളിൽ പിന്നോക്ക വിഭാഗളുടെ സാമൂഹ്യ അന്തസ്സിൽ മാറ്റങ്ങൾ ദൃശ്യമാണ്. ജാതീയതയും മതാചാരത്തിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ജനസമൂഹം ഇന്നും തനതായ പാരമ്പര്യജീവിതരീതികൾ തുടരുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം ഇന്നും നിലനിൽക്കുന്നത്.

പ്രശ്നങ്ങൾ

1. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
2. പോഷകാഹാരങ്ങളുടെ കുറവ്.
3. സാമൂഹ്യ സംരക്ഷണത്തിന്റെ കുറവ്.
4. തൊഴിൽ സാദ്ധ്യതയുടെ കുറവ്.
5. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ.
6. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്ന അവസ്ഥ.
7. ജാതീയമായ പിന്നോക്കാവസ്ഥ.
8. ആനുകൂല്യങ്ങളിൽ ഇടത്തട്ടുകാരുടെ ചൂഷണം.
9. സാമ്പത്തിക പരാധീനത.
10. ചികിത്സാ സൗകര്യങ്ങളുടെ കുറവ്.

സാദ്ധ്യതകൾ


- നൂറ്റാണ്ടുകളായി കായികശക്തി കെട്ടഴിച്ചുവിട്ട് ഉൽപാദന മേഖലകളിൽ കേന്ദ്രീകരിച്ചിരുന്ന ഈ ജനവിഭാഗങ്ങൾക്ക് അദ്ധ്വാനിക്കുന്നതിന് സ്വന്തമായി ഭൂമിയും സാമ്പത്തിക സൗകര്യവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയാൽ വമ്പിച്ചമാറ്റം ഉണ്ടാക്കാൻ കഴിയും.
- വ്യാവസായിക പരമ്പരാഗത തൊഴിൽ മേഖലകളിൽ സ്വയംതൊഴിൽ കണ്ടെത്തി വളരുന്നതിനാവശ്യമായ തൊഴിൽ പരിശീനവും തൊഴിൽ ചെയ്യാനുള്ള സംവിധാനവും ഉണ്ടാക്കി ക്കൊടുക്കാവുന്നതാണ്.
- പാരമ്പര്യതൊഴിലുകളും, കുടിൽവ്യവസായങ്ങളും ഇവരിലൂടെ വളർത്തിയെടുക്കാം.
- മത്സ്യബന്ധന മേഖല, പാറപൊട്ടിക്കൽ, റോഡുനിർമ്മാണം തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലനം നൽകിയ ആളുകളെ നിയോഗിക്കാം.
- സഹകരണ സംഘങ്ങളും വനിതാ വ്യവസായ സംഘങ്ങളും രൂപീകരിച്ച് ആ മേഖലയിൽ സുരക്ഷിതത്വ സംവിധാനം ഉണ്ടാക്കാവുന്നതാണ്.
- വനവിഭവങ്ങൾ ശേഖരിച്ച് സംസ്ക്കരിച്ച് നടത്താവുന്ന വ്യവസായശൃംഖലകൾക്ക് സാദ്ധ്യത ഏറെയാണ്.
- വനങ്ങളിൽ വീണുകിടക്കുന്ന തടികൾ, വിറകുകൾ ശേഖരിച്ച് വിൽപ്പന നടത്താവുന്നതാണ്. പാരമ്പര്യവൈദ്യ രംഗത്ത് ഇവരുടെ സേവനം ഉപയോഗപ്പെടുത്താം.
- ആട് വളർത്തൽ, കോഴി വളർത്തൽ, പശു വളർത്തൽ, പന്നിവളർത്തൽ, തുടങ്ങിയ മേഖലകളിൽ അടിസ്ഥാനസൗകര്യങ്ങൾ ചെയ്തുകൊടുത്താൽ കുടുംബ വരുമാനം ക്രമേണ വർദ്ധിക്കും.

കുഴിച്ച് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക.

5. പൈതല ഹരിജൻ കോളനിയിൽ തുറന്ന കിണർ കുഴിക്കുക.
6. മംഗലംഡാം-പുള്ളോപ്പറമ്പ് കോളനിയിൽ വൈദ്യുതി എത്തിക്കണം.
7. പന്നിക്കുളമ്പ് കോളനിയിൽ കുഴൽകിണർ സ്ഥാപിക്കുക.
8. കല്ലാനക്കരയിൽ കുഴൽകിണർ സ്ഥാപിക്കുക.
9. മരുതംകുളമ്പ്ഏരി പുറംപോക്കിൽ താമസിക്കുന്ന 4 ഹരിജൻ കുടുംബങ്ങൾക്ക് പുറംപോക്ക് പതിച്ചുനൽകി വീട് അനുവദിക്കുക.
10. കല്ലാനക്കരയിൽ കുഴൽകിണർ സ്ഥാപിക്കുക.
11. പുറംപോക്കിൽ താമസിക്കുന്ന ഹരിജൻ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ പദ്ധതി ഉണ്ടാക്കുക.
12. ഒലിംകടവ്, പന്നിക്കുളമ്പ്, കല്ലാനക്കര, ഒടുകൂർ, കണിയമംഗലം, നെല്ലിക്കോട്, കൊരക്കാലി, വെള്ളയംപാടം, തെക്കേക്കാട്, കിഴക്കേപാറക്കൽ, കോഴിമുട്ടത്തറ, പയ്യാറോഡ്, പടിഞ്ഞാറേക്കാട് തത്തനാടം എന്നീ കേന്ദ്രങ്ങളിൽ ടെലിവിഷൻ സെറ്റ് സ്ഥാപിക്കണം.
13. കണിയമംഗലം ഹരിജൻകോളനിയിൽ ആരോഗ്യവകുപ്പിന്റെ സബ്സെന്റർ സ്ഥാപിക്കണം.
14. നെല്ലിക്കോട് ഹരിജൻകോളനിയിൽ പൈപ്പ്ലൈൻ നീട്ടുക.
15. തൊഴിൽസാദ്ധ്യത കണക്കിലെടുത്ത് വെള്ളയംപാടത്ത് പന്നിവളർത്തൽ കേന്ദ്രം സ്ഥാപിക്കണം.
16. തെക്കേക്കാട് ഹരിജൻ കോളനിയിലേക്ക് മാത്തൂർ പമ്പ്ഹൗസിന്റെ പൈപ്പ്നീട്ടുക. പനമ്പ് സംഭരണകേന്ദ്രം തുറക്കുക.
17. പാല IHDP കോളനിയിൽ കുഴൽകിണർ കുഴിക്കുക.
18. കൊരക്കാലി ഹരിജൻ കോളനിറോഡ് ടാർ ചെയ്യുക. കോളനിയിൽ കുഴൽകിണർ കുഴിക്കുക.
19. കിഴക്കേപ്പാറക്കൽ കോളനിയിൽ കുഴൽകിണർ കുഴിക്കുക.
20. കറാംപാടം ഹരിജൻ കോളനിയിൽ തുറന്നകിണർ കുഴിക്കുക.
21. പനയോല കൊണ്ടും തെങ്ങോലകൊണ്ടുമുള്ള പായ, കൊട്ട തുടങ്ങിയവയുടെ നിർമ്മാണകേന്ദ്രം പയ്യാറോഡ് ഹരിജൻ കോളനിയിൽ സ്ഥാപിക്കുക. കോളനിയിൽ അംഗനവാടി സ്ഥാപിക്കുക.
22. പടിഞ്ഞാറേക്കാട് കോളനിയിൽ അംഗനവാടി സ്ഥാപിക്കുക, ഗ്രന്ഥശാല സ്ഥാപിക്കുക, കുഴൽകിണർ കുഴിക്കുക.
23. പഠനം മുടങ്ങിയ ഹരിജൻ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകാനുള്ള സ്ഥാപനം പഞ്ചായത്തടിസ്ഥാനത്തിൽ പാരലൽകോളേജ് മാതൃകയിൽ സ്ഥാപിക്കണം.

പരിഹാരങ്ങൾ

1. പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിൽ റോഡുകൾ നിർമ്മിക്കുക, കുടിവെള്ളം എത്തിക്കുക, വീടുകളും കക്കൂസുകളും നിർമ്മിക്കുക, വൈദ്യുതി എത്തിക്കുക. തുടങ്ങിയ സൗകര്യങ്ങൾ സമയബന്ധിതമായി ചെയ്യണം.
2. പോഷകാഹാരങ്ങൾ വിതരണം ചെയ്യുവാനുള്ള ഗവൺമെന്റ് കേന്ദ്രങ്ങൾ എല്ലാ കോളനികളിലും സ്ഥാപിക്കണം.
3. പട്ടികജാതി പട്ടികവിഭാഗങ്ങൾക്ക് തൊഴിൽ രംഗത്തും താമസസ്ഥലത്തും മറ്റ് ജനങ്ങൾക്കും ലഭിക്കുന്ന തരത്തിൽ ജീവിതസുരക്ഷിതത്വം ഉറപ്പ് വരുത്താൻ നിയമപാലകരുടെ പ്രത്യേക ഇടപെടലും ശ്രദ്ധയും ഉറപ്പ് വരുത്തുക.
4. പാരമ്പര്യ കുടിൽ വ്യവസായങ്ങൾ ഏർപ്പെടുത്തുക. മിച്ചഭൂമി വിതരണം ചെയ്യുക.
5. വിദ്യാഭ്യാസരംഗത്ത് പ്രോത്സാഹനം നൽകുക. സാമ്പത്തിക ആനുകൂല്യം വർദ്ധിപ്പിക്കുക. കോളനികളിൽ പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
6. ശാസ്ത്ര സാങ്കേതിക കാര്യങ്ങളിൽ ബോധവൽക്കരണം നടത്തുക. ശാസ്ത്രസാഹിത്യപരിഷത്ത് അനർട്ട് തുടങ്ങിയ ഏജൻസികളെ ഉപയോഗപ്പെടുത്തുക.
7. മതാനുഷ്ഠാനങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുക. സമ്മിശ്രജീവിതരീതി പ്രോത്സാഹിപ്പിക്കുക.
8. ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾ, വ്യാജരേഖ ചമച്ച് ഉദ്യോഗസ്ഥ തലങ്ങളിലും ചൂഷണം ചെയ്യപ്പെടുന്നത് തടയാൻ പഞ്ചായത്തിലൂടെ നേരിട്ട് സഹായധനങ്ങൾ വിതരണം ചെയ്യണം. പദ്ധതികൾ നടപ്പാക്കണം.
9. സ്വന്തമായി കൃഷിചെയ്യുവാനും തൊഴിൽ ചെയ്യുവാനും കച്ചവടം, ചെറുകിട വ്യവസായം എന്നിവ ആരംഭിക്കുന്നതിനും അഭ്യസ്തവിദ്യർക്ക് സ്വയംതൊഴിൽ നേടുന്നതിന് ഗവൺമെന്റ് തൽപരരായ എല്ലാവർക്കും പഞ്ചായത്തിലൂടെ സഹായധനം ആവശ്യാനുസ്സരണം ലഭ്യമാക്കണം.
10. നിലവിലുള്ള ആരോഗ്യ സബ്സെന്ററുകളിൽ മരുന്നുകൾ ലഭ്യമാക്കുക. കോളനികളിൽ ആഴ്ചയിൽ ഒരു ദിവസം പരിശോധന നടത്തി ചികിത്സകൾ നിശ്ചയിക്കുക. പട്ടികജാതിക്കാർക്ക് എല്ലാമേഖലകളിലും ചികിത്സ സൗജന്യമാക്കുക.



വിഭവ സമാഹരണം

പഞ്ചായത്ത് പ്രദേശത്ത് വിവിധ ജനവിഭാഗങ്ങൾ പരസ്പര സഹകരണത്തോടെയാണ് പൊതുആവശ്യങ്ങൾ നിർവ്വഹിച്ചിരുന്നത്. ഓരോവിഭാഗത്തിനും ഓരോ കുടുംബത്തിനും വരിസംഖ്യ നിശ്ചയിച്ച് ധനം സ്വരൂപിക്കുന്ന ഫണ്ട് സമ്പ്രദായം ഉണ്ടായിരുന്നു. വ്യക്തികളെ അടിയന്തിര കാര്യങ്ങളിൽ സഹായിക്കുന്നതിന് ബന്ധുമ എന്ന പേരിൽ ധനസഹായം നൽകിയിരുന്നു. കൃസ്ത്യാനികൾക്കിടയിൽ പ്രസന്റേഷൻ സ്വീകരിക്കുന്നതും പതിവായിരുന്നു. ധാന്യങ്ങൾ കടം കൊടുക്കുകയും ധാന്യമായിത്തന്നെ പലിശ സ്വീകരിക്കുന്ന സമ്പ്രദായവും ഉണ്ട്. ധാന്യം കൊടുക്കുന്നതിന്റെ ഇരട്ടി സ്വീകരിക്കുന്ന (മക്കപ്പാതി) സമ്പ്രദായവും നിലനിന്നിരുന്നു. ഒരുകൂട്ടം കുടുംബങ്ങൾ സഹകരണാടിസ്ഥാനത്തിൽ കൂട്ടായി നിക്ഷേപിക്കുകയും തമ്മിൽതമ്മിൽ വിതരണം നടത്തി പലിശ കൂട്ടായി പങ്കുവെക്കുന്ന രീതിയും നിലവിലുണ്ടായിരുന്നു. പണം പലിശക്ക് കൊടുക്കുന്ന തമിഴ്നാട്ടിൽനിന്നും വരുന്ന ആറാംമാസ കടക്കാർ നാട്ടിലെ ധനം ചൂഷണം ചെയ്തിരുന്നു. ആയത് ഇപ്പോഴും നിലവിലുണ്ട്. കാർഷിക വസ്തുക്കൾ പരസ്പരം കൈമാറുന്ന രീതിയും നിലനിന്നിരുന്നു. അമിത പലിശ ഈടാക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ധനം കടംകൊടുക്കുന്നതിനാൽ ക്രമേണ പരസ്പര സഹകരണം കുറഞ്ഞുവരുന്നു.

ആരാധനാലയങ്ങൾ, കുടിവെള്ളത്തിനുള്ള താൽക്കാലിക കിണറുകൾ, നടപ്പാതകൾ, മരപ്പാലങ്ങൾ തുടങ്ങി സമൂഹത്തിന് പൊതുവായ ആവശ്യങ്ങളെല്ലാം ജനങ്ങൾ പരസ്പര സഹകരണത്തിലൂടെയാണ് നിർമ്മിച്ചിരിക്കുന്നത്. സാമുദായിക കൂട്ടായ്മകൾ ഇപ്പോഴും ശക്തമായി തുടരുന്നു. ബാങ്കുകളുടെയും സ്വകാര്യപണമിട പാട് സ്ഥാപനങ്ങളുടെയും ആവിർഭാവവും സർക്കാർ സ്ഥാപനങ്ങൾ പലതും സർക്കാർ നിർമ്മിച്ചുനൽകി യതിനാലും ജനങ്ങളുടെ പങ്കാളിത്തം വികസന പ്രവർത്തന ങ്ങളിൽ ക്രമേണ കുറഞ്ഞുവന്നു. ക്രമേണ വികസന പ്രവർത്തനങ്ങളുടെ ചുമതല സർക്കാറിന്റെത് മാത്രമാണെന്ന ധാരണ ജനങ്ങളിൽ രൂഢമൂലമായി. എന്ത് വികസന പ്രവർത്തനം, എവിടെ, എങ്ങിനെ തുടങ്ങണം എന്ന് നിശ്ചയിച്ചിരുന്നത്. ഉദ്യോഗസ്ഥൻമാരായി തീർന്നതോടെ വികസനവും ജനങ്ങളുമായുള്ള ബന്ധം തീർത്തും ഇല്ലാതായി. ഇത് വികസന രംഗത്ത് മുരടിപ്പ് ഉണ്ടാക്കിത്തീർത്തു.

പ്രാദേശിക വികസനം ലക്ഷ്യമാക്കി രൂപീകരിച്ച പഞ്ചായത്തുകൾ അധികാരത്തിന്റെ പരിമിതിയിലും സാമ്പത്തിക പരിമിതിയിലും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിലും പെട്ട് ദുർബലമായി തുടർന്നുവന്നു. പഞ്ചായത്തിന്റെ ധനാഗമമാർഗ്ഗങ്ങളായ അടിസ്ഥാന ഭൂനികുതി, തൊഴിൽ നികുതി, കെട്ടിടനികുതി, ലൈസൻസ് ഫീസ് എന്നിവയിൽ നിന്നുള്ള വരുമാനം നാമമാത്രമായിരുന്നു. സ്വയംഭരണ സ്ഥാപനങ്ങൾ എന്നപേരിൽ മാത്രം നിലനിൽക്കുകയും ജില്ലാതലത്തിലും സർക്കാർ തലത്തിലും നിലനിന്നിരുന്ന അധികാരവും ധനവും ലഭിക്കുന്നതിന് മേൽഘടകങ്ങളുടെ ആശ്രിതരായി പഞ്ചായത്ത് ഭരണസമിതികൾ പരിമിതപ്പെട്ടു വരികയും ചെയ്തു. പഞ്ചായത്ത് തലത്തിൽ നടത്തിയിരുന്ന നികുതി പിരിവും ധനസമാഹരണവും നടത്തിയിരുന്നത്. സർക്കാറിന്റെ വിവിധ വകുപ്പുകളായിരുന്നു. അതിന്റെ തുച്ഛമായ ഒരു ഭാഗം മാത്രമാണ് പഞ്ചായത്തുകൾക്ക് നൽകി വന്നിരുന്നത്. പഞ്ചായത്ത്രാജ് നിയമം നടപ്പിൽ വന്നതോടെ കൃഷി, ആരോഗ്യം, സാമൂഹ്യവികസനം, മൃഗസംരക്ഷണം തുടങ്ങിയ വിഭാഗങ്ങളിലെ ഫണ്ടുകളും മുടങ്ങിക്കിടന്ന ഗ്രാന്റുകളും നൽകിതുടങ്ങിയതോടെ പഞ്ചായത്ത് ഭരണ സമിതികൾക്കും നാട്ടിൽ പൊതുവേയും ഒരുണർവ്വ് ഉണ്ടായിട്ടുണ്ട്. നിലവിലുള്ള സ്ഥിതിവിവരത്തിന്റെ പട്ടിക താഴെ ചേർക്കുന്നു.

വണ്ടാഴി ഗ്രാമ പഞ്ചായത്ത് 1996	
വരവ്	**രൂപ**
1. കെട്ടിടനികുതി	167623.60
2. ലൈബ്രറി സെസ്സ്	8148.40
3. തൊഴിൽനികുതി	86150.00
4. വിനോദ നികുതി	92122.00
5. അധിക വിനോദ നികുതി	55748.00
6. ബേസിക് ടാക്സ്	68559.00
7. സ്ട്രീറ്റ്ലൈറ്റ് ഗ്രാന്റ്	10000.00
8. ലൈസൻസ് ഫീസ്	5779.00
9. മൈനർ ഇറിഗേഷൻ ഗ്രാന്റ്	1417.00
10. സർചാർജ്ജ് ഡ്യൂട്ടി	100253.00
11. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്	65832.00
12. വില്ലേജ്റോഡ് സംരക്ഷണ ഗ്രാന്റ്	13902.00
ആകെ	**6,75,533.00**
ചിലവ്	**രൂപ**
1. സിറ്റിംഗ്ഫീ അലവൻസ് & ടി.എ	120000.00
2. ജീവനക്കാരുടെ ശമ്പളം	211512.00
3. വൈദ്യുതി	120000.00
4. യാത്രാചിലവ്	15000.00
5. ബുക്ക് & ഫോംസ്	15000.00
6. റെഫ്രഷ്മെന്റ്	6000.00
7. പത്രഗ്രാന്റ്	12000.00
8. മറ്റിനം	50000.00
ആകെ	**5,49,512.00**

പ്രശ്നങ്ങൾ

➸ സർക്കാർ ഗ്രാന്റിന്റെ ലഭ്യതക്കുറവ്.

➸ സഹകരണവാണിജ്യ ബാങ്കുകളുടെ സഹകരണം ഇല്ലായ്മ.

➸ വിദേശമലയാളികളുടെ ധനത്തിന്റെ ലഭ്യതക്കുറവ്.

➸ നികുതിഘടനയിലെ അശാസ്ത്രീയത.

പഞ്ചായത്തിന് ധനം സ്വരൂപിക്കാനുള്ള അധികാരക്കുറവ്.

➸ വ്യവസായ വാണിജ്യസ്ഥാപനങ്ങളുടെ കുറവ്.

➸ വിനോദ നികുതിവെട്ടിപ്പ്.

➸ നികുതിപിരിവ് മേഖലയിൽ മറ്റ് വകുപ്പുകളുടെ ഇടപെടൽ.

➸ മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്നും കടമെടുക്കാനുള്ള അധികാരം ഇല്ലായ്മ.

➸ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഡെപ്പോസിറ്റ് സ്വീകരിക്കാനുള്ള അധികാരം ഇല്ലായ്മ.

➸ ജനങ്ങളിൽനിന്നും വിഭവസമാഹരണം നടത്താനുള്ള പദ്ധതികളുടെ അഭാവം.

പരിഹാരം

➸ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും യഥാസമയം പഞ്ചായത്തിന് ലഭ്യമാക്കുക.

➸ പഞ്ചായത്ത് പദ്ധതികൾക്ക് സഹകരണ വാണിജ്യ ബാങ്കുകളുടെ വായ്പ ലഭ്യമാക്കുക.

➸ വിദേശമലയാളികളുടെ പണം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

➸ സ്ഥാപനങ്ങളുടെ വിറ്റുവരവ് അടിസ്ഥാനത്തിലും വ്യക്തികളുടെ തൊഴിൽ അടിസ്ഥാനത്തിലും നികുതി പിരിക്കുക. എല്ലാവിഭാഗം ജനങ്ങളേയും നികുതിയുടെ പരിധിയിൽ കൊണ്ടുവരുക.

➸ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വികസന പ്രവർത്തനങ്ങൾക്ക് പണം കടം വാങ്ങാനുള്ള അധികാരം പഞ്ചായത്തിന് നൽകുക.

➸ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ ധാരാളം തുടങ്ങാനുള്ള നടപടികൾ ആരംഭിക്കുക.

➸ വിനോദനികുതി വെട്ടിപ്പിനെതിരെ കോംപൗണ്ടിംഗ് നികുതി സമ്പ്രദായം ഏർപ്പെടുത്തുക.

➸ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാനികുതിയും പഞ്ചായത്ത് നേരിട്ട് പിരിക്കുക.

നിർദ്ദേശങ്ങൾ

➸ എല്ലാവിഭാഗം ജനങ്ങളേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരിക.

➸ കാർഷിക വിളകളുടെ സ്വഭാവമനുസരിച്ച് നികുതി നിർണ്ണയിക്കുക.

➸ വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ വിറ്റുവരവ് അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുക.

➸ വ്യാപാരവ്യവസായത്തിന്റെ സ്വഭാവമനുസരിച്ച് ലൈസൻസ് ഫീസ് ചുമത്തുക.

➸ കരിങ്കൽകാറി വ്യവസായം ചെങ്കല്ല് നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം തുടങ്ങിയ മേഖലയിൽ പ്രത്യേക നികുതി ചുമത്തുക.

➸ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കൂടുതൽ നിലകൾ പണിതാൽ പ്രത്യേകം നികുതി ഈടാക്കുക.

➸ പോത്തുവണ്ടി, സൈക്കിൾ എന്നിവയ്ക്ക് നികുതി ചുമത്തുക.

➸ സ്ഥിരമായി സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് നികുതി ചുമത്തുക.

➸ പഞ്ചായത്ത് പുറംപോക്കുകളിലും മറ്റും നിൽക്കുന്ന കാലപ്പഴക്കം ഉള്ള മരങ്ങൾ ലേലം ചെയ്യുക.

➸ വ്യക്തികളിൽനിന്നും ബോണ്ട് അടിസ്ഥാനത്തിൽ ധനം സ്വരൂപിക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകുക.

➸ വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഫീസ് ഈടാക്കുക.

➸ പഞ്ചായത്ത് അതിർത്തിയിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ചുമത്തുക.

➸ പ്രൈവറ്റ് ക്ലിനിക്കുകൾ, പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് റജിസ്ട്രേഷൻ ഫീസ് ചുമത്തുക.

➸ ഫാമുകൾ, നേഴ്സറികൾ എന്നിവയ്ക്ക് റജിസ്ട്രേഷൻ ഫീസ് ഈടാക്കുക.

➸ കേബിൾ ടി.വിക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക.



നമ്മുടെ നാടിന്റെ വന നിയമങ്ങൾ

കുഴക്കി: ചിന്തകളോട്, വികാരങ്ങളോട്, വ്യക്തമായ ധാരണ, തീരുമാനങ്ങളിൽ കൂടുതൽ കൃത്യത വരുത്തുന്നു.

സ്വഭാവരൂപീകരണം: വ്യക്തികളിൽ നിന്ന് നല്ല പെരുമാറ്റം ഉണ്ടാക്കിയെടുക്കുന്നു. ഒരു പ്രവർത്തിയുടെ പരിണിതഫലം മുൻകൂട്ടി കാണുവാൻ സഹായിക്കുന്നു.

വിദ്യാഭ്യാസം: ഓൺലൈൻ ക്ലാസുകളിൽ കൂടി വിദ്യാർത്ഥികളെ ഒരേ കാര്യത്തിൽ ഒരേ സമയത്തു തന്നെ ശ്രദ്ധിക്കുന്നു. ഒരുപാട് ഫോട്ടോസ്, വീഡിയോസ് എന്നിവ ഉപയോഗിച്ച് ക്ലാസുകൾ കൂടുതൽ ആകർഷകമാക്കുന്നു.

തൊഴിലവസരം: ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിനായി ഒരു പുതിയ തൊഴിൽ മേഖല തന്നെ ഉണ്ടായിരിക്കുന്നു. ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിനായി ഒരു പുതിയ തൊഴിൽ മേഖല തന്നെ ഉണ്ടായിരിക്കുന്നു.

ഗതാഗതം: കണ്ടെയ്നർ വാഹനങ്ങൾ കൊണ്ടുപോകുന്നു. സൈക്കിൾ പോകുന്നു, ബസ് വാഹനങ്ങൾ കൊണ്ടുപോകുന്നു, കിഴക്കേക്കോട്ട പോകുന്നു, കണ്ടെയ്നർ പോകുന്നു, പുതിയ കാവ് പോകുന്നു, ചിന്നാവ് പോകുന്നു, കൊല്ലം പോകുന്നു, തിരുവനന്തപുരം പോകുന്നു, കൊല്ലത്തുനിന്ന് കൊടുവിളയിലേക്ക് പോകുന്നു എന്നിവ വേർതിരിച്ചറിയുവാൻ സഹായിക്കുന്നു. കണ്ടെയ്നർ കൊണ്ടുപോകുന്നു. ഓൺലൈൻ ക്ലാസുകൾ പോകുന്നു വെവ്വേറെ ചെയ്യുന്നു.

ദേവനന്ദ നിർത്തണം : വിക്ടോറിയൻ, ബെൽജിയൻ, ആധുനിക
ഇവരെല്ലാം സംഭാവനചെയ്തതിനു ശേഷമുള്ള
പുതിയ ചരിത്രം എഴുതിച്ചേർക്കുന്നതിനെ.
ഇതു വരെയുള്ള കാര്യങ്ങൾ ചുരുക്കിപ്പറയാം
പ്രധാനപ്പെട്ട നൽകുക.

ജനന മരണ രജിസ്ട്രേഷൻ

സ്ക്കൂൾ പ്രവേശനത്തിന്
ഉദ്യോഗത്തിന്
വസ്തുക്കളിൽ അവകാശം
സ്ഥാപിക്കുന്നതിന്
പൗരത്വം സ്ഥാപിക്കുന്നതിന്
പാസ്പോർട്ടിന്
വോട്ടവകാശം സ്ഥാപിക്കുന്നതിന്
റേഷൻകാർഡിൽ പേര്
ചേർക്കുന്നതിന്
വയസ്സ് തെളിയിക്കുന്ന കൃത്യമായ
രേഖ വേണം-
ജനനം രജിസ്റ്റർ ചെയ്തുവെന്ന്
ഉറപ്പ് വരുത്തുക.

അവകാശികൾക്ക് സ്വത്തവകാശം
സ്ഥാപിക്കുന്നതിന്
ഇൻഷൂറൻസ് തുക
ലഭിക്കുന്നതിന്
മരണാനന്തരം ആനുകൂല്യങ്ങൾ
വാങ്ങുന്നതിന്
മരണം തെളിയിക്കുന്ന
കൃത്യമായ രേഖ വേണം-
മരണം യഥാസമയം
രജിസ്റ്റർചെയ്തുവെന്ന്
ഉറപ്പു വരുത്തുക.

ജനനവും മരണവും 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക. ഇത് നിർബന്ധമാണ്.

-വണ്ടാഴി ഗ്രാമപഞ്ചായത്ത്

Layout & Printing : Anugraha Offset, Alathur.